## പാഠം – 1
## പള്ളിക്കൂടത്തിലേക്ക്

**1. സമാനപദം എഴുതാം.**

കൗതുകം – ആഗ്രഹം, താല്പര്യം, കുമ്പ – വയറ്,
മയ്യ് – മഷി, കന്ന് – പശുക്കുട്ടി, പൈക്കൾ – പശുക്കൾ

**2. പര്യായ നിഘണ്ടുവിൽനിന്ന് സമാനപദങ്ങൾ കണ്ടെത്തി എഴുതാം.**

വണ്ട് – മധുകരം, മധുപൻ, ഭൃംഗം
വയൽ – കേദാരം, ക്ഷേത്രം, വപ്രം
ആട് – അജം, തുഭം, ശുഭം

**3. ഒന്നിലധികം പദങ്ങൾ ചേർന്നുള്ള ഒറ്റപ്പദങ്ങൾ (സംയുക്തപദങ്ങൾ) കണ്ടെത്തി പിരിച്ചെഴുതാം.**

ഉണ്ണിക്കേഴു = ഉണ്ണിക്ക് + ഏഴു
പള്ളിക്കൂടത്തിൽപ്പോയിപ്പഠിക്കാനുള്ളിൽ =
പള്ളിക്കൂടത്തിൽ + പോയി + പഠിക്കാൻ + ഉള്ളിൽ
കൗതുകമേറിക്കഴിഞ്ഞു = കൗതുകം + ഏറി + കഴിഞ്ഞു.
വെള്ളപ്പൊൽത്തിരയിത്തിരിക്കുമ്പമേൽ = വെള്ളപ്പൊൽത്തിര + ഇത്തിരി + കുമ്പമേൽ
പുള്ളിലക്കരമുണ്ടുടുപ്പിച്ചു = പുള്ളിലക്കരമുണ്ട് + ഉടുപ്പിച്ചു.
വെള്ളിപ്പൂങ്കവിൾ = വെള്ളിപ്പൂ + കവിൾ
കൈയിൽപ്പൊൻപിടിക്കൊച്ചെഴുത്താണിയും =
കൈയിൽ + പൊൻപിടി + കൊച്ചെഴുത്താണിയും.
മയ്യിട്ടേറെ = മയ്യിട്ട് + ഏറെ
മിനുക്കിയൊരോല = മിനുക്കിയ + ഒരു + ഓല
മൂലയിലെടവഴി = മൂലയിലെ + എടവഴി
മോളിലേക്കുണ്ണി = മോളിലേക്ക് + ഉണ്ണി
നോക്കിച്ചിരിക്കുന്ന = നോക്കി + ചിരിക്കുന്ന
ചോടെത്തി = ചോട് + എത്തി
കേറിയൊരാട്ടിൻപറ്റം = കേറിയ + ഒരു + ആട്ടിൻ + പറ്റം
തുള്ളിക്കളിക്കുന്ന = തുള്ളി + കളിക്കുന്ന

**4. 'പൊൻ' ചേർത്ത് എത്ര പദമെഴുതാം ?**

പൊൻകൈത, പൊൻക്കരണ്ടി, പൊൻകാരം.

**6. കവിതയ്ക്ക് അനുയോജ്യമായ മറ്റൊരു പേര് നൽകാമോ ?**

വിദ്യാലയത്തിലേക്ക്

**7. ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തി എഴുതാം.**

"ചെത്തിപ്പൂവുകൾ പച്ചപ്പടർപ്പിൽ നി-
ന്നെത്തി നോക്കിച്ചിരിക്കുന്ന കണ്ടു."

**8. ഈ വരികൾ ഇഷ്ടപ്പെടാനുണ്ടായ കാരണമെന്തെന്ന് ഖണ്ഡികയാക്കി എഴുതൂ.**

പച്ചനിറത്തിലുള്ള ഇലകൾക്കിടയിൽ കുലകളായി ചുവന്ന നിറത്തിൽ വിടർന്നു നിൽക്കുന്ന ചെത്തിപ്പൂക്കൾ എല്ലാവരുടേയും ശ്രദ്ധയെ ആകർഷിക്കുന്നതാണ്. ആ പൂങ്കുലകൾ പരിചയഭാവത്തിൽ മന്ദഹസിക്കുന്നതായി ആ സൗന്ദര്യത്തെ ആസ്വദിക്കുന്ന ആർക്കും തോന്നിപ്പോകും. കവിതയിലെ ഈ രണ്ടു വരികൾകൊണ്ട് കവി പ്രകൃതിയുടെ സൗന്ദര്യം അതേപടി വായനക്കാരിലേക്ക് പകർന്നു കൊടുക്കുന്നു. ഈ കാരണങ്ങളാൽ ഞാൻ ഈ വരികൾ ഇഷ്ടപ്പെടുന്നു.

**9. വരികൾ കണ്ടെത്താം എഴുതാം.**

1. പള്ളിക്കൂടത്തിൽ പ്പോയിപ്പഠിക്കാ-
   നുള്ളിൽ കൗതുകമേറിക്കഴിഞ്ഞു.
2. പുള്ളിയിലക്കരമുണ്ടുടുപ്പിച്ചു.
3. കന്നും പൈക്കളും മേയുന്ന കണ്ടു.
4. മൊട്ടപ്പാറയിൽ കേറിയൊരാട്ടിൻ-
   പറ്റം തുള്ളിക്കളിക്കുന്ന കണ്ടു.
5. വെള്ളിപ്പൂങ്കവിൾ മെല്ലെത്തുടച്ചിട്ടു.

**10. ഓർമിച്ചെഴുതാം**

ആദ്യമായി വിദ്യാലയത്തിൽ എത്തിയ ദിവസം എനിക്ക് മറക്കാൻ കഴിയില്ല. എന്നെ ക്ലാസ്സിൽ ഇരുത്തിയിട്ട് അമ്മ വീട്ടിലേക്ക് പോയപ്പോൾ സങ്കടം വന്നു. പരിചയമുള്ള ആരേയും എങ്ങും കണ്ടില്ല. മണിയൊച്ചയ്ക്ക്ശേഷം ടീച്ചർ ക്ലാസ്സിൽ വന്നു. എല്ലാവരുടെയും പേരു വിളിച്ചു. എന്റെ ഇരുവശവും ദേവുവും ജോസഫുമാണ്. ടീച്ചർ കഥകൾ പറഞ്ഞു തരികയും കവിതകൾ പാടുകയും ഞങ്ങളെ കളിപ്പിക്കുകയും ചെയ്തപ്പോൾ എന്റെ സങ്കടമെല്ലാം മാറി. അങ്ങനെ ഞങ്ങൾ ചങ്ങാതിമാരായി തീർന്നു. പിന്നീടുള്ള ഓരോദിവസവും സ്കൂളിലെത്താൻ എനിക്ക് ധൃതിയായി.

**11. ചിത്രം വരയ്ക്കാം.**

കുന്നിൽമുകളിൽ പശുക്കുട്ടികളും പശുക്കളും മേയുന്ന ചിത്രം.

**12. ഉണ്ണി അങ്ങനെ കാഴ്ചകൾ കണ്ട് പള്ളിക്കൂടത്തിലേക്ക് പോകുകയാണ്. മറ്റെന്തൊക്കെ അവൻ കണ്ടിട്ടുണ്ടാകും. നിങ്ങളുടെ വരികളും കൂട്ടിച്ചേർത്ത് കവിത പൂർണമാക്കൂ.**

വെയിലേറ്റു വാടിയ പിച്ചകപ്പൂവുകൾ
മണ്ണിൽ വീണു കിടക്കുന്ന കണ്ടു
മൂവാണ്ടൻമാവിലെ മാമ്പഴക്കൂട്ടത്തി-
ലൊരണ്ണാറക്കണ്ണൻ മധുരം നുണയുന്ന കണ്ടു.

**13. വാക്യങ്ങൾ ക്രമീകരിച്ചാൽ കവിത ഗദ്യരൂപത്തിലാക്കാം.**

**കവിത ശ്രദ്ധയോടെ വായിച്ച് വാക്യങ്ങൾ ക്രമീകരിക്കൂ.**

ഉണ്ണിക്ക് ഏഴു വയസ്സ് പൂർത്തിയായി. കാണാനും കേൾക്കാനുമുള്ള ശേഷി കണ്ണിനും കാതിനും ഉണ്ടായി. ഉണ്ണിയുടെ മനസ്സിൽ വിദ്യാലയത്തിൽ പോയി പഠിക്കാനുള്ള ആഗ്രഹം തോന്നിത്തുടങ്ങി. വെളുത്ത കൊച്ചുവയറിന്റെ മുകളിൽ വെച്ച് പുള്ളിലക്കരയുള്ള മുണ്ട് ഉടുപ്പിച്ചു. വള്ളികൾ കൊണ്ട് തലമുടി കെട്ടിവച്ചു. വെള്ളിപ്പൂപോലെയുള്ള കവിൾ തുടച്ചു. സ്വർണപ്പിടിയുള്ള എഴുത്താണിയും കൈയിലുണ്ട്. മഷിയിട്ട് മിനുസപ്പെടുത്തിയ എഴുത്തോലയുമായി പതുക്കെ നടന്നു പോകുകയാണ് ഉണ്ണി. പാടത്തിന്റെ മൂലയിലെ ഇടവഴിയും കയറി പന്തൽപോലെ പടർന്നു നിൽക്കുന്ന അരയാലും കടന്ന് പോകുന്ന ഓമനപ്പുത്രനെ കണ്ണിൽനിന്നു മറയുന്നതുവരെ പുരയിൽനിന്നു നോക്കുകയാണ് നങ്ങേലി. ഉണ്ണി കുന്നിൻ മുകളിൽ പശുക്കുട്ടികളും പശുക്കളും പുല്ല് തിന്നുന്നതു കണ്ടു. പച്ചിലകൾക്കിടയിൽനിന്നു ചെത്തിപ്പൂങ്കുലകൾ എത്തിനോക്കി ചിരിക്കുന്നതുപോലെ ഉണ്ണിക്ക് തോന്നി. പുല്ലില്ലാത്ത പാറയിൽ ഒരാട്ടിൻകൂട്ടം തുള്ളിക്കളിക്കുന്നതുകണ്ടു. പൂത്തു നിൽക്കുന്ന ചുവന്ന മന്ദാരത്തിലും പുന്ന മരത്തിലും വണ്ടുകൾ പറന്നു കളിക്കുന്നത് ഉണ്ണി കണ്ടു.

**14. ഉണ്ണി പള്ളിക്കൂടത്തിലേക്ക് പോയപ്പോൾ നങ്ങേലി വീട്ടിൽ തനിച്ചായി. എന്തൊക്കെ ജോലികളിലായിരിക്കും അവർ ഏർപ്പെട്ടിരിക്കുക. ഖണ്ഡികയാക്കി എഴുതൂ.**

ഉണ്ണി സുരക്ഷിതമായി പള്ളിക്കൂടത്തിൽ എത്തിച്ചേരണമെന്ന് അമ്മ പ്രാർത്ഥിച്ചു. പിന്നെ ഉണ്ണിയുടെ കളിപ്പാട്ടങ്ങളെല്ലാം അടുക്കിയൊതുക്കി വെച്ചു. അവനു വരച്ചു പഠിക്കാനുള്ള പുസ്തകങ്ങൾ എടുത്തുവെച്ചു. ഉണ്ണിക്ക് ഇഷ്ടപ്പെട്ട കറികൾ ഉണ്ടാക്കി ഊണ് തയ്യാറാക്കി. അവൻ പള്ളിക്കൂടത്തിൽനിന്നു മടങ്ങിവരുന്നതും നോക്കി അവർ കാത്തിരുന്നു.

**15.1. അമ്മയുടെ പുത്രസ്നേഹം പ്രകടമാക്കുന്ന വരികൾ കണ്ടെത്തി എഴുതൂ.**

തങ്കക്കുടത്തിനെ വയലിന്റെ മൂലയി
ലെടവഴി കേറുമ്പോൾ പടർപന്തൽ പോലുള്ളൊ
രരയാലിൻചോടെത്തി മറയും വരെപ്പടി
പ്പുരയീന്നു നോക്കുന്നു നങ്ങേലി.

2. **മരങ്ങളെപ്പറ്റി പരാമർശിക്കുന്ന വരികളേത് ?**

ഉങ്ങും പുന്നയും പൂത്തതിൻ വണ്ടുക-
ളെങ്ങും പാറിക്കളിക്കുന്ന കണ്ടു.

3. **സ്കൂളിലേക്കു പോകുന്ന ഉണ്ണിയെ വർണ്ണിക്കുന്ന വരികൾ ഏതെല്ലാം ?**

വെള്ളപ്പൊൽത്തിരയിത്തിരിക്കുമ്പമേൽ
പുള്ളിലക്കരമുണ്ടുടുപ്പിച്ചു
വള്ളികൾ കൂട്ടിക്കുടുമയും കെട്ടിച്ചു
വെള്ളിപ്പൂങ്കവിൾ മെല്ലെത്തുടച്ചിട്ടു
കൈയിൽപ്പൊൻപിടിക്കൊച്ചെഴുത്താണിയും
മയ്യിട്ടേറെ മിനുക്കിയൊരോലയു-
മങ്ങിനെയങ്ങിനെ നീങ്ങിപ്പോമൊരു
തങ്കക്കുടത്തിനെ വയലിന്റെ മൂലയി-
ലെടവഴി കേറുമ്പോൾ പടർപന്തൽ പോലുള്ളൊ
രരയാലിൻ ചോടെത്തി മറയും വരെപ്പടി-
പ്പുരയീന്നു നോക്കുന്നു നങ്ങേലി.

4. **കുന്നിൻ മുകളിലേക്ക് കയറിയ ഉണ്ണി കണ്ട കാഴ്ചകൾ എന്തെല്ലാം ?**

കന്നും പൈക്കളും മേയുന്ന കണ്ടു.
ചെത്തിപ്പൂവുകൾ പച്ചപ്പടർപ്പിൻ നി-
ന്നെത്തി നോക്കിച്ചിരിക്കുന്ന കണ്ടു.
മൊട്ടപ്പാറയിൽ കേറിയൊരാട്ടിൻ പറ്റം
തുള്ളിക്കളിക്കുന്ന കണ്ടു.
ഉങ്ങും പുന്നയും പൂത്തതിൻ വണ്ടുക-
ളെങ്ങും പാറിക്കളിക്കുന്ന കണ്ടു.

**16. സ്കൂളിലേക്ക് അയക്കുന്നതിനുമുമ്പ് അമ്മ ഉണ്ണിയോട് എന്തൊക്കെയായിരിക്കും പറഞ്ഞു കൊടുത്തത്. അമ്മയും ഉണ്ണിയും തമ്മിലുള്ള സംഭാഷണം എഴുതാം.**

അമ്മ : ടീച്ചർ പറയുന്നതെല്ലാം അനുസരിക്കണം.
ഉണ്ണി : ടീച്ചർ പറഞ്ഞുതരുന്നതെല്ലാം ഞാൻ പഠിക്കും.
അമ്മ : ക്ലാസ്സ് കഴിഞ്ഞാൽ കൂട്ടുകാരുമൊത്ത് കളിച്ചു നിൽക്കാതെ വേഗം എത്തണം.
ഉണ്ണി : അമ്മയെ വിഷമിപ്പിക്കാതെ ഞാൻ വേഗം എത്തും.

## പാഠം – 2

## പെരുന്തച്ചന്റെ പ്രതികാരം

1. **സമാനപദമെഴുതാം.**

ആശാരി – തച്ചൻ, ധരിക്കുക – മനസ്സിലാക്കുക,
കൂട്ട് – കഴുക്കോലും മോന്തായവും ചേർന്ന വീടിന്റെ മേൽക്കൂര,
ചിന്താക്കുഴപ്പം – എന്തു ചെയ്യണമെന്നറിയാത്ത അവസ്ഥ,
പഠിച്ചപണി പതിനെട്ടും – പഠിച്ചതെല്ലാം. സാമർത്ഥ്യം – മിടുക്ക്,
ശ്രീകോവിൽ – ക്ഷേത്രത്തിലെ പ്രധാന സ്ഥലം

2. **വിപരീത പദങ്ങൾ കണ്ടെത്താം.**
ബഹുമാനിക്കുകXഅപമാനിക്കുക, സന്തോഷം X സങ്കടം
3. **സംയുക്തപദങ്ങൾ കണ്ടെത്തി വികസിപ്പിച്ചെഴുതാം.**
നിന്നെടുത്ത = നിന്ന് + എടുത്ത
രസകരമായൊരു = രസകരമായ + ഒരു
ഒന്നുമറിയാത്ത = ഒന്നും + അറിയാത്ത
പണിയെല്ലാം = പണി+ എല്ലാം. ഒരടി = ഒരു + അടി
കുഴപ്പമറിയാതെ = കുഴപ്പം + അറിയാതെ
കടുന്തുടികളുണ്ടാക്കി = കടുന്തുടികൾ + ഉണ്ടാക്കി
4. **വേർതിരിച്ചെഴുതാം..**
കണക്കനാശാരി = കണക്കാനായ ആശാരി
ശ്രീകോവിൽ = ശ്രീയുടെ കോവിൽ
5. **വാക്യങ്ങൾ നിർമിക്കാം.**
അധ്യാപകൻ പഠിച്ചപണി പതിനെട്ടും നോക്കിയിട്ടും രാമുവിന്റെ ചീത്തശീലങ്ങൾ മാറ്റാൻ കഴിഞ്ഞില്ല.
6. **കഥയ്ക്കനുയോജ്യമായ മറ്റൊരു പേര് നൽകാമോ ? അതിന്റെ കാരണവും എഴുതൂ.**
'അഹങ്കാരത്തിന്റെ ആൾ രൂപം': തന്നെ ബഹുമാനിക്കണമെന്ന് ആഗ്രഹിക്കുന്നവർ മറ്റുള്ളവരോടും അതുപോലെ പെരുമാറണം. പെരുന്തച്ചൻ വിദഗ്ധനായ ആശാരിയായിരിക്കാം. തന്റെ കഴിവിൽ വിശ്വാസവും ഉണ്ടായിരിക്കാം. പക്ഷെ, സ്വന്തം കഴിവിൽ അഹങ്കരിക്കാൻ പാടില്ല. ഞാൻ എന്ന ഭാവം ആർക്കും യോജിച്ചതല്ല. അതു കൊണ്ടാണ് ഈ കഥയ്ക്ക് 'അഹങ്കാരത്തിന്റെ ആൾ രൂപം' എന്ന് പേരിട്ടത്.
7. **നിങ്ങളുടെ വീട്ടിലുള്ള മരം കൊണ്ടുണ്ടാക്കിയ ഉപകരണങ്ങൾ പരിശോധിക്കൂ. ഓരോ ഉപകരണത്തെപ്പറ്റിയും ഓരോ ഖണ്ഡിക എഴുതൂ.**
കട്ടിൽ, മേശ, കസേര, അലമാര, ബഞ്ച്, ഡസ്ക്.
കട്ടിൽ: മരം കൊണ്ട് നിർമിച്ച കട്ടിൽ കുടിൽ മുതൽ കൊട്ടാരത്തിൽ വരെ നമുക്കു കാണാൻ കഴിയും. ഓരോരുത്തരുടേയും ധനശേഷിക്കു പറ്റുന്ന വിധത്തിലുള്ള കട്ടിലുകൾ നമുക്ക് വാങ്ങാൻ കഴിയും. തേക്ക്, ഈട്ടി, പൂവരശ് തുടങ്ങിയ മരങ്ങളുടെ തടി ഉപയോഗിച്ച് ഇവ പണിയാറുണ്ട്. ഒരാൾക്കുള്ളതും രണ്ടുപേർക്കുള്ളതുമായ കട്ടിലുകളാണ് നിലവിലുള്ളത്.
മേശ: ഭക്ഷണം കഴിക്കാനും എഴുതാനും വായിക്കാനും മേശ അത്യാവശ്യമാണ്. വിവധയിനം മരത്തടികൾക്കൊണ്ടാണ് മേശ നിർമിക്കുന്നത്. മേശയില്ലാത്ത വീടുകൾ ചുരുക്കമാണ്. മേശയുടെ അകവും പുറവും ഉപയോഗപ്രദമാണ്. മേശവലിപ്പിനുള്ളിൽ സാധനങ്ങൾ സൂക്ഷിക്കാൻ കഴിയും.
കസേര: മറ്റൊരു തടി ഉല്പന്നമാണ് കസേര. ഇത് എല്ലാവീടുകളിലുമുണ്ട്. പല മാതൃകയിലുള്ള മരക്കസേരകൾ നിലവിലുണ്ട്. ഒരാൾക്കുമാത്രം ഇരിക്കാൻ കഴിയുന്ന ഇരിപ്പിടങ്ങളാണ് കസേരകൾ.
അലമാര: പണച്ചെലവുള്ള മറ്റൊരു തടി ഉല്പന്നമാണ് അലമാര. വളരെയധികം സാധനങ്ങൾ സൂക്ഷിക്കാൻ കഴിയുന്നവയാണ് അലമാരകൾ. വിവിധയിനം തടികൾ കൊണ്ടാണ് ഇവ നിർമിക്കുന്നത്. ഇത് പണിയുന്നതിന് വൈദഗ്ധ്യമുള്ള പണിക്കാർ ആവശ്യമാണ്. ആഴ്ചകളോ മാസങ്ങളോ ഇവയുടെ നിർമാണത്തിന് വേണ്ടിവരുന്നു.
ബഞ്ച് : നമുക്കെല്ലാം സുപരിചിതമായ തടി ഉല്പന്നമാണ് ബഞ്ച്. വിദ്യാലയങ്ങളിലും പൊതു സ്ഥാപങ്ങളിലുമാണ് ഇത് സാധാരണയായി കണ്ടുവരുന്നത്. ഒന്നിലധികം പേർക്ക് ഒരുമിച്ച് ഇരിക്കാമെന്നുള്ളതാണ് ബെഞ്ചിന്റെ മെച്ചം. ചെലവുകുറഞ്ഞ ഉപകരണമാണിത്.
ഡസ്ക് : ഡസ്ക്കും നമുക്കെല്ലാം സുപരിചിതമാണ്. വിലകുറഞ്ഞ തടികളാണ് ഇവയുടെ നിർമാണത്തിന് ഉപയോഗിക്കുന്നത്. വിദ്യാലയങ്ങളിലും പൊതു സ്ഥാപനങ്ങളിലുമാണ് ഡസ്ക് സാധാരാണയായി ഉപയോഗിക്കുന്നത്. വിദ്യാലയങ്ങളിൽ ഉപയോഗിക്കുന്നവയ്ക്ക് ചരിവുതലമാണുള്ളത്. ഈ ചരിവ് എഴുതാൻ എളുപ്പത്തിന് വേണ്ടിയാണ്.
8. **അഭിമുഖത്തിന് തയ്യാറെടുക്കാം.**
    1. വീട് പണിക്ക് ഏതിനം തടികളാണ് ഉപയോഗിക്കുന്നത്?
    2. വീടിന്റെ വിവിധ ഭാഗങ്ങൾക്കുവേണ്ടിയുള്ള പണികൾ ചെയ്യേണ്ടത് ഒരേ ഇനം തടികൾ ഉപയോഗിച്ചാണൊ?
    3. തടിപ്പണികൾക്ക് ആവശ്യമായ ഉപകരണങ്ങൾ ഏതൊക്കെയാണ്?
    4. ഓരോ ഉപകരണത്തിന്റെയും ഉപയോഗം വ്യക്തമാക്കാമൊ?
    5. ഒരു വീടിനാവശ്യമായ മരപ്പണികൾ തുടങ്ങുന്നതിനു മുമ്പ് അതിന്റെ ചെലവുകണക്കാക്കുന്നത് എങ്ങനെയാണ്?
    6. തെരഞ്ഞെടുക്കുന്ന മരം ഗുണനിലവാരത്തിലുള്ളതാണെന്ന് എങ്ങനെ മനസ്സിലാക്കാം?
    7. മരം മുറിക്കുന്നതു മുതൽ ഉപകരണമായി തീരുന്നതുവരെയുള്ള ഘട്ടങ്ങൾ വിശദീകരിക്കാമൊ?
    8. ഒരു വീടുപണിക്കു ആവശ്യമായി വരുന്ന തടിയുടെ അളവ്

തീരുമാനിക്കുന്നത് എങ്ങനെയാണ്?

9. സമയവും പണവും ലാഭിക്കുന്നതിനു പറ്റുന്ന ഉപകരണങ്ങൾ ഈ തൊഴിൽ മേഖലയിൽ ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അവ ഏതെല്ലാം?

10. മരം കൊണ്ടുള്ള മേൽക്കൂരയ്ക്കുള്ള നേട്ടങ്ങളും കോട്ടങ്ങളും എന്തെല്ലാമാണ്?

**9. പെരു-വലിയ എന്നാണ് അർത്ഥം. എന്നാൽ പെരു എന്നു ചേർത്ത് പദങ്ങളെഴുതൂ. മാതൃക: പെരുന്തച്ചൻ.**

പെരുമഴ, പെരുമ്പാമ്പ്, പെരുമ്പറ, പെരുച്ചാഴി, പെരുവിരൽ, പെരുവഴി.

**10.'കൂടം പിടിക്കുന്നതും കണ്ടു മറ്റു ചിലതു പഠിക്കുകയും ചെയ്തു' എന്ന് പെരുന്തച്ചന്റെ മകൻ പറഞ്ഞത് എന്തുകൊണ്ട് ?**

കഴുക്കോലിന്റെ അറ്റത്തൊക്കെ ഓരോ വരകൂടി വരച്ചിട്ട് ആശാരിമാരെ തെറ്റിദ്ധരിപ്പിച്ച പെരുന്തച്ചന്റെ അഹങ്കാരം മനസ്സിലാക്കിയതുകൊണ്ടാണ് മകൻ ഇപ്രകാരം പറഞ്ഞത്.

**11. സംഭാഷണമെഴുതാം.**

ആശാരിമാരിൽ ഒന്നാമൻ : അതാ ആരോ മുകളിൽ കയറി പണിയെടുക്കുന്നു.

രണ്ടാമൻ : അത് പെരുന്തച്ചനാണല്ലൊ.

മൂന്നാമൻ : ആരാടൊ തന്നോട് പണിചെയ്യാൻ പറഞ്ഞത്?

രണ്ടാമൻ : ഇറങ്ങി വാടൊ താഴെ.

പെരുന്തച്ചൻ : കൂടം പിടിപ്പിക്കാതെ ഇറങ്ങിവന്നാൽ മക്കൾ വെള്ളം കുടിക്കും.

ആശാരിമാർ : കൂടം പിടിപ്പിക്കാനാണ് മുകളിൽ കയറിയതെന്ന് ഞങ്ങൾ അറിഞ്ഞില്ല, മാപ്പാക്കണം.

**12. കത്തെഴുതാം.**

സ്ഥലം,
തിയതി,

പ്രിയപ്പെട്ട കണക്കനാശാരി,

താങ്കൾ പണിയെടുക്കുന്ന ക്ഷേത്രത്തിൽ നടന്ന ഒരു സംഭവം ശ്രദ്ധയിൽപ്പെടുത്താനാണ് ഈ കത്തെഴുതുന്നത്. താങ്കൾ പണിക്കുവേണ്ടി സൂക്ഷിച്ച കഴുക്കോലിന്റെ അറ്റത്തൊക്കെ പരിചയമില്ലാത്ത ഒരാൾ വന്നു പെൻസിൽ കൊണ്ട് വരച്ചിടുന്നത് കണ്ടു. അപ്പോൾ അവിടെ ആരുമുണ്ടായിരുന്നില്ല. അയാളുടെ നോട്ടവും പെരുമാറ്റവുംകണ്ടപ്പോൾ സംശയമുണ്ടായതുകൊണ്ടാണ് ഈ കത്തെഴുതുന്നത്.

വിശ്വസ്തതയോടെ
ഗോപി,
നെടുന്തറ വീട്, പുന്നയ്ക്കൽ,
എളമക്കര. പി.ഒ, എറണാകുളം.

**13. ഈ കഥയിലെ കഥാപാത്രങ്ങൾ ആരെല്ലാം ? ആരാണ് മുഖ്യകഥാപാത്രം ? ആരെയാണ് നിങ്ങൾക്ക് കൂടുതൽ ഇഷ്ടമായത് ? ഇഷ്ടപ്പെടാനുള്ള കാരണവും എഴുതൂ.**

ആശാരിമാർ, പെരുന്തച്ചൻ, പെരുന്തച്ചന്റെ മകൻ.

പെരുന്തച്ചനാണ് മുഖ്യകഥാപാത്രം.പെരുന്തച്ചന്റെ മകനെയാണ് കൂടുതൽ ഇഷ്ടമായത്. അച്ഛന്റെ അഹങ്കാരം നിറഞ്ഞ പ്രവർത്തിയിൽ മകന് ദേഷ്യമുണ്ടായിരുന്നതായി കഥയിൽനിന്ന് മനസ്സിലാക്കാം. നന്മയുടെ പ്രതീകമാണ് പെരുന്തച്ചന്റെ മകൻ. അതുകൊണ്ടാണ് ആ കഥാ പാത്രത്തെ കൂടുതൽ ഇഷ്ടമായത്.

**14. പെരുന്തച്ചൻ ചെയ്ത പ്രവൃത്തിയെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ് ? അഭിപ്രായമെന്തായാലും അതിനുള്ള കാരണവും എഴുതുമല്ലൊ ?**

പെരുന്തച്ചൻ ഒരിക്കലും ചെയ്യരുതാത്ത കാര്യമാണ് ചെയ്തത്. തൊഴിലെടുത്ത് ജീവിക്കുന്നവരോട് കാണിച്ച വഞ്ചനയായിരുന്നു അത്. അതും സ്വന്തം അഹങ്കാരത്തിന്റെ പേരിൽ. അഹങ്കാരത്തിന്റെ പേരിൽ മറ്റുള്ളവരെ ഉപദ്രവിക്കുന്നത് ശരിയല്ല.

**15. വാർത്ത തയ്യാറാക്കാം.**

ക്ഷേത്രനിർമാണം നിർത്തിവെച്ചു :

ആലുവ : അതിവേഗത്തിൽ പുരോഗമിച്ചുകൊണ്ടിരുന്ന ഈ പ്രദേശത്തെ ക്ഷേത്രത്തിന്റെ പണി ആശാരിമാർക്ക് കണക്ക് തെറ്റിയതിനെ തുടർന്ന് പണി നിർത്തിവെച്ചു. ശ്രീക്കോവിലിന്റെ കൂടത്തിന്റെ കഴുക്കോൽ അളവാണ് ആശാരിമാർക്ക് തെറ്റിയത്.

## പാഠം – 3
## ഭാഷ ഒരു വരം

**1. സമാനപദമെഴുതാം.**

| | | |
|---|---|---|
| ആശയം | - | വിചാരം |
| ആവിർഭാവം | - | പ്രത്യക്ഷപ്പെടൽ |
| മസ്തിഷ്ക്കം | - | തലച്ചോറ് |
| ഇന്ദ്രിയം | - | അവയവം |
| കളമൊരുക്കുക | - | തയ്യാറാക്കുക |
| തലമുറ | - | മനുഷ്യപരമ്പര |
| വിളംബരം | - | പ്രഖ്യാപനം |
| മനുഷ്യരാശി | - | മനുഷ്യസമൂഹം |
| സാക്ഷ്യപത്രം | - | തെളിവ് |

2. **വിപരീത പദമെഴുതാം.**

പ്രധാനം x അപ്രധാനം

നിർമിക്കുക x നശിപ്പിക്കുക

3. **വേർതിരിച്ചെഴുതാം.**

പക്ഷിമൃഗാദികൾ - പക്ഷികളും മൃഗങ്ങളും

ശബ്ദോച്ചാരണം - ശബ്ദത്തിന്റെ ഉച്ചാരണം

സാക്ഷ്യപത്രം - സാക്ഷ്യം നൽകുന്ന പത്രം

4. **വാക്യങ്ങൾ നിർമിച്ചെഴുതാം.**

1.കളമൊരുക്കുക - ബസ് തൊഴിലാളികളുടെ സമരം അവസാനിപ്പിക്കുന്നതിന് ബസ്സുടമകളുമായി ചർച്ച നടത്താൻ ജില്ലാകളക്ടർ കളമൊരുക്കി.

2.വിളംബരം ചെയ്യുക - രാജഭരണകാലത്ത് രാജാക്കന്മാരുടെ കല്പനകൾ പെരുമ്പറകൊട്ടി വിളംബരം ചെയ്താണ് പൊതുജനങ്ങളെ അറിയിച്ചിരുന്നത്.

3.സാക്ഷ്യപത്രം-മത്സരപരീക്ഷകളിൽ വിജയികളാകുന്നവർക്ക് സാക്ഷ്യപത്രം നൽകി ആദരിക്കാറുണ്ട്.

5. **സംയുക്തപദങ്ങൾ കണ്ടെത്തി വികസിപ്പിച്ചെഴുതാം.**

എത്തിച്ചേരുന്നത് = എത്തി + ചേരുന്നത്

ശബ്ദോച്ചാരണത്തെ = ശബ്ദം + ഉച്ചാരണത്തെ

6. **സമാനപദങ്ങൾ കണ്ടെത്താനുള്ള പദങ്ങൾ അക്ഷരമാലാ ക്രമത്തിലാക്കി എഴുതൂ.**

ആവിർഭാവം, ആശയം, ഇന്ദ്രിയം, കളമൊരുക്കുക, തലമുറ, മനുഷ്യരാശി, മസ്തിഷ്കം, വിളംബരം, സാക്ഷ്യപത്രം.

7. **പര്യായ നിഘണ്ടുവിൽ നിന്ന് സമാനപദങ്ങൾ കണ്ടെത്തി എഴുതൂ.**

മനുഷ്യൻ - മർത്ത്യൻ, മനുജൻ, നരൻ

മനസ്സ് - ചിത്തം, ചേതസ്, മാനസം

8. **ഭാഷ ഇല്ലാതിരുന്ന കാലത്തെപ്പറ്റി ഒന്നാലോചിച്ചു നോക്കൂ. എന്തെല്ലാം പ്രശ്നങ്ങളാണ് അക്കാലത്തെ ആളുകൾ അനുഭവിച്ചിട്ടുണ്ടാവുക. ഭാഷയില്ലാ കാലത്തെ ദുരിതങ്ങൾ എന്ന തലക്കെട്ട് നൽകി അക്കാലത്തെ പ്രശ്നങ്ങൾ എന്തൊക്കെ ആയിരിക്കുമെന്നെഴുതൂ.**

ഭാഷയില്ലാ കാലത്തെ ദുരിതങ്ങൾ : പരമ്പരാഗതമായ ശബ്ദ-രേഖാ ചിഹ്നങ്ങൾകൊണ്ടു മനുഷ്യർ ആശയവിനിമയം ചെയ്യുന്ന സമ്പ്രദായത്തെയാണ് ഭാഷയെന്നു പറയുന്നത്. ഈ സമ്പ്രദായം വികസിച്ച് ഇന്നത്തെ നിലയിലെത്തിയത് നീണ്ടകാലത്തെ പരിശ്രമം കൊണ്ടാണ്. ഭാഷയിലൂടെ ചിന്തയിലുള്ള ഒരാശയം മറ്റുള്ളവരെ അറിയിക്കുന്നതിന് പ്രയാസമില്ല. എന്നാൽ ഭാഷയില്ലാതിരുന്ന കാലത്ത് മനുഷ്യർ ആശയവിനിമയം നടത്തിയിരുന്നത് ഏതെല്ലാം വിധത്തിലായിയിരിക്കും? ആംഗ്യങ്ങളിലൂടെയും ശബ്ദങ്ങൾ പുറപ്പെടുവിച്ചുമായിരിക്കണം അവർ ആശയങ്ങൾ കൈമാറിയത്. ഇതിൽ ആംഗ്യരീതി നേരിട്ടുള്ള വിനിമയത്തിനും ശബ്ദങ്ങൾ കുറച്ചകലെയുള്ളവരുമായി ആശയങ്ങൾ കൈമാറുന്നതിനുമാണ് ഉപയോഗിച്ചിരുന്നത്. ചിന്തയിലുള്ള എല്ലാ കാര്യങ്ങളും പ്രകടിപ്പിക്കുന്നതിന് ആദിമനുഷ്യർക്കു കഴിഞ്ഞിരുന്നില്ല. ശബ്ദമെത്താത്ത ദൂരത്ത് കഴിഞ്ഞി രുന്നവരെ കാട്ടുതീപോലുള്ള ദുരന്തങ്ങളെപ്പറ്റി അറിയിക്കാൻ കഴിയാതിരുന്നതിനാൽ പലപ്പോഴും പ്രകൃതിക്ഷോഭങ്ങൾക്കിരയാകേണ്ടിവന്നു. മനുഷ്യന്റെ സർഗവാസനകൾ പ്രകടിപ്പിക്കാനും അക്കാലത്ത് കഴിഞ്ഞിരുന്നില്ല. ഇക്കാരണങ്ങളാൽ മൃഗതുല്യമായ ഒരു ജീവിതമാണ് ഭാഷ പിറക്കുന്നതിന് മുമ്പുള്ളകാലത്ത് മനുഷ്യൻ നയിച്ചിരുന്നത്.

9. **ഭാഷയുമായി ബന്ധപ്പെടുന്ന നിത്യ ജീവിതത്തിലെ അഞ്ച് സന്ദർഭങ്ങൾ എഴുതൂ.**

1. രാവിലെയുള്ള പത്രവായന.
2. റേഡിയോ, ടെലിവിഷൻ എന്നിവയിലൂടെയുള്ള വാർത്ത കേൾക്കൽ.
3. വിദ്യാലയത്തിലെത്തുമ്പോൾ ചങ്ങാതിമാരുമായുള്ള സംഭാഷണം
4. ക്ലാസ്സ് മുറിയിലെ ഭാഷാ പഠനം
5. കുടുംബാംഗങ്ങൾ തമ്മിലുള്ള സംഭാഷണം.

10. **പക്ഷിമൃഗാദികൾ മനുഷ്യന്റെ ഭാഷ സംസാരിക്കുന്ന കഥകൾ നിങ്ങൾ വായിച്ചിട്ടുണ്ടാകുമല്ലോ? ഒരു കഥ ഓർമിച്ചെഴുതൂ.**

**കാക്കയും കുറുക്കനും**

ഒരു കാക്കപ്പെണ്ണ് പറന്ന് ഒരു മരക്കൊമ്പിൽ ചെന്നിരുന്നു. താഴെ കുട്ടികൾ നിന്ന് കളിക്കുന്നു. ഒരു കൊച്ചുകുട്ടിയുടെ കൈയിൽ ഒരു നെയ്യപ്പം! ഹായ്, എന്തു രസമുള്ള നെയ്യപ്പം! കാക്കപ്പെണ്ണ് കുഞ്ഞിന്റെ നെയ്യപ്പം തഞ്ചത്തിൽ റാഞ്ചിയെടുത്ത് ഒരു മരക്കൊമ്പിൽ ചെന്നിരുന്ന് കൊത്തിത്തിന്നാനാരംഭിച്ചു.

മരച്ചുവട്ടിൽ അതാ സുന്ദരനായ ഒരു കുറുക്കൻ! കുറുക്കൻ കാക്കപ്പെണ്ണിന്റെ നെയ്യപ്പം കൊതിയോടെ നോക്കി. തന്റെ സൗന്ദര്യത്തിലാണ് കുറുക്കന്റെ കണ്ണെന്നാണ് കാക്കപ്പെണ്ണ് ധരിച്ചത്. കാക്കപ്പെണ്ണ് നെയ്യപ്പം കാലുകൊണ്ട് ചവിട്ടിപ്പിടിച്ചാണ് കൊത്തിവലിച്ചിരുന്നത്,കാക്കപ്പെണ്ണിനെക്കൊണ്ട് നൃത്തം ചവിട്ടിച്ചാൽ അപ്പം താഴെ വീഴുമെന്നു കരുതി കുറുക്കൻ പറഞ്ഞു : "കാക്കപ്പെണ്ണേ, കാക്കപ്പെണ്ണേ...... നീ എന്തു

സുന്ദരിയാണ്. നീ ഒന്നു നൃത്തം ചെയ്താൽ എന്തു ഭംഗിയായിരിക്കുമെന്നോ?" കാക്ക അപ്പം കൊത്തിയെടുത്തു കൊണ്ട് നൃത്തം ചെയ്തു. കുറുക്കൻ പറഞ്ഞു : നൃത്തം അതിഗംഭീരമായിരിക്കുന്നു. പക്ഷെ, പാട്ടു കൂടെ വേണം." കാക്കപ്പെണ്ണിന് അഭിമാനം തോന്നി. തന്റെ പാട്ടും കുറുക്കൻ കേൾക്കട്ടെ. അവൾ അഹങ്കാരത്തോടെ പാടാൻ വാ തുറന്നു. "കാ ......കാ......കാ......." നെയ്യപ്പം താഴെ വീണു. കാക്കപ്പെണ്ണ് ആട്ടവും പാട്ടും നിറുത്തി നെയ്യപ്പമെടുക്കാൻ താഴോട്ടുപറന്നു. പക്ഷെ, എന്തു കാര്യം? നെയ്യപ്പം കുറുക്കൻ തട്ടിയെടുത്തു കഴിഞ്ഞിരുന്നു. അവൻ കുറ്റിക്കാടിനുള്ളിലേക്ക് ഓടിമറഞ്ഞപ്പോഴാണ് പാവം കാക്കപ്പെണ്ണിന് കാര്യം മനസ്സിലായത്.

11. **ഭാഷ പഠിച്ചതുമൂലം ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് എഴുതൂ.**

മനസ്സിലുള്ള കാര്യങ്ങൾ പ്രയാസമില്ലാതെ മറ്റുള്ളവരെ അറിയിക്കാൻ കഴിയുന്നു. സംഭാഷണത്തിലൂടെയും എഴുത്തിലൂടെയും പരസ്പരം ആശയവിനിമയം നടത്താൻ ഭാഷാപഠനം ഏറെ സഹായിച്ചിട്ടുണ്ട്. പരസഹായമില്ലാതെ വായനയിലൂടെ പുതിയ അറിവുകൾ നേടാൻ ഭാഷാപഠനം സഹായിക്കുന്നു. കൂടാതെ കഥ, കവിത, സംഭാഷണം, വാർത്ത, നോട്ടീസ്, ഡയറി തുടങ്ങിയ വിവിധ ഭാഷാ വ്യവഹാര രീതികളിലൂടെ ഭാഷ പ്രയോഗിക്കാനും കഴിയുന്നു.

12. **കഥ, കവിത, സംഭാഷണം, വാർത്ത, നോട്ടീസ് എന്നിവ ഭാഷാ പ്രയോഗത്തിന്റെ വ്യത്യസ്ത രൂപങ്ങളാണല്ലൊ. മേൽപ്പറഞ്ഞ വയിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് മാതൃക എഴുതി തയ്യാറാക്കൂ.**

**വാർത്ത**

<u>കളമശ്ശേരിയിൽ കുടിവെള്ളക്ഷാമം രൂക്ഷം:</u>

കളമശ്ശേരി : കളമശ്ശേരി നഗരസഭയിലെ കിഴക്കൻ മേഖലകളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം. ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

**നോട്ടീസ്**

<u>കുടിവെള്ളക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് കൂട്ട ധർണ:</u>

കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ കിഴക്കൻ പ്രദേശങ്ങളിൽ കുടിവെള്ളമില്ലാതെ പൊതുജനങ്ങൾ പൊറുതിമുട്ടാൻ തുടങ്ങിയിട്ട് നാളുകളായി. നിരവധി തവണ ബന്ധപ്പെട്ടവർക്ക് പരാതി നൽകിയെങ്കിലും ഇതുവരെ പ്രശ്നപരിഹാരം ഉണ്ടായിട്ടില്ല. 6-7-2009 ന് രാവിലെ 10 മണിക്ക് കളമശ്ശേരി മുനിസിപ്പൽ ഓഫീസിനുമുമ്പിൽ നടക്കുന്ന പ്രതിഷേധ ധർണയിൽ കുടിവെള്ള പ്രശ്നം നേരിടുന്ന എല്ലാവരും പങ്കെടുക്കുവാൻ അഭ്യർത്ഥിക്കുന്നു.

സ്ഥലം

തീയതി. പൗരസമിതിക്കുവേണ്ടി

കൺവീനർ.

സംഭാഷണം.

പത്രലേഖകൻ : കുടിവെള്ളം കിട്ടാതായിട്ട് എത്ര നാളായി?

ഗ്രാമീണർ : രണ്ട് മാസം.

പത്രലേഖകൻ : ഇപ്പോൾ കുടിവെള്ളം കിട്ടുന്നത് എവിടെ നിന്നാണ്?

ഗ്രാമീണർ : ടാങ്കറിലെത്തുന്ന വെള്ളമാണ് ഞങ്ങളുടെ ആശ്രയം.

പത്രലേഖകൻ : ഒരു ദിവസത്തെ ഉപയോഗത്തിന് അത് തികയുമോ?

ഗ്രാമീണർ : തികയാറില്ല.

പത്രലേഖകൻ : കുളമോ കിണറോ മറ്റ് ജലാശയങ്ങളോ അടുത്തെങ്ങുമില്ലേ?

ഗ്രാമീണർ : അതെല്ലാം നികത്തി കെട്ടിടങ്ങൾ പണിതു. മനുഷ്യൻ തന്നെയാണ് അവന്റെ കുടിവെള്ളം മുട്ടിച്ചത്.

## പാഠം - 4

## അമ്മയും കുഞ്ഞും

1. **സമാനപദമെഴുതാം.**

വല്ലി - വള്ളി, ചെമ്മേ - നല്ലതുപോലെ,
വിണ്ണ് - ആകാശം, സ്വർഗം, മാഴ്കുക - കരയുക,
അല്പം - കുറച്ച്, ഉണ്ണി - ചെറിയകുട്ടി, ഓമൽ - പ്രിയപ്പെട്ടയാൾ
പിച്ച - കാലുറക്കാതെയുള്ള കുഞ്ഞുങ്ങളുടെ നടപ്പ്.

2. **വിപരീതപദമെഴുതാം.**

ഭംഗി X അഭംഗി, അല്പം X അനല്പം

3. **പര്യായ നിഘണ്ടുവിൽനിന്നും സമാനപദങ്ങൾ കണ്ടെത്തി എഴുതാം.**

പൂവ് - പുഷ്പം, കുസുമം, സുമം.
അമ്മ - ജനനി, മാതാവ്, തായ

5. **താഴെ കൊടുക്കുന്ന ആശയം വരുന്ന വരികൾ കവിതയിൽ നിന്ന് കണ്ടെത്തി എഴുതാം.**

1. ഈ വല്ലിയിൽനിന്നു ചെമ്മേ - പൂക്കൾ
പോവുന്നിതാ പറന്നമ്മേ!
2. പിച്ചനടന്നു കളിപ്പൂ-നീയി -
പ്പിച്ചകമുണ്ടോ നടപ്പൂ?
3. തെറ്റീ!നിനക്കുണ്ണി ചെല്ലാം - നിൽപൂ
മ്പാറ്റകളല്ലേയിതെല്ലാം.
4. നാമിങ്ങറിയുവതൽപം - എല്ലാ-
മോമനേ, ദേവസങ്കൽപം.
5. അമ്മട്ടിലായതെന്തെന്നാൽ-ഞാനൊ
രുമ്മ തരാമമ്മ ചൊന്നാൽ.
6. ആകാത്തതിങ്ങനെ എണ്ണീ-ചുമ്മാ
മാഴ്കൊല്ലായെന്നോമലുണ്ണീ!
7. മേൽക്കുമേലിങ്ങിവ പൊങ്ങീ-വിണ്ണിൽ
നോക്കമ്മേ,യെന്തൊരു ഭംഗി!
8. അയ്യോ! പോയ്ക്കൂടികളിപ്പാൻ-അമ്മേ!
വയ്യേയെനിക്കു പറപ്പാൻ!

6. **കവിത വായിച്ച് പ്രവർത്തനം 5 ൽ കൊടുത്തിരിക്കുന്ന ആശയങ്ങൾ ക്രമീകരിച്ചെഴുതൂ.**

അമ്മേ, ഈ വള്ളിയിൽനിന്ന് ഭംഗിയുള്ള പൂക്കൾ പറന്നു പോകുന്നത് കാണൂ ഉണ്ണീ, നിനക്കു തെറ്റുപറ്റി. പറന്നു പോകുന്നത് പൂക്കളല്ല, മനോഹരമായ പൂമ്പാറ്റകളാണ്. അവ ആകാശത്തിൽ പറന്നുപൊങ്ങുന്നതു നോക്കൂ. എന്തൊരു ഭംഗിയാണതു കാണാൻ. എനിക്ക് പറക്കാൻ കഴിയാത്തതിനാൽ അവയൊടൊപ്പം കളിക്കാൻ സാധിക്കുന്നില്ലല്ലോ. കഴിയാത്ത കാര്യങ്ങൾ പറഞ്ഞ് സങ്കടപ്പെടാതിരിക്കൂ. കാലുറക്കാത്ത നീ നടന്നു കളിക്കുന്നതുപോലെ പിച്ചകമരം നടക്കുമോ? അങ്ങനെയായത് എന്തുകൊണ്ടാണെന്ന് പറഞ്ഞാൽ ഞാനൊരു ഉമ്മ തരാം. എല്ലാം ദൈവത്തിന്റെ കർമമാണ്. അതിന്റെ മുമ്പിൽ നമ്മുടെ അറിവുകൾ തുച്ഛമാണ്.

7. **നിങ്ങൾ ചിത്രശലഭങ്ങളെ കണ്ടിട്ടില്ലേ ? നിങ്ങൾ കണ്ടിട്ടുള്ള ചിത്രശലഭത്തെപ്പറ്റി ഒരു കവിതയെഴുതൂ.**

പൂവിലിരിക്കും പൂമ്പാറ്റേ
പാറിനടക്കും പൂമ്പാറ്റേ
വായുവിലിങ്ങനെ ചുറ്റിനടക്കാൻ
ആരു നിനക്കീ ചിറകേകി?
വിടർന്ന പൂവുകൾ തേടിത്തേടി
പൂന്തോട്ടത്തിലേയും പൂമ്പാറ്റേ
കുഞ്ഞിച്ചുണ്ടുകൾ നനയ്ക്കാനായ്
മധുവൂറാറുണ്ടോ പൂവുകളിൽ?

8. **കവിത വായിച്ച് അമ്മയും കുഞ്ഞും തമ്മിലുള്ള സംഭാഷണം ഗദ്യരൂപത്തിലാക്കി എഴുതൂ.**

കുഞ്ഞ് : അമ്മേ, ഈ വള്ളിയിൽനിന്ന് ഭംഗിയുള്ള പൂക്കൾ പറന്നു പോകുന്നത് കാണൂ.

അമ്മ : ഉണ്ണീ, നിനക്കു തെറ്റുപറ്റി. പറന്നുപോകുന്നത് പൂക്കളല്ല, മനോഹരമായ പൂമ്പാറ്റകളാണ്.

കുഞ്ഞ് : അവ ആകാശത്തിൽ പറന്നുപൊങ്ങുന്നത് നോക്കൂ, എന്തൊരു ഭംഗിയാണതു കാണാൻ. എനിക്ക് പറക്കാൻ കഴിയാത്തതിനാൽ അവയോടൊപ്പം കളിക്കാൻ കഴിയുന്നില്ലല്ലോ.

അമ്മ : കഴിയാത്ത കാര്യങ്ങൾ പറഞ്ഞ് സങ്കടപ്പെടാതിരിക്കൂ. കാലുറക്കാത്ത നീ നടന്നുകളിക്കാൻ ശ്രമിക്കുന്നതുപോലെ പിച്ചകമരം നടക്കുമോ?

കുഞ്ഞ് : അങ്ങനെ ആയത് എന്തുകൊണ്ടാണെന്ന് പറഞ്ഞുതന്നാൽ ഞാനൊരു ഉമ്മ തരാം

അമ്മ : എല്ലാം ദൈവത്തിന്റെ കർമമാണ്. അതിന്റെ മുമ്പിൽ നമ്മുടെ അറിവുകൾ തുച്ഛമാണ്.

9. **ഉത്തരം കണ്ടെത്തി എഴുതാം.**

1. അമ്മ
2. പൂമ്പാറ്റകളോടൊപ്പം പറന്നു കളിക്കാൻ കഴിയാത്തതു കൊണ്ടാണ് കുഞ്ഞ് സങ്കടപ്പെട്ടത്.
3. മാഴ്കൊല്ല
4. പിച്ചകത്തിനു നടക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് പറഞ്ഞു കൊടുത്താലാണ് കുഞ്ഞ് അമ്മയ്ക്ക് ഉമ്മ കൊടുക്കാമെന്ന് പറയുന്നത്.
5. മനോഹരമായ പ്രകൃതിയെ വർണിക്കുന്ന ഈ ചെറിയ കവിത വളരെ ആകർഷകമാണ്. ചിത്രശലഭങ്ങളെ പൂക്കളായി തെറ്റിദ്ധരിക്കുന്ന കുട്ടിയുടെ നിഷ്ക്കളങ്കത കവി തന്മയത്വമായി കവിതയിൽ പ്രകടിപ്പിക്കുന്നു. മനുഷ്യൻ എത്രയോ നിസ്സാരനാണെന്ന സന്ദേശം തരുന്ന ഈ കവിത വായനക്കാരന് ആഹ്ലാദം തരുന്നതാണ്. അതുകൊണ്ട് ഈ കവിതയെ ഞാൻ ഇഷ്ടപ്പെടുന്നു.

10. **കവിത വായിച്ച് പരമാവധി ചോദ്യങ്ങൾ നിർമിക്കൂ.**

1. ഈ കവിത എഴുതിയ കവിയുടെ പേര്?
2. പൂമ്പാറ്റകളെ കണ്ടപ്പോൾ അവ പൂക്കളാണെന്ന് കുട്ടി കരുതിയത് എന്തുകൊണ്ട്?
3. ദൈവത്തിന്റെ ഭാവനയായി കവിതയിൽ പരാമർശിക്കുന്ന

കാര്യങ്ങൾ എന്തെല്ലാം?

4. ചുമ്മാ മാഴ്കൊല്ലായെന്നോമലുണ്ണീ? എന്ന് അമ്മ പറയാൻ കാരണമെന്ത്?
5. ആരാണ് പിച്ചവെച്ചു നടക്കുന്നത്?

**11. പാഠഭാഗത്തെ കവിതയ്ക്ക് അനുയോജ്യമായ മറ്റൊരു പേര് നൽകൂ. അതിനുള്ള കാരണവും എഴുതുക.**

പ്രകൃതിയുടെ സമ്മാനം

പൂക്കളും ചിത്രശലഭങ്ങളും കുട്ടിയും അമ്മയുമെല്ലാം സൗന്ദര്യത്തിന്റേയും സ്നേഹത്തിന്റേയും നിഷ്ക്കളങ്കത യുടേയും പ്രതീകങ്ങളാണ്. ഇവയൊന്നുമില്ലെങ്കിൽ ഈ ലോകം തന്നെ വികൃതമായിത്തീരും. അതുകൊണ്ടാണ് ഈ പേര് നിർദ്ദേശിക്കാൻ കാരണം.

## പാഠം – 5

## ചക്രവർത്തിയുടെ ദു:ഖം

1. **സമാനപദമെഴുതാം.**

കയ്യൂക്ക് – കൈബലം, കേമൻ – മിടുക്കൻ,
സാമ്രാജ്യം – ചക്രവർത്തിയുടെ ഭരണത്തിൽ കീഴിലുള്ള എല്ലാ രാജ്യങ്ങളും ഒന്നിച്ചുചേർന്നത്.
നിരാശ്രയർ – ആശ്രയമില്ലാത്തവർ, വിലാപം – കരച്ചിൽ,
ഉഗ്രമായ – ഭയങ്കരമായ, ഹൃദയഭേദകം – ഹൃദയത്തെ പിളർക്കുന്നത്, അംഗവൈകല്യം –അവയവങ്ങൾക്കുണ്ടാകുന്ന വൈകല്യം, പാടേ – മുഴുവൻ, പശ്ചാത്താപം – ചെയ്ത തെറ്റിനെപ്പറ്റി ഓർക്കുമ്പോഴുണ്ടാക്കുന്ന ദു:ഖം
മിതവ്യയം – ചെലവു ചുരുക്കൽ, പ്രചാരകൻ – ജനങ്ങളെ അറിയിക്കുന്നവൻ

2. **പര്യായ നിഘണ്ടുവിൽനിന്ന് സമാനപദങ്ങൾ കണ്ടെത്തി എഴുതാം.**

യുദ്ധം – ആയോധനം, സമരം, ജന്യം
രാജാവ് – നൃപൻ, ഭൂപൻ, അരചൻ
ഭർത്താവ് – വരൻ, കാതൻ, പതി
സ്ത്രീ – നാരി, സീമന്തിനി, മഹിള

3. **ഒറ്റപ്പദമാക്കാം.**

ഹൃദയത്തെഭേദിക്കുന്നത് – ഹൃദയഭേദകം
ജീവന്റെ നാശം – ജീവനാശം, മിതമായ വ്യയം – മിതവ്യയം

4. **സംയുക്തപദങ്ങൾ കണ്ടെത്തി എഴുതാം.**

ബുദ്ധിശക്തിയിലും, നാവികശക്തികളിലൊന്നായിരുന്ന, മാതാപിതാക്കൾ, വന്നലയ്ക്കുന്ന, ഞെട്ടലുണ്ടാക്കി, സന്യാസിയെപ്പോലെയാണ്, സമാധാനമാണ് വലുത്.

5. **പാഠത്തിനനുയോജ്യമായ മറ്റൊരു പേര് കണ്ടെത്തി എഴുതുക. കാരണവും എഴുതുമല്ലോ.**

**യുദ്ധം ഒരു വിപത്ത്**

യുദ്ധം ജനങ്ങൾക്ക് വരുത്തിവയ്ക്കുന്ന ദു:ഖങ്ങളും ദുരിതങ്ങളും കണ്ടപ്പോൾ അശോകചക്രവർത്തിയുടെ മനസ്സലിഞ്ഞു. യുദ്ധംകൊണ്ട് ഒന്നും നേടുന്നില്ലെന്നും സമാധാനമാണ് പുലരേണ്ടതെന്നും അദ്ദേഹം മനസ്സിലാക്കുകയും ആ സന്ദേശം ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുകയും ചെയ്തു. അതുകൊണ്ടാണ് ഈ പേര് നിർദ്ദേശിക്കാൻ കാരണം.

6. **സംഭാഷണം എഴുതാം.**

ഗ്രാമീണർ : ചക്രവർത്തിതിരുമനസ്സേ സ്വാഗതം.

ചക്രവർത്തി : യുദ്ധംമൂലം നിങ്ങൾക്ക് ഒരുപാട് നഷ്ടവും ദു:ഖവുമുണ്ടായെന്ന് നാം മനസ്സിലാക്കുന്നു. ഓരോരുത്തരുടേയും സങ്കടങ്ങളും പരാതികളും നേരിട്ട് കേൾക്കാനും അറിയാനുമാണ് നാം വന്നിരിക്കുന്നത്.

ഒന്നാമൻ : എന്റെ പശുക്കളെയെല്ലാം അവർ കൊണ്ടുപോയി. എനിക്കിപ്പോൾ ജീവിക്കാൻ ഒരു വഴിയുമില്ല സഹായിക്കണം.

രണ്ടാമൻ : ഞങ്ങൾ ഉറങ്ങിക്കിടക്കുമ്പോൾ ശത്രുസൈന്യം വീട്ടിൽക്കയറി എന്റെ മക്കളെയും ഭാര്യയേയും അക്രമിച്ചു. പേടിച്ചുപോയ എന്റെ ഭാര്യ അപ്പോൾ തന്നെ ഹൃദയംപൊട്ടി മരിച്ചു. ശത്രുസൈന്യത്തോട് ഏറ്റുമുട്ടിയ എന്റെ മക്കളെല്ലാം അവരുടെ മൂർച്ചയുള്ള വാളിനിരകളായി. എനിക്കിനി ആരുമില്ല.

ചക്രവർത്തി : ഇനിയും നിങ്ങളുടെ സങ്കടങ്ങൾ കേട്ടിരിക്കാനുള്ള ശക്തി എനിക്കില്ല. നിങ്ങൾക്കുണ്ടായ കഷ്ടനഷ്ടങ്ങൾക്കു മാപ്പുചോദിക്കുന്നു. നിരാശ്രയരായിപ്പോയ നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായതെല്ലാം നാം ഉടനെ ചെയ്യുന്നുണ്ട്. സമാധാനമായിരിക്കുക.

7. **മേലിൽ യുദ്ധം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യാനുണ്ടായ കാരണങ്ങൾ അറിയുന്നതിന് അശോക ചക്രവർത്തിയോട് ചോദിക്കാനുള്ള അഞ്ച് ചോദ്യങ്ങൾ തയ്യാറാക്കൂ.**

1 യുദ്ധം വരുത്തിവെയ്ക്കുന്ന കെടുതികളെപ്പറ്റി അങ്ങേയ്ക്ക് മുന്നറിവുണ്ടായിരുന്നോ?
2. ചക്രവർത്തിയെ വേദനിപ്പിച്ച യുദ്ധരംഗത്തെ കാഴ്ചകൾ എന്തെല്ലാമായിരുന്നു?
3. ഇനി യുദ്ധം ചെയ്യില്ലെന്ന് തീരുമാനമെടുക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്?
4. യുദ്ധം ഇല്ലാത്തതാണ് നല്ലതെന്ന് അങ്ങേയ്ക്ക് തോന്നിയ തെപ്പോൾ?
5. പിടിച്ചെടുത്ത രാജ്യങ്ങൾ സംരക്ഷിക്കുവാൻ അങ്ങ് എന്തു ചെയ്യും?

8. **യുദ്ധത്തിനു മുമ്പും അതിനുശേഷവുമുള്ള രാജ്യത്തെ സ്ഥിതിയെപ്പറ്റി നിങ്ങൾ ഒന്നാലോചിച്ചു നോക്കൂ. യുദ്ധത്തിനു മുമ്പും അതിനു ശേഷവും എന്ന തലക്കെട്ടിൽ ഒരു വിവരണം തയ്യാറാക്കൂ.**

ജനങ്ങൾ സമാധാനത്തോടെ അവരവരുടെ തൊഴിലെടുത്ത് സന്തോഷത്തോടെ ജീവിക്കാനാണ് ഇഷ്ടപ്പെടുന്നത്. യുദ്ധം ഇല്ലാത്ത സാഹചര്യത്തിൽ രാജ്യത്ത് എല്ലായിടത്തും നിർഭയം സഞ്ചരിക്കാൻ കഴിയും. എന്നാൽ യുദ്ധം തുടങ്ങിയാൽ ആരും സുരക്ഷിതരല്ല. എപ്പോൾ വേണമെങ്കിലും ശത്രുക്കളുടെ ആക്രമണം ഉണ്ടാകാം. മരിച്ചവരേയും പരിക്കേറ്റവരേയുംകൊണ്ട് ആശുപത്രികൾ നിറയും. വേണ്ടത്ര ചികിത്സകിട്ടാതെയും ആളുകൾ മരിക്കും. ഭക്ഷ്യവസ്തുക്കൾക്ക് ക്ഷാമമുണ്ടാകും. രോഗങ്ങൾ പടർന്നുപിടിക്കും. രാജ്യത്തിന്റെ സമ്പത്തിൽ വലിയൊരു ഭാഗം യുദ്ധത്തിനുവേണ്ടി ചെലവഴിക്കേണ്ടിവരും.

9. **പണ്ടുകാലത്ത് യുദ്ധത്തിന് ഉപയോഗിച്ചിരുന്ന ആയുധങ്ങളും ഇക്കാലത്ത് യുദ്ധത്തിന് ഉപയോഗിക്കുന്ന ആയുധങ്ങളും ഏതൊക്കെയാണെന്ന് കണ്ടെത്തി എഴുതൂ.**

പണ്ടുകാലത്ത് ഉപയോഗിച്ചിരുന്നവ: അമ്പും വില്ലും, വാളുകൾ, പരിച, കവചം, ഗദ, കുന്തം, കവണ

ഇക്കാലത്ത് ഉപയോഗിക്കുന്നവ: തോക്ക്, പീരങ്കി, ബോംബ്, മിസൈൽ, മൈനുകൾ, രാസായുധങ്ങൾ, ജൈവായുധങ്ങൾ.


10. **യുദ്ധം മനുഷ്യന് ആവശ്യമൊ ? നിങ്ങളുടെ അഭിപ്രായമെന്ത് ? നിങ്ങളുടെ അഭിപ്രായം എഴുതുന്നതോടൊപ്പം അതിന്റെ കാരണവും കൂടി എഴുതൂ.**

യുദ്ധം മനുഷ്യന് നല്കുന്നത് സമാധാനവും സുരക്ഷിതത്വവുമല്ല, മറിച്ച് ദു:ഖങ്ങളും ദുരിതങ്ങളും നഷ്ടങ്ങളും മാത്രമാണ്. ഏതെങ്കിലും ഒരു രാജ്യത്തിന്റെ ഭരണാധികാരിയുടെ സേച്ഛാധിപത്യത്തിനോ, ലോകത്തിന്റെ മുന്നിൽ അവർ ശക്തരെന്നു തെളിയിക്കുന്നതിനോ വേണ്ടിയുള്ള വേദിയാകുന്നു യുദ്ധം. യുദ്ധം ഇരുരാജ്യങ്ങൾ തമ്മിൽ മാത്രമല്ല, രാജ്യത്തിനുള്ളിൽ തന്നെ വിവിധ വിഭാഗങ്ങൾ തമ്മിലും, ജാതികൾ തമ്മിലും ഏറ്റുമുട്ടാറാണ്ട്. കലഹവും യുദ്ധവും നഷ്ടങ്ങളും അസ്ഥിരതയും മാത്രമേ പ്രദാനം ചെയ്യൂ. യുദ്ധത്തിൽ വിജയംവരിച്ചുവെന്നു പറയപ്പെടുന്നത് ഒരുകൂട്ടം ജനസമൂഹത്തെ ഇല്ലായ്മ ചെയ്തു കൊണ്ടാണ്. വിജയത്തിന്റെ മറുപുറം നോക്കിയാൽ കാണുന്നത് രാജ്യത്തിന്റെ ശക്തിയോ, കഴിവോ അല്ല മറിച്ച് ശൂന്യമായ ഭൂമി, പട്ടിണി, ദാരിദ്ര്യം, മാരകരോഗങ്ങളാൽ വലയുന്ന ജനസമൂഹത്തെയുമാണ്. യുദ്ധം രാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥയെ തകിടം മറിക്കുന്നു. ആധുനിക കാലത്തെ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെ ഫലമായി ഒരു രാജ്യത്തെ തന്നെ നശിപ്പിക്കാൻ കഴിവുള്ള ബോബുകളും രാസായുധങ്ങളും നിർമിക്കപ്പെട്ടുകഴിഞ്ഞു. ആധുനിക രീതിയിലുള്ള യുദ്ധോപകരണങ്ങൾ പ്രകൃതിയുടെ നിലനിൽപ്പിനും ഭാവിതലമുറയ്ക്കുപോലും ഹാനികരമാണ്. യുദ്ധം ഒന്നിനും ഒരു പരിഹാരമല്ല. യുദ്ധം നാശമാണ്.

11. **പണ്ടുകാലത്തുണ്ടായ യുദ്ധങ്ങളും ഇക്കാലത്തെ യുദ്ധങ്ങളും തമ്മിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും കണ്ടെത്തി എഴുതൂ.**

പണ്ടുകാലത്തെ യുദ്ധങ്ങൽ നേരിട്ട് നടക്കുന്ന ആക്രമണങ്ങളായിരുന്നു. സൈന്യങ്ങളുടെ എണ്ണവും ശക്തിയും വിജയത്തിന്റെ പ്രധാന ഘടകമായിരുന്നു. എന്നാൽ ആധുനികകാലത്തെ യുദ്ധങ്ങൾ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെ ഫലമായി രൂപം കൊണ്ട ആധുനിക യുദ്ധോപകരണങ്ങൾ കൊണ്ടാണ്. ആകാശം, കടൽ, കര എന്നിങ്ങനെ എവിടെനിന്നും ആക്രമണം നടത്താൻ ഇന്നു കഴിയും. ഒരു രാജ്യത്തെ തന്നെ നശിപ്പിക്കാൻ കഴിവുള്ള ബോംബുകൾ നിലവിലുണ്ട്. മാസങ്ങളോളം നീണ്ടുനിന്ന പഴയകാലയുദ്ധൾക്കു പകരം ഒറ്റ ദിവസം കൊണ്ട് ഭൂമിയെ ചാരമാക്കാൻ കഴിയുന്ന മാരകായുധങ്ങൾ ഓരോ രാജ്യത്തിന്റെയും ആയുധപ്പുരയിൽ ശേഖരിച്ചിരിക്കുന്നു.

12. **പദസൂര്യൻ. യുദ്ധവുമായി ബന്ധപ്പെട്ട എത്ര പദങ്ങൾ നിർമിച്ചെഴുതാം?**




13. **യുദ്ധം ചെയ്യുകയില്ലെന്ന് പ്രതിജ്ഞയെടുത്ത അശോക ചക്രവർത്തിയെ അഭിനന്ദിച്ചുകൊണ്ട് ഒരു കത്ത് എഴുതൂ.**

സ്ഥലം
തീയതി

പ്രിയപ്പെട്ടചക്രവർത്തി,

അങ്ങേയ്ക്ക് സുഖംതന്നെയെന്ന് കരുതുന്നു. യുദ്ധത്തിന്റെ വിശേഷങ്ങളറിഞ്ഞ് പരിഭ്രമിച്ചിരിക്കുമ്പോഴാണ് അങ്ങയുടെ വിളംബരത്തെപ്പറ്റി അറിഞ്ഞത്. മേലിൽ യുദ്ധം ചെയ്യില്ലെന്ന അങ്ങയുടെ തീരുമാനം ഈ രാജ്യത്തെ ജനങ്ങളെല്ലാവരും സന്തോഷത്തോടെയാവും കേട്ടത്. കാരണം യുദ്ധത്തിന്റെ

കെടുതികൾ എത്രഭയങ്കരമാണെന്ന് അവർ അനുഭവിച്ചറിഞ്ഞതാണല്ലൊ. നമ്മുടെ രാജ്യത്ത് സമാധാനത്തിന്റെ ദിവസങ്ങളും മാസങ്ങളും വർഷങ്ങളും ഉണ്ടാവാൻ തീരുമാനമെടുത്ത അങ്ങേയ്ക്ക് അഭിനന്ദനങ്ങൾ.

സ്നേഹപൂർവം

പേര്

ഒപ്പ്

**പാഠം - 6**

**ജീവിത വിജയം**

1. **സമാനപദമെഴുതാം.**
   രൂപം - ആകൃതി, ഉദ്യോഗസ്ഥൻ - ഉദ്യോഗം വഹിക്കുന്നവൻ, ധൈര്യശാലി - ധൈര്യമുള്ളവൻ, താഴ്‌വര - അടിവാരം, ഉന്നതമായ - ഉയർന്ന, ലക്ഷ്യം - ഉന്നം.
2. **വിപരീതപദമെഴുതാം.**
   വിശ്വാസം X അവിശ്വാസം, ഇഷ്ടം X അനിഷ്ടം
3. **പര്യായനിഘണ്ടുവിൽനിന്ന് സമാനപദങ്ങൾ കണ്ടെത്തി എഴുതാം.**
   കണ്ണാടി - ദർപ്പണം, മുകുരം, ആദർശം
   മല - അദ്രി, ശൈലം, അചലം
4. **സംയുക്തപദങ്ങൾ കണ്ടെത്തി വികസിപ്പിച്ചെഴുതാം.**
   കൈകളോടിക്കൂ = കൈകൾ + ഓടിക്കൂ
   ആരായിത്തീരുമെന്ന് = ആരായി + തീരും + എന്ന്
   കണ്ടുപിടുത്തക്കാരനാകുമെന്ന് = കണ്ടുപിടുത്തക്കാരൻ + ആകും + എന്ന്
   അറിയില്ലായിരുന്നു = അറിയില്ല + ആയിരുന്നു.
   ആകാശത്തേക്കുയർന്നു = ആകാശത്തേക്ക് + ഉയർന്നു
   മുകളിലെത്തി = മുകളിൽ + എത്തി
   നേട്ടങ്ങളുണ്ടാകൂ = നേട്ടങ്ങൾ + ഉണ്ടാകൂ
5. **മാതൃകപോലെ എഴുതൂ.**
   ഞാനെന്തിനു പോകണം?
   ഞാനെന്തിനു പറയണം?
   ഞാനെന്തിനു വരണം?
   ഞാനെന്തിനു വാങ്ങണം?
   ഞാനെന്തിനു മിണ്ടണം?
6. **നിങ്ങൾക്ക് ധൈര്യം കാണിക്കേണ്ടിവന്ന ഏതെങ്കിലും ഒരു സംഭവത്തെപ്പറ്റി വിവരിക്കൂ.**
   ഒരു ദിവസം പതിവുപോലെ കൂട്ടുകാരുമൊത്ത് ഞാൻ വിദ്യാലയത്തിലേക്കു പോകുകയായിരുന്നു. മഴ കനത്ത വർഷകാലത്തെ ആ പ്രഭാതത്തിൽ വഴുക്കുന്ന വയൽ വരമ്പിലൂടെ ഓരോ ചുവടും സൂക്ഷിച്ചുവെച്ച് ഞങ്ങൾ നടക്കുമ്പോഴാണ് അത് കണ്ടത്. വെള്ളം നിറഞ്ഞ് കിടക്കുന്ന കുളത്തിന്റെ കടവിൽനിന്ന് ഒരു സ്ത്രീ നെഞ്ചത്തടിച്ച് നിലവിളിക്കുന്നു! കുഞ്ഞിനെ കരയ്ക്ക് നിർത്തി കുളിക്കുകയായിരുന്ന അവരുടെ കുഞ്ഞ് കാൽ വഴുതി വെള്ളത്തിൽ മുങ്ങിത്താഴുകയാണ് പിന്നെ ഒട്ടും താമസിച്ചില്ല. പുസ്തക സഞ്ചി ചങ്ങാതിയെ ഏൽപ്പിച്ച് കുളത്തിലേയ്ക്ക് ഒരു ചാട്ടം. കുറച്ചൊക്കെ നീന്തൽ അറിയാമായിരുന്നതിനാൽ കുഞ്ഞിനെയും കൊണ്ട് കരയ്ക്കെത്താൻ കഴിഞ്ഞു. ഒരു ജീവൻ രക്ഷിക്കാൻ കഴിഞ്ഞ സന്തോഷത്തോടെ സ്കൂളിലെത്തിയപ്പോൾ മണിയടിച്ചിരുന്നു.
7. **നിങ്ങൾ ജീവിതത്തിൽ ആരായിത്തീരാനാണ് ആഗ്രഹിക്കുന്നത്? എന്തുകൊണ്ടാണ് അങ്ങനെ ആഗ്രഹിക്കുന്നത് ? ആരാണ് ഇങ്ങനെ ആഗ്രഹിക്കാൻ പ്രേരിപ്പിച്ചത് ? ഇതെല്ലാം ഉൾപ്പെടുത്തി 'നാളത്തെ ഞാൻ' എന്ന തലക്കെട്ട് നൽകി ഒരു ഖണ്ഡിക എഴുതൂ.**
   ഒരു കർഷകനായിത്തീരാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എല്ലാ രാജ്യങ്ങളുടെയും ഐശ്വര്യം നിലനില്ക്കുന്നത് ഭക്ഷ്യോൽപാദനത്തിന്റെ സ്വയം പര്യാപ്തതയിലാണ്. ഭക്ഷണത്തിനു പുറം രാജ്യക്കാരെ ആശ്രയിക്കേണ്ടിവരുന്ന അവസ്ഥ ഒരു രാജ്യത്തിനും അഭിമാനിക്കാവുന്ന കാര്യമല്ല. രാജ്യത്തെ ഓരോ പൗരനും കഴിവിനനുസരിച്ചുള്ള കൃഷിപ്പണിയിൽ ഏർപ്പെടണം. ഇന്ത്യയിൽ കാർഷികവിപ്ലവത്തിനു തുടക്കമിട്ട പ്രസിദ്ധ ശാസ്ത്രജ്ഞനായ എം.എസ്. സ്വാമിനാഥനാണ് കർഷകനാകാൻ എന്നെ പ്രേരിപ്പിക്കുന്നത്.
8. **ധൈര്യമില്ലെങ്കിൽ നമുക്ക് ഉണ്ടാകാവുന്ന ആപത്ത് എത്ര വലുതായിരിക്കുമെന്ന് ഒന്നൂഹിച്ചുനോക്കൂ. അവയെല്ലാം ക്രമപ്പെടുത്തി എഴുതൂ.**
   ആത്മവിശ്വാസമില്ലാത്തവർക്ക് ജീവിതത്തിൽ ഒരു നേട്ടങ്ങളുണ്ടാക്കാൻ കഴിയില്ല. ഏത് ആപത്തിനെയും നേരിടാൻ കഴിയുമെന്ന ഉറച്ച വിശ്വാസമാണ് ജീവിതത്തിലുണ്ടാകുന്ന പ്രതിബന്ധങ്ങളെ മറികടക്കാൻ നമ്മെ സഹായിക്കുന്നത്. ഒരാൾ ഭീരുവാണെന്ന് മറ്റുള്ളവർ മനസ്സിലാക്കിയാൽ അയാളെ ചതിക്കാനും ഉപദ്രവിക്കാനും സമൂഹത്തിലെ ചിലയാളുകൾ മടിക്കുകയില്ല.
9. **നിങ്ങൾക്ക് ജീവിതത്തിൽ ഉയരുന്നതിനാവശ്യമായ ഉപദേശങ്ങൾ ലഭിക്കുന്നതിന് നിങ്ങൾ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന ആളുമായി ഒരു സംഭാഷണം നടത്തൂ. അതിനാവശ്യ**

**മായ പത്തു ചോദ്യങ്ങൾ എഴുതി തയ്യാറാക്കു.**

1. ഒരാൾ ലക്ഷ്യത്തിലെത്തിച്ചേരുന്നതിനു ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?
2. ദാരിദ്ര്യം, രോഗം എന്നീ തടസ്സങ്ങൾ എങ്ങനെ മറികടക്കാൻ കഴിയും?
3. തോൽവികളില്ലാതെ നമുക്ക് ലക്ഷ്യത്തിലെത്താൻ കഴിയുമൊ?
4. ജീവിത വിജയം നേടാൻ എളുപ്പവഴികൾ ഉണ്ടൊ?
5. കഠിനാധ്വാനത്തിലൂടെ ഉയർന്ന ഒരു മഹാന്റെ കഥ പറഞ്ഞു തരാമൊ?
6. കുട്ടിക്കാലം മുതലുള്ള ശ്രമമാണൊ ഒരാളെ ഉന്നതനിലയിൽ എത്തിക്കുന്നത്?
7. ഒരാളെ ജീവിത ലക്ഷ്യത്തിലെത്തിക്കുന്നതിന് മാതാ പിതാക്കൾക്കുള്ള പങ്ക് എന്താണ്?
8. വിദ്യാഭ്യാസകാലത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?
9. ലക്ഷ്യബോധമില്ലാത്ത ഒരാൾക്ക് ഉയർന്ന പദവികളിൽ എത്തിച്ചേരാൻ കഴിയുമൊ?
10. താങ്കൾ കുട്ടിക്കാലത്ത് ആരായിത്തീരാനാണ് ആഗ്രഹിച്ചത്?

10. **മഹാത്മാഗാന്ധി, എഡിസൻ, ഐൻസ്റ്റൈൻ തുടങ്ങിയ മഹാന്മാരെപ്പറ്റി പാഠത്തിൽ പറയുന്നുണ്ട്. നിങ്ങൾക്കറിയാവുന്ന ഒരു മഹാനെപ്പറ്റി ഒരു വിവരണം തയ്യാറാക്കു.**

മഹാത്മഗാന്ധി: നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ജനിച്ചത് 1869 ഒക്ടോബർ 2ാം തീയതി സുദാമാപുരി എന്ന് അറിയപ്പെടുന്ന പോർബന്തറിൽ ആയിരുന്നു. 'ഹരിശ്ചന്ദ്രൻ' എന്ന നാടകം കുട്ടിക്കാലത്ത് കാണാനിടയായപ്പോൾത്തന്നെ സത്യത്തിനുവേണ്ടി ജീവിക്കണമെന്ന താല്പര്യം അദ്ദേഹത്തിലുണ്ടായി. അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം ഈ സത്യബോധത്തിന്റെ പ്രകാശംപരത്തുന്നത് നമുക്ക് കാണാൻ കഴിയും. ധാർമികതയാണ് എല്ലാറ്റിനും അടിസ്ഥാനമെന്നും സത്യമാണ് എല്ലാ ധാർമികതയുടെയും ആധാരമെന്നും അദ്ദേഹത്തിനു ബോധ്യമുണ്ടായിരുന്നു. തിന്മയ്ക്കുപകരം നന്മ ചെയ്യാനും മതസഹിഷ്ണതയോടെ പെരുമാറാനും അദ്ദേഹത്തിനു കഴിഞ്ഞത് ഈ ബോധമുണ്ടായിരുന്നതുകൊണ്ടാണ്. അഹിംസയിലൂടെ ജനകോടികളെ നയിച്ചുകൊണ്ട് ഇന്ത്യയെ സ്വാതന്ത്ര്യത്തിലേക്കുനയിച്ച മഹാത്മഗാന്ധി ലോകത്തിനുതന്നെ മാതൃകയാണ്.

എഡിസൺ: 1847 ഫെബ്രുവരി 11ന് അമേരിക്കയിലെ ഒഹായോവിലെ മിലാനിൽ സാമുവൽ എഡിസൻ ജനിച്ചു. 12-ാം വയസ്സിൽ എഡിസൻ ഉപജീവനമാർഗം തേടാൻ തുടങ്ങി. കഷ്ടതയേറിയ ജീവിതത്തിനിടയിൽ സ്വപ്രയത്നത്തിലൂടെ മനുഷ്യന്റെ ജീവിത വികസനത്തിനുവഴി തെളിച്ച കണ്ടെത്തലുകളിലൂടെ അദ്ദേഹം ലോകശ്രദ്ധ പിടിച്ചുപറ്റി. വൈദ്യുതബൾബ് മുതൽ ബധിരരെ സഹായിക്കാനുള്ള ശ്രവണ സഹായിവരെയുള്ള അനവധി കണ്ടുപിടുത്തങ്ങൾ അദ്ദേഹത്തിന്റെ വകയായുണ്ട്.

ആൽബർട്ട് ഐൻസ്റ്റൈൻ: ഇരുപതാം നൂറ്റാണ്ടിലെ സമുന്നതനായ ശാസ്ത്രജ്ഞനാണ് ആൽബർട്ട് ഐൻസ്റ്റീൻ. 1879 മാർച്ച് 14 ന് ജർമനിയിലെ ബവേറിയയിൽ 'ഉലം' എന്ന ചെറിയ പട്ടണത്തിലെ ഒരു ജൂതകുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. 1921ൽ ഭൗതിക ശാസ്ത്രത്തിൽ അദ്ദേഹം നോബൽ സമ്മാനം നേടി. അദ്ദേഹത്തിന്റെ ഫോട്ടോ ഇലക്ട്രിക്ക് സിദ്ധാന്തത്തിനും ഭൗതിക ശാസ്ത്രത്തിന് അദ്ദേഹം നൽകിയ മറ്റു സംഭാവനകൾക്കുമാണ് നോബൽ സമ്മാനം ലഭിച്ചത്. അണുബോബിന്റെ ഉപജ്ഞാതാവും ഐൻസ്റ്റീനാണ്. കൂടാതെ ആപേക്ഷിതാ സിദ്ധാന്തവും അദ്ദേഹത്തിന്റെ സംഭാവനകളിൽ പ്രധാനപ്പെട്ടതാണ്.

11. **നിങ്ങളുടെ ക്ലാസ്സിൽനിന്ന് ഏറ്റവും ഉയർന്ന മാർക്കുവാങ്ങി വിജയിച്ച കുട്ടിയെ അഭിനന്ദിച്ചുകൊണ്ട് ഒരു കത്തെഴുതു.**

സ്ഥലം

പ്രിയപ്പെട്ട ജോസഫ്, തിയതി

നീ അയച്ച കത്ത് കിട്ടി. വിവരങ്ങൾ അറിഞ്ഞതിൽ സന്തോഷിക്കുന്നു. നിനക്ക് എല്ലാ വിഷയത്തിനും ഉയർന്ന മാർക്ക് കിട്ടിയെന്നറിഞ്ഞപ്പോൾ നേരിട്ട് കണ്ട് അഭിനന്ദനം അറിയിക്കണമെന്ന് ഞങ്ങൾ തീരുമാനിച്ചതാണ്. എന്നാൽ അച്ഛന് ജോലിസംബന്ധമായ തിരക്കുണ്ടായതിനാൽ അതിനു കഴിഞ്ഞില്ല. ആത്മവിശ്വാസത്തോടെ മുന്നോട്ടുപോയാൽ ഏതു കൊടുമുടിയും കീഴടക്കാമെന്നുള്ളതിന്റെ ആദ്യത്തെ തെളിവായി ഞാൻ നിന്റെ വിജയത്തെ കാണുന്നു. ഞങ്ങളുടെ എല്ലാവരുടെയും അഭിനന്ദനങ്ങൾ.

നിനക്കും കുടുംബാംഗങ്ങൾക്കും സുഖമാണെന്നു കരുതുന്നു. ഞങ്ങൾക്ക് ഇവിടെ സുഖമാണ്.

സ്നേഹപൂർവം

( പേര് )

12. **ഈ പാഠം വായിച്ചു കഴിഞ്ഞപ്പോൾ മനസ്സിലായ കാര്യങ്ങൾ**

**ഒരു ഖണ്ഡികയാക്കി എഴുതൂ.**

നമ്മുടെ തലച്ചോറിന് വലിയ അത്ഭുതങ്ങൾ ചെയ്യാനുള്ള കഴിവുണ്ട്. ആദ്യം ആനമുടിയിൽ കയറാൻ മടിച്ചുനിന്ന കുട്ടി ഒരു നിമിഷം ശരിയായി ചിന്തിച്ചപ്പോൾ ഭയംമാറി. ധൈര്യം തിരിച്ചുകിട്ടി. തനിക്ക് മലയുടെ മുകളിലേക്ക് കയറാൻ കഴിയുമെന്ന ഉറച്ച തീരുമാനവുമായി അവൻ കയറ്റം തുടങ്ങി. ക്ഷീണം തോന്നിയപ്പോൾ വിശ്രമിച്ചു. ലക്ഷ്യത്തിലേക്കുള്ള ഓരോ ചുവടും സൂക്ഷമതയോടെ വെച്ചു. ലക്ഷ്യവും പരിശ്രമവും ഉണ്ടായാൽ വിജയം തീർച്ചയാണെന്ന് ഈ പാഠം നമുക്ക് മനസ്സിലാക്കിത്തരുന്നു.

13. **'പയ്യെത്തിന്നാൽ പനയും തിന്നാം' ക്ഷമാശീലംകൊണ്ട് എന്തും നേടാനാകുമെന്നാണ് ഈ പഴഞ്ചൊല്ലിന്റെ അർത്ഥം. ഇതുപോലെയുള്ള പഴഞ്ചൊല്ലുകൾ ശേഖരിച്ചെഴുതൂ.**

ക്ഷമാബലം മഹാബലം, ഒത്തുപിടിച്ചാൽ മലയും പോരും, മടിയൻ മല ചുമക്കും, കരയുന്ന കുഞ്ഞിനേ പാലൊള്ളു, നിലയ്ക്കു നിന്നാൽ മലയ്ക്കു സമം, താണ നിലത്തേ നീരോടൂ, മിന്നുന്നതെല്ലാം പൊന്നല്ല, എലിയെ തോൽപിച്ച് ഇല്ലം ചുടുക, മിണ്ടാപ്പൂച്ച കലമുടയ്ക്കും, സ്വർണം കാച്ചുന്തോറും തിളങ്ങും.

## പാഠം - 7

## മേഘം

1. **സമാനപദമെഴുതാം.**

കാർമുകിൽ - കറുത്തമേഘം, വരണ്ടു - ഉണങ്ങി, ഊഴി - ഭൂമി, തോഴർ - കൂട്ടുകാർ, പാറുക - പറക്കുക, നീർ - വെള്ളം, കനിവ് - ദയ, പൂരിക്കുക - നിറയുക.

2. **പര്യായ നിഘണ്ടുവിൽനിന്ന് സമാനപദങ്ങൾ കണ്ടെത്തി എഴുതാം.**

കാറ്റ് - അനിലൻ, സമീരൻ, മാരുതൻ,
മേഘം - ഘനം, ജലധരം, വലാഹകം
വെള്ളം - സലിലം, വാരി, പയസ്

3. **വേർതിരിച്ചെഴുതാം.**

പുരയുടെ മുറ്റം, തൈയാകുന്ന മുല്ല

4. **സംയുക്തപദങ്ങൾ കണ്ടെത്തി വികസിപ്പിച്ചെഴുതാം.**

പരന്നൊരു = പരന്ന + ഒരു, വറ്റിപ്പോയീ = വറ്റി + പോയീ, കളിയാടുന്ന = കളി + ആടുന്ന,
പുല്ലെടുക്കുന്നു = പുല്ല് + എടുക്കുന്നു, തണലേകുക = തണൽ + ഏകുക

5. **മാതൃകപോലെയെഴുതാം:**

*മാതൃക:* പായലുപോലുള്ള കാർമുകിൽ
പാൽനുരപോലുള്ള തിരമാലകൾ
പഞ്ചസാരപ്പോലുള്ള മണൽതരികൾ,
മുല്ലമൊട്ടുകൾപോലുള്ള പല്ലുകൾ
മിന്നാമിനുങ്ങുകൾ പോലുള്ള നക്ഷത്രങ്ങൾ.

7. **താഴെ കൊടുക്കുന്ന ആശയം വരുന്ന വരികൾ പദ്യത്തിൽ നിന്ന് കണ്ടെത്തി എഴുതാം.**

1. പുരമുറ്റത്തു ഞാൻ നട്ട
പുതുതൈമുല്ലയൊന്നിതാ
ഇതിന്നു കനിവോലും നീ-
യിറ്റുവെള്ളം കൊടുക്കുമോ?
2. പരന്നൊരു തടാകത്തിൽ-
പ്പാറും പായലുപോലതാ,
നീലമാം വാനിൽ നീന്തുന്നു
നീർ നിറഞ്ഞൊരു കാർമുകിൽ.
3. പാടത്തു പുല്ലെടുക്കുന്നു,
പല പാവങ്ങൾ, നോക്കുക!
തണലേകുക വെയ്‌ലത്തു
തളരുന്നൊരവർക്കു നീ.
4. നാളെ നീ തനിയേ വാനിൽ
നടക്കുമളവോമനേ,
പൂവിനാൽ പുഞ്ചിരിക്കൊണ്ടു
പൂരിക്കും നന്ദി കാട്ടിടും.
5. വറ്റിപ്പോയീ തടാകങ്ങൾ,
വരണ്ടുവയലൊക്കവേ;
വന്നാലും! വരവും കാത്തു
വാഴ്കയാണൂഴി മേഘമേ!
6. കാറ്റുമായ് മത്സരിച്ചോടി-
ക്കളിയാടുന്ന തോഴരേ,
കരുതിക്കൊള്ളൂ, കുന്നിന്മേൽ
കാലുതട്ടുകിൽ വീണുപോം.

8. **പ്രവർത്തനം 7ൽ കൊടുത്തിരിക്കുന്ന ആശയങ്ങൾ ക്രമീകരിച്ചെഴുതി പദ്യം ഗദ്യരൂപത്തിലാക്കൂ.**

ഒരു പരന്ന തടാകത്തിൽ പായൽ നീന്തുന്നതുപോലെ നീലാകാശത്തിൽ ജലംനിറഞ്ഞ കാർമേഘം നീങ്ങിപ്പോകുന്നു. വറ്റിപ്പോയ തടാകങ്ങളും ഉണങ്ങിയ വയലുകളും നീ വരുന്നതും കാത്ത് കഴിയുകയാണ്. കാറ്റുമായി മത്സരിച്ച് ഓടുന്ന കൂട്ടുകാരെ, ശ്രദ്ധിച്ചില്ലെങ്കിൽ കുന്നിൽ കാലുതട്ടി വീണുപോകും. വീടിന്റെ മുറ്റത്തു നട്ട പുതിയ തൈമുല്ലയ്ക്ക് ദയയോടെ കുറച്ചു വെള്ളം കൊടുക്കുമോ? നാളെ നീ ആകാശത്തിൽ തനിച്ച്

സഞ്ചരിക്കുമ്പോൾ പൂവാകുന്ന പുഞ്ചിരികൊണ്ട് നിന്നോടുള്ള നന്ദി അറിയിക്കും. വെയിലേറ്റ് പാടത്തു പുല്ല് ശേഖരിക്കുന്ന പാവങ്ങൾക്ക് തണൽ നൽകുക.

9. മഴ യഥാസമയം പെയ്തില്ലെങ്കിൽ കൃഷികളെല്ലാം നശിക്കാം. ഇതുമൂലം നാട്ടിൽ ക്ഷാമമുണ്ടാകുകയും ദാരിദ്ര്യം വർദ്ധിക്കുകയും ചെയ്യും. പട്ടിണിമൂലവും ശുദ്ധ ജലക്ഷാമം മൂലവും രോഗങ്ങൾ ഉണ്ടാകും. ഡാമുകളിൽ ജലം ഇല്ലാതായാൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയാതെവരും. വൈദ്യുതി ഇല്ലാതായാൽ വ്യവസായശാലകൾ പൂട്ടേണ്ടിവരികയും തൊഴിലില്ലായ്മ വർദ്ധിക്കുകയും ചെയ്യും. ആവശ്യത്തിനു മഴ ലഭ്യമല്ലെങ്കിൽ പരിസ്ഥിതിയുടെ സന്തുലനാവസ്ഥ തന്നെ തകരാറിലാവും. ചുരുക്കത്തിൽ എല്ലാ ജീവജാലങ്ങളുടെയും നിലനില്പുതന്നെ അവതാളത്തിലാവും.

10. **കവിയും കാർമേഘവും തമ്മിലുള്ള സംഭാഷണം തയ്യാറാക്കൂ.**

കവി : വറ്റിപ്പോയ തടാകങ്ങളും ഉണങ്ങിയ വയലുകളും നീ വരുന്നതും കാത്ത് കഴിയുകയാണ്.

മേഘം : ഇതാ ഞങ്ങൾ ഓടിവരികയാണ്.

കവി : കാറ്റുമായി മത്സരിച്ചോടുന്ന കൂട്ടുകാരെ, ശ്രദ്ധിച്ചില്ലെങ്കിൽ കുന്നിൽ കാലുതട്ടി വീണുപോകും.

മേഘം : സൂക്ഷിച്ചാണ് ഞങ്ങൾ സഞ്ചരിക്കുന്നത്.

കവി : വീടിന്റെ മുറ്റത്തു നട്ട പുതിയ തൈമുല്ലയ്ക്ക് ദയയോടെ കുറച്ചു വെള്ളം കൊടുക്കുമോ?

മേഘം : ദാഹിച്ചു നിൽക്കുന്ന എല്ലാവർക്കും മതിയാവോളം വെള്ളം നൽകാനാണ് ഞങ്ങൾ വരുന്നത്.

കവി : നാളെ നീ ആകാശത്തിൽ തനിച്ച് സഞ്ചരിക്കുമ്പോൾ പൂവാകുന്ന പുഞ്ചിരികൊണ്ട് നിന്നോടുള്ള നന്ദി അറിയിക്കും.

മേഘം : ഭൂമിക്ക് വെള്ളം നൽകേണ്ടത് പ്രകൃതിയുടെ നിയമമാണ്. എന്റെ കടമ മാത്രമാണ് ഞാൻ നിറവേറ്റുന്നത്.

കവി : വെയിലേറ്റ് പാടത്ത് പുല്ല് ശേഖരിക്കുന്ന പാവങ്ങൾക്ക് തണൽ നൽകുമോ?

മേഘം : തീർച്ചയായും.

## പാഠം – 8
## പറക്കാത്ത പക്ഷി

1. **സമാനപദമെഴുതാം.**

സാദൃശ്യം-സാമ്യം, പ്രാപ്തമാവുക-കഴിവുണ്ടാകുക, തുറസ്സായ-തുറന്നുകിടക്കുന്ന, അടയിരിപ്പ്-കുഞ്ഞിനെ വിരിയിക്കുന്നതിനുവേണ്ടി മുട്ടയുടെ മീതെയുള്ള പക്ഷിയുടെ ഇരിപ്പ്, ജാഗ്രത-അതീവ ശ്രദ്ധ, തൊഴിക്കുക-ചവിട്ടുക, വിതയ്ക്കുക-വിത്തിടുക, ദൈർഘ്യം-നീളം, കീടം-ചെറിയ പ്രാണി.

2. **പര്യായനിഘണ്ടുവിൽനിന്ന് സമാനപദങ്ങൾ കണ്ടെത്തി എഴുതാം.**

ശത്രു - രിപു, വൈരി, സപ്തനൻ,

തൂവൽ - ഏഷികം, തൂലിക, ഈഷിക.

3. **വേർതിരിച്ചെഴുതാം.**

പച്ച + പുല്ല് = പച്ചപ്പുല്ല്, കൃഷി + നാശം = കൃഷിനാശം, കാട്ടു + വള്ളി = കാട്ടുവള്ളി

4. **വിപരീതപദമെഴുതാം**

ശത്രു X മിത്രം, പ്രിയം X അപ്രിയം

5. സംയുക്തപദങ്ങൾ കണ്ടെത്തി വികസിപ്പിച്ചെഴുതാം.

ദൈർഘ്യമേറിയ = ദൈർഘ്യം + ഏറിയ

മുട്ടവിരിഞ്ഞുണ്ടാകുന്ന = മുട്ട + വിരിഞ്ഞ് + ഉണ്ടാകുന്ന

ഉപയോഗിച്ചുണ്ടാകുന്ന = ഉപയോഗിച്ച് + ഉണ്ടാകുന്ന

കഴിയില്ലെങ്കിലും = കഴിയില്ല + എങ്കിലും

പക്ഷികളിലൊന്നാണ് = പക്ഷികളിൽ + ഒന്നാണ്

6. **മാതൃകപോലെ വാക്യം നിർമിക്കാം.**

*മാതൃക:* രാധയെപ്പോലെ പാടാൻ കഴിയില്ലെങ്കിലും ശാരിക്ക് നന്നായി നൃത്തം ചെയ്യാനറിയാം.

സേതുവിനെപ്പോലെ ചിത്രം വരയ്ക്കാനറിയില്ലെങ്കിലും വിനുവിനു നന്നായി കവിത എഴുതാനറിയാം.

7. **ഞാനിഷ്ടപ്പെടുന്ന പക്ഷി**

ഞാനിഷ്ടപ്പെടുന്ന പക്ഷിയാണ് മയിൽ: കാടുകളിലാണ് മയിലിനെ കണ്ടുവരുന്നത്. ഉയർന്ന മരങ്ങളും പൊന്തകളും ഇടതൂർന്നു വളരുന്ന പ്രദേശങ്ങളിലാണ് മയിലുകൾ താമസിക്കുന്നത്. ആൺമയിൽ വർണപ്പകിട്ടുള്ള പീലികളും വാലും വിശറിപോലെ വിടർത്തിപ്പിടിച്ച് നൃത്തം ചെയ്യുന്നു. കൂട്ടമായാണ് ഇവ സഞ്ചരിക്കുന്നത്. വിത്ത്, പലയിനം സസ്യങ്ങളുടെ ഇളം തണ്ട്, പഴങ്ങൾ എന്നിവയും പുഴു, പാറ്റ, ഓന്ത്, വണ്ട്, ഒച്ച്, എലി, പല്ലി എന്നിവയും ഭക്ഷിക്കുന്നു. പൊന്തകൾക്കിടയിൽ തറയിൽ പരന്ന കുഴിമാന്തി ചപ്പും ചുള്ളിക്കമ്പും മറ്റും നിറച്ചാണ് കൂടുകൂട്ടുന്നത്. ഒരു തവണ മൂന്നു മുതൽ അഞ്ചുവരെ മുട്ടയിടുന്നു. മുട്ടയുടെ നിറം മങ്ങിയ വെളുപ്പാണ്. മയിൽ നമ്മുടെ ദേശീയപക്ഷിയാണ്.

8. പേരെഴുതാമോ?

കറുപ്പുനിറം, എല്ലാം തിന്നും എല്ലായിടത്തും കാണാം.

9. **ഒരു ദിവസം ലാലുവിന്റെ കളിത്തത്ത കൂട്ടിൽനിന്ന് പറന്നു പോയിട്ട് തിരികെ എത്തിയില്ല. ഒടുവിൽ ലാലു തത്തയെ അന്വേഷിച്ചിറങ്ങി. വഴിയിൽ കണ്ടുമുട്ടിയവരോടൊക്കെ അവൻ അന്വേഷണം നടത്തി. എന്തെല്ലാം ചോദ്യങ്ങളായിരിക്കും ലാലു അവരോട് ചോദിച്ചിട്ടുണ്ടാവുക ? എഴുതൂ.**

   1. ലാലു......ലാലു എന്നു വിളിച്ചു പറയുന്ന ഒരു തത്തയെ കണ്ടോ?
   2. കഴുത്തിൽ വളയമിട്ടിരിക്കുന്ന ഒരു തത്തയെ കണ്ടോ?
   3. എവിടെയാണ് നിങ്ങൾ അതിനെ കണ്ടത്?
   4. എവിടെക്കാണ് അതു പറന്നു പോയത്?
   5. എപ്പോഴാണ് അവിടെ നിന്നു അതു പറന്നു പോയത്?

10. **ലാലു ഏറെ നേരം അലഞ്ഞുനടന്നെങ്കിലും തത്തെയെ കണ്ടെത്താൻ കഴിഞ്ഞില്ല. അവന്റെ മനസ്സ് വല്ലാതെ വേദനിച്ചു. അവൻ ഡയറിയിൽ മനസ്സിലെ സങ്കടം മുഴുവൻ എഴുതി നിറച്ചു. ലാലുവാണെന്ന് സങ്കല്പിച്ചുകൊണ്ട് നിങ്ങളും ഡയറി എഴുതൂ.**

സെപ്റ്റമ്പർ 19, ശനി.

പതിവുപോലെ നളിനിയെ തുറന്നുവിട്ടു. കുറച്ചുനേരം പറന്നു രസിച്ചിട്ട് തിരിച്ചെത്താറുള്ളതാണ്. ഇന്നവൾ ഇതുവരെ തിരിച്ചെത്തിയില്ല. എനിക്ക് ഒരു അനിയത്തിയാണ് നഷ്ടപ്പെട്ടത്. അത്രയ്ക്ക് ചങ്ങാത്തമാണ് ഞങ്ങൾ തമ്മിലുണ്ടായിരുന്നത്. ലാലു...ലാലു എന്നു വിളിച്ചുകൊണ്ട് നീ വരുന്നതും കാത്ത് ഞാനിരിക്കുന്നു.

11. **പാഠഭാഗത്തുനിന്ന് എത്ര ചോദ്യങ്ങൾ എഴുതി തയ്യാറാക്കാം ? ഇനി ചോദ്യങ്ങൾ പരസ്പരം കൈമാറൂ. നിങ്ങൾക്ക് കിട്ടിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതൂ.**

പാഠഭാഗത്തുനിന്നുള്ള ചോദ്യ നിർമാണം.

   1. ലോകത്തിലെ ഏറ്റവും വലിയ പക്ഷിയേത്?
   2. എമുവിനെ കാണുന്നതെവിടെ?
   3. കഠിനമായ ചൂടിൽനിന്ന് എമുവിനെ സംരക്ഷിക്കുന്നത് എന്താണ്?
   4. എമു ശത്രുക്കളെ നേരിടുന്നത് എങ്ങനെ?
   5. എമുവിന്റെ ആഹാരം എന്തെല്ലാം?
   6. എമുവിന്റെ പ്രത്യേകതകൾ എന്തെല്ലാം?

12. **പക്ഷികൾ പലയിനം ഉണ്ടെങ്കിലും അവയ്ക്കെല്ലാം ചില സാമ്യങ്ങളുണ്ട്. ആ സാമ്യങ്ങൾ കണ്ടെത്തി എഴുതൂ.**

പക്ഷികൾക്കുള്ള സാമ്യങ്ങൾ: ദേഹത്ത് തൂവലുകളും രണ്ടുകാലുകളും ചിറകുകളും എല്ലാ പക്ഷികൾക്കുമുണ്ട്. എല്ലാ പക്ഷികൾക്കും കൊക്കുണ്ട്. പെൺപക്ഷികൾ മുട്ടയിടുന്നു. മുൻകാലുകളാണ് ചിറകുകളായി മാറിയിരിക്കുന്നത്.

13. **നമ്മുടെ പരിസരം വൃത്തിയാക്കുന്ന ഒരു പക്ഷി ഉണ്ടല്ലോ. അത് നമുക്കു ചെയ്യുന്ന ഉപകാരങ്ങൾ എന്തെല്ലാമാണ് ?**

കാക്ക: ഇലയും പുല്ലുമൊഴികെ എന്തും കൊത്തി വിഴുങ്ങുന്ന കാക്ക, പരിസരശുചീകരണത്തിനു വളരെയധികം സഹായിക്കുന്ന പക്ഷിയാണ്. നമ്മുടെ വീടിന്റെ പരിസരത്തു കിടക്കുന്ന ഭക്ഷണത്തിന്റെ അവശിഷ്ടങ്ങൾ, ചത്ത ജീവികൾ തുടങ്ങിയ മലിനീകരണത്തിനിടയാക്കുന്നവയെല്ലാം കാക്കകൾ കൂട്ടത്തോടെയെത്തി ആഹാരമാക്കുന്നു. ഇക്കാരണത്താൽ കാക്കകൾ മനുഷ്യന്റെ സഹായികളായിത്തീരുന്നു.

14. **പട്ടിക തയ്യാറാക്കാം.**

| വിനോദത്തിനുവേണ്ടി വളർത്തുന്ന പക്ഷികൾ | മുട്ടയ്ക്കും ഇറച്ചിയ്ക്കും വേണ്ടി വളർത്തുന്ന പക്ഷികൾ |
|---|---|
| തത്ത, മൈന, പ്രാവ്, കുരുവി | കോഴി, താറാവ്, ടർക്കിക്കോഴി |

## പാഠം - 9

## അദ്ധ്വാനത്തിന്റെ ഫലം

1. **സമാനപദമെഴുതാം.**

വിദേശികൾ-അന്യരാജ്യക്കാർ, നേതൃത്വം-നായകത്വം, ആർജിക്കുക-നേടുക, അനുയായികൾ-നേതാവിനെ അനുസരിക്കുന്നവർ, ജയിൽ-കുറ്റവാളികളെ താമസിപ്പിക്കുന്ന സ്ഥലം, അസുഖം-രോഗം, മലേറിയ-മലമ്പനി, വഷളാകുക-മോശമാകുക, സുഹൃത്ത്-ചങ്ങാതി, യാചകൻ-പിച്ചക്കാരൻ, മിഴി-കണ്ണ്, സന്നദ്ധഭടന്മാർ-പ്രതിഫലം പറ്റാതെ സേവനം ചെയ്യുന്നവർ, സമീപം-അടുത്ത്, ഭയഭക്തി ബഹുമാനങ്ങൾ-ഭയവും ഭക്തിയും ബഹുമാനവും, തലോടുക-തടവുക, സാന്ത്വനിപ്പിക്കുക-ആശ്വസിപ്പിക്കുക.

2. **പര്യായ നിഘണ്ടുവിൽനിന്ന് സമാനപദങ്ങൾ കണ്ടെത്തി എഴുതാം.**

മിഴി-കണ്ണ്, നേത്രം, നയനം.

യാചകൻ-അർഥി, മാർഗണൻ, വനീചകൻ.

3. **വിപരീതപദമെഴുതാം.**

സുഖം X അസുഖം, വിദേശി X സ്വദേശി, ആദ്യം X അന്ത്യം, സംതൃപ്തി X അസംതൃപ്തി.

4. **വേർതിരിച്ചെഴുതാം.**

ഭയഭക്തി - ഭയവും ഭക്തിയും

6. **മാതൃക നോക്കി എഴുതാം**

ബ്രിട്ടൻ - ബ്രിട്ടീഷുകാർ, ഇന്ത്യ - ഇന്ത്യക്കാർ, ശ്രീലങ്ക - ശ്രീലങ്കക്കാർ പാക്കിസ്ഥാൻ - പാക്കിസ്ഥാനികൾ, ബംഗ്ലാദേശ് - ബംഗ്ലാദേശികൾ, ചൈന - ചൈനക്കാർ, ബർമ - ബർമക്കാർ, ജർമ്മനി - ജർമൻക്കാർ

7. **ഗാന്ധിജിയെ കാണാനെത്തിയ ബാലനെ സന്നദ്ധഭടൻമാർ തടഞ്ഞപ്പോൾ അവർ തമ്മിലുണ്ടായ സംഭാഷണം ഊഹിച്ചെഴുതൂ.**

സന്നദ്ധഭടൻമാരിലൊരാൾ: ദാ ഒരു പയ്യൻ അതിക്രമിച്ചു കടക്കുന്നു. പിടിക്കവനെ.

മറ്റൊരാൾ : നില്ക്കവിടെ. കൂടയിലെന്താണ്?

ബാലൻ : കുറച്ചു പഴങ്ങളാണ്.

സന്നദ്ധഭടൻ : നിനക്കത് എവിടെനിന്നുകിട്ടി?

ബാലൻ : പണിയെടുത്തു കിട്ടിയ പണം കൊടുത്ത് വാങ്ങിയതാണ്.

സന്നദ്ധഭടൻ : നിനക്കെന്താണ് വേണ്ടത്?

ബാലൻ : ഗാന്ധിജിയെ കണ്ട് ഈ പഴങ്ങൾ കൊടുക്കാൻ അനുവദിക്കണം.

ഭടൻ : ശരി, കണ്ടിട്ടു വരൂ.

8. **സന്ദർഭം കണ്ടെത്തി എഴുതാം.**
   1. ഒരു കീറിയ കുടയും പിടിച്ച് ഒരു ബാലൻ ആ തിരക്കിൽ കൂടി കയറാൻ ശ്രമിച്ചു.
   2. ജനക്കൂട്ടത്തെ നിയന്ത്രിച്ചിരുന്ന സന്നദ്ധഭടന്മാർ യാചകനാണെന്നു കരുതി അവനെ അവിടെനിന്നു തള്ളിമാറ്റി.
   3. വീട്ടുകാരറിയാതെ ചുമടെടുത്തു കിട്ടിയ പണംകൊണ്ട് വാങ്ങിയ കുറച്ചു പഴങ്ങളുമുണ്ട്.

9. **പകരം പദം എഴുതാം.**

അന്യരാജ്യക്കാർ - വിദേശികൾ,
ആശ്വസിപ്പിക്കാനായി - സമാധാനിപ്പിക്കാനായി,
പിച്ചക്കാരെപ്പോലെ - യാചകരെപ്പോലെ,
കണ്ണുമായി - മിഴിയുമായി, നായകത്വം - നേതൃത്വം.

10. **വിവരണം തയ്യാറാക്കാം.**

മുഷിഞ്ഞു കീറിയ വസ്ത്രങ്ങളാണ് അയാൾ അണിഞ്ഞിരുന്നത്. നീണ്ടു വളർന്ന മുടിയിഴകൾ ചെമ്പിച്ച് പാറിപ്പറന്നിരുന്നു. അയാളുടെ കയ്യിൽ ഒരു കീറിയ കാലൻകുടയും ഉണ്ടായിരുന്നു. ക്ഷീണിച്ച ശരീരവും ദൈന്യതയാർന്ന നേത്രങ്ങളും ചുവടുറക്കാത്ത നടത്തവും ആരിലും സഹതാപമുണ്ടാക്കുന്നതായുരുന്നു.

11. **ചുമടെടുക്കാനും അങ്ങനെ കിട്ടിയ പണംകൊണ്ട് ഗാന്ധിജിക്ക് പഴം വാങ്ങിക്കൊടുക്കാനും ബാലൻ തയ്യാറായത് എന്തുകൊണ്ട് ?**

സ്വന്തം നാടിന്റെ സ്വാതന്ത്ര്യനുവേണ്ടി ത്യാഗപൂർണ്ണായി പ്രവർത്തിക്കുന്ന ഗാന്ധിജിയോട് ബാലന് അതിരറ്റ ആദരവും ബഹുമാനവും സ്നേഹവും ഉണ്ടായിരുന്നതുകൊണ്ടാണ് പണിയെടുത്തുകിട്ടിയ പണംകൊണ്ട് വാങ്ങിയ പഴവുമായി അവൻ അദ്ദേഹത്തെ കാണാനെത്തിയത്.

12. **ഭാരതത്തിന് സ്വാതന്ത്ര്യം നേടിത്തന്ന ഗാന്ധിജിക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഒരു കത്തു തയ്യാറാക്കൂ.**

പ്രിയപ്പെട്ട ഗാന്ധിജി,

അങ്ങേയ്ക്കു സുഖമാണെന്ന് കരുതുന്നു. അങ്ങയുടെ ത്യാഗപൂർണമായ പ്രവർത്തനം ജനങ്ങളോടുള്ള അതിരറ്റ സ്നേഹവുമാണ് ഭാരതത്തിന് സ്വാതന്ത്ര്യം കിട്ടാൻ കാരണമെന്ന് ഞാൻ കരുതുന്നു. ലോകശക്തികളിലൊന്നായിരുന്ന ബ്രിട്ടന്റെ ആധിപത്യത്തിൽനിന്ന് അഹിംസ മാർഗത്തിലൂടെയും സത്യാഗ്രഹ സമരത്തിലൂടെയും സ്വാതന്ത്ര്യ സമരം നയിച്ച് ലക്ഷ്യത്തിലെത്തിച്ചേർന്ന അങ്ങയുടെ നിശ്ചയദാർഢ്യത്തിനു മുമ്പിൽ ഞാൻ ശിരസു നമിക്കുന്നു. അങ്ങയുടെ ക്ഷമാശീലവും ത്യാഗമനോഭാവവും കാരുണ്യശീലവും ഞാൻ എന്റെ ജീവിതത്തിൽ പിന്തുടരുമെന്നു ഉറപ്പുനൽകുന്നു. കോടിക്കണക്കിനു വരുന്ന ഇന്ത്യക്കാരെ സ്വാതന്ത്ര്യത്തിന്റെ പ്രകാശത്തിലേയ്ക്കു നയിച്ച കർമധീരനായ അങ്ങയുടെ മുമ്പിൽ നന്ദിയോടെ പ്രണമിക്കുന്നു.

സ്നേഹപൂർവം.

ഒപ്പ്.

പേര്

**പാഠം - 10**

**കുറുനരിയുടെ കൗശലം**

1. **സമാനപദമെഴുതാം.**

വനം-കാട്, കുറുനരി-കുറുക്കനോട് സാമ്യമുള്ള ഒരു മൃഗം, സ്വാർത്ഥനിഷ്ഠൻ-സ്വന്തം കാര്യം മാത്രം ശ്രദ്ധിക്കുന്നവർ, കൗശലം-സൂത്രം,ഉപായം-കാര്യംകാണുന്നതിനുള്ളവഴി, ഭക്ഷിക്കുക-തിന്നുക, ചിന്താകുലൻ-ദു:ഖിതൻ, സമ്പാദ്യം-നേട്ടം, പേടിച്ചരണ്ട-ഭയന്നുപരിഭ്രമിച്ച, കണ്ണുതുറപ്പിക്കുക-അറിവുണ്ടാക്കി കൊടുക്കുക,

അഹങ്കാരം-ഞാനെന്ന ഭാവം, പന്തികേട്-ക്രമമില്ലായ്മ, തന്ത്രം-സൂത്രം, ഊഴം-മുറ, യഥേഷ്ടം-ഇഷ്ടംപോലെ, പൊരുതുക-യുദ്ധം ചെയ്യുക.

2. **പര്യായനിഘണ്ടുവിൽനിന്ന് സമാനപദങ്ങൾ കണ്ടെത്തി എഴുതാം.**
   വനം - അടവി, അരണ്യം, കാന്താരം.
   എലി - ആഖു, മൂഷികൻ, മൂഷ.
3. **ഒറ്റപ്പദമെഴുതാം.**
   ചിന്തകൊണ്ട് ആകുലൻ - ചിന്താകുലൻ,
   എലിയുടെ കുഞ്ഞ് - എലിക്കുഞ്ഞ്
4. **തെരഞ്ഞെടുക്കാം.**
   ഈ കഥയിലെ കടുവയെയാണ് എനിക്കിഷ്ടമായത്. കുറുനരിയുടെ വാക്കുകൾ വിശ്വസിച്ച കടുവ എലിയോടു പക തോന്നാതെ സ്വന്തം കുറവ് തിരിച്ചറിഞ്ഞ് സ്വയം ഇരതേടാൻ പുറപ്പെടുന്നത് വിശാലമായി ചിന്തിക്കുന്നതുകൊണ്ടാണ്.
5. **സംഭാഷണം എഴുതാം.**
   കുറുനരി: കൂട്ടരെ, ഈ മാൻ വളരെ സമർത്ഥനാണ്. കടുവച്ചേട്ടൻ ഇതിനെ ഓടിച്ചുപിടിക്കാൻ പലതവണ ശ്രമിച്ചിട്ടും സാധിച്ചില്ല. കൗശലം പ്രയോഗിച്ചേപറ്റൂ. ഈ മാൻ ഉറങ്ങുന്ന സമയത്ത് നമ്മുടെ എലിക്കുട്ടൻ ചെന്നു മെല്ലെ കാലു കരണ്ടുമുറിക്കണം. പിന്നീട് കടുവച്ചേട്ടൻ പിടിക്കാണം. നമുക്കെല്ലാം ഒരുമിച്ചുചേർന്നു ഭക്ഷിക്കാം.
   കുറുനരി: നിങ്ങളെല്ലാവരും കുളി കഴിഞ്ഞു വരുന്നതുവരെ ഞാനിവിടെ കാവലിരിക്കാം.
   കടുവ: ചങ്ങാതി, നീയെന്താ ഇത്ര ദു:ഖം പൂണ്ടിരിക്കുന്നത്. വരൂ നമുക്കൊരുമിച്ചു സന്തോഷമായി ഈ മാനിറച്ചി തിന്നാം.
   കുറുനരി: കടുവച്ചേട്ടാ, ആ എലിക്കുട്ടൻ എന്നോട് പറയുകയാണ് കടുവയ്ക്ക് കരുത്തില്ലെന്ന്. മാനിനെക്കൊന്നത് ഞാനാണെന്നും ഇന്നിപ്പോൾ എന്റെ സമ്പാദ്യമാണ് ആ കടുവ തിന്നുന്നതെന്നും. ചേട്ടാ, എലിക്കുഞ്ഞിന്റെ അഹങ്കാരം കണ്ടില്ലേ? എനിക്കതു കേട്ടിട്ട് വല്ലാത്ത മനപ്രയാസം. അതു കൊണ്ട് ഈ മാനിറച്ചി തിന്നണമെന്നേ തോന്നുന്നില്ല.
   കടുവ: അവൻ എന്റെ കണ്ണു തുറപ്പിച്ചു. ഞാനിനി തനിയേ ഇര തേടിക്കൊള്ളാം.
   കുറുനരി: എലിക്കുട്ടീ, ആ കീരി പറയുകയാണ് കടുവ കടിച്ചതിനാൽ മാനിറച്ചിയിൽ വിഷം കലർന്നിട്ടുണ്ടെന്നും അവൻ തിന്നുന്നില്ലെന്നും. ഞാൻ സമ്മതിച്ചാൽ അവൻ നിന്നെ തിന്നു കൊള്ളാമെന്ന്. നിനക്ക് ഇഷ്ടംപോലെ ചെയ്യാം.
   കുറുനരി: പൊന്നനിയാ ചെന്നായേ, ആ കടുവച്ചേട്ടൻ ഇന്ന് നിന്നോട് വളരെ കോപത്തിലാണ്. ഇവിടെ നില്ക്കുന്നത് പന്തികേടാകുമെന്നാണ് തോന്നുന്നത്. അവൻ ചേട്ടത്തിയേയും കൂട്ടി ഉടനെ ഇവിടെയെത്തും. നീ മിടുക്കനാണ്. എന്തുവേണമെങ്കിലും വേഗം ചെയ്തുകൊള്ളണം.
   കുറുനരി: എടാ കീരി, ഞാൻ പോരടിച്ച് കടുവയെയും ചെന്നായെയും എലിയെയും തുരത്തി. അവരെല്ലാം ജീവനും കൊണ്ട് ഓടി. നിന്റെ ഊഴമാണിനി. വാ നമുക്കു പൊരുതാം.
   കീരി: അവരെല്ലാം പൊരുതി തോറ്റെങ്കിൽ ഞാനെങ്ങനെ പൊരുതും.
6. **കഥമാറ്റാം.**
   നേരം ഇരുട്ടി. റോഡിന്റെ തിരക്കൊഴിഞ്ഞ ഭാഗത്ത് വാസുവും ബെന്നിയും കോയയും ഒത്തുകൂടി. മോഷ്ടിച്ചെടുത്ത മുതൽ ഭാഗിച്ചെടുക്കാനാണ് അവർ അവിടെ ഒത്തുകൂടിയത്. പെട്ടെന്നാണ് കാറ്റും മഴയും തുടങ്ങിയത്. മോഷണവസ്തുക്കൾ സഞ്ചിയിലാക്കി അവർ ആളൊഴിഞ്ഞ കടത്തിണ്ണയിലേക്കു കയറി നിന്നു. മഴ പെയ്തൊഴിയുന്നതും നോക്കി അവർ കുറച്ചുനേരം കാത്തുനിന്നു. 'വാസു നീ എവിടെ നിന്നെങ്കിലും ഒരു കുട സംഘടിപ്പിക്കണം. ഇവിടെ ഇങ്ങനെ നിന്നാൽ അപകടമാണ്. കൂട്ടിന് കോയയേയുംകൂട്ടിക്കൊ'. കളവുമുതലുമായി ബെന്നിയുടെ വാക്കുകൾ വിശ്വസിച്ച വാസുവും കോയയും കുട തേടി നടക്കാൻ തുടങ്ങി. നടക്കുന്നതിനിടയിൽ വാസു പഞ്ഞു. 'ഇക്കാലത്ത് ആരെയും വിശ്വസിക്കരുത്. അവൻ നമ്മുടെ സമ്പാദ്യവുമായി കടന്നു കളഞ്ഞാലൊ'. കോയയും വാസുപറഞ്ഞതിനോടു യോജിച്ചു. അവർ പുറപ്പെട്ടിടത്തേക്കു തിരിഞ്ഞോടാൻ തുടങ്ങി. അപ്പോഴതാ ഒരു പോലീസ് ജീപ്പ് അവരുടെ മുമ്പിൽ വന്നുനിന്നു.
   'ഇവൻമാരാണൊ നിന്റെ കൂട്ടുകാർ'? പോലീസുകാരുടെ ചോദ്യത്തിന് ജീപ്പിനകത്തിരുന്ന് ബെന്നി തലയാട്ടി. കോയയും വാസുവും നിമിഷങ്ങൾക്കകം ജീപ്പിനകത്തായി.
7. **കുറുനരിയുടെ സൂത്രം മനസ്സിലാക്കിയ മൃഗങ്ങളെല്ലാം മറ്റൊരിടത്ത് ഒന്നിച്ചുകൂടി. ഇനി എന്തു സംഭവിക്കുമെന്ന് കൂട്ടുകാരുമായി ചർച്ച ചെയ്യൂ. തുടർന്ന് എഴുതൂ.**
   കടുവയും എലിയും ചെന്നായും കീരിയും കുറുനരിയുടെ സൂത്രം മനസ്സിലാക്കിയപ്പോൾ അവനെ ഒരു പാഠം പഠിപ്പിക്കണമെന്ന് തീരുമാനിച്ചു. മാനിറച്ചി യഥേഷ്ടം തിന്ന് വയറുനിറഞ്ഞ കുറുനരി അവിടെക്കിടന്ന് മയങ്ങിപ്പോയി. ആ സമയത്ത് വഞ്ചിതരായ നാലുപേരും അവിടെയെത്തി തുടങ്ങി. എലി;

കുറുനരിയുടെ കാൽ കരണ്ടുമുറിക്കാൻ തുടങ്ങി. എലിയുടെ പല്ലുകൾ മാംസം തുളച്ചുപ്പോഴുണ്ടായ വേദനയിൽ അവൻ ഞെട്ടിയുണർന്നു. താൻ ചതിച്ച നാലുപേരും ചുറ്റിലും നിൽക്കുന്നതുകണ്ടപ്പോൾ കുറുനരി അപകടം മനസ്സിലാക്കി ഓടാൻ ശ്രമിച്ചപ്പോൾ കടുവ ഗർജിച്ചു. 'അനങ്ങിപ്പോകരുത്. വഞ്ചനയ്ക്കുള്ള ശിക്ഷ നീ അനുഭവിച്ചേ തീരൂ'. കുറുനരിക്കൊന്നും ഉരിയാടാൻ അവസരം കൊടുക്കാതെ ചെന്നായ ചാടിവീണ് അവന്റെ കഥ കഴിച്ചു.

8. നാടകമാക്കാം: പ്രവർത്തനം അഞ്ചിനോടൊപ്പം അനുയോജ്യമായ സംഭാഷണങ്ങൾ കൂട്ടിച്ചേർത്താൽ മതി.

9. **കണ്ണുതുറപ്പിക്കുക, ജീവനുംകൊണ്ട് ഓടുക, പന്തികേട് തുടങ്ങിയ പ്രയോഗങ്ങളുടെ അർത്ഥം കഥയുടെ സന്ദർഭത്തിൽ നിന്നും കണ്ടെത്തൂ. തുടർന്ന് ഈ പ്രയോഗങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിച്ചെഴുതൂ.**

   *മാതൃക:* പരീക്ഷയിലെ തോൽവി മടിയനായ കുട്ടിയുടെ കണ്ണ് തുറപ്പിച്ചു.

   1. ജീവനുംകൊണ്ട് ഓടുക: വഴിപോക്കരെ വെല്ലുവിളിച്ചു കൊണ്ടുനിന്ന മദ്യപാനി പോലീസ്ജീപ്പ് വരുന്നതു കണ്ടപ്പോൾ ജീവനുംകൊണ്ട് ഓടാൻ തുടങ്ങി.
   2. പന്തികേട്: തിരക്കുള്ള ബസ്സിനുള്ളിൽ തിക്കിക്കയറി പോക്കറ്റടിക്കാൻ ശ്രമിച്ച മോഷ്ടാവ് യാത്രക്കാർ ശ്രദ്ധിക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ പന്തികേട് മനസ്സിലാക്കി ബസ് നിർത്തിയപ്പോൾ ഇറങ്ങി സ്ഥലം വിട്ടു.

10. **കുറുനരിയുടെ പ്രവർത്തിയെപ്പറ്റി നിങ്ങളുടെ അഭിപ്രായം എന്ത് ? അതിന്റെ കാരണവും എഴുതൂ.**

    കുറുനരിയുടെ സ്വാർത്ഥതയോടെയുള്ള പെരുമാറ്റത്തോട് യോജിക്കുന്നില്ല. കുറുനരി തന്റെ കൗശലമുപയോഗിച്ച് മറ്റുള്ളവരുടെ അധ്വാനത്തിലൂടെ നേടിയ ആഹാരം ഒറ്റയ്ക്ക് ഭക്ഷിക്കുന്നതിന് ആഗ്രഹിച്ചതുകൊണ്ടാണ് അവന്റെ പ്രവർത്തിയോട് യോജിക്കാത്തത്.

11. **കൂട്ടുകാരൻ എന്നർത്ഥം വരുന്ന പദം പാഠഭാഗത്തുനിന്ന് കണ്ടെത്തി എഴുതൂ.**

    ചങ്ങാതി

## പാഠം – 11

## വാഴക്കുല

1. **സമാനപദമെഴുതാം.**

   മാടം-കുടിൽ, വിരിപ്പൂ-ഒരിനം നെല്ല്, മനതാര്-മനസ്സ്, അന്തി-രാത്രി, അനുദിനം-ദിവസംപ്രതി, ശുശ്രൂഷ-പരിചരണം, ചെറ്റും-അല്പമെങ്കിലും. ഉഴുക-വയലുകൾ കൃഷിക്കു തയ്യാറാക്കാൽ.

2. **പര്യായനിഘണ്ടുവിൽനിന്ന് സമാനപദങ്ങൾ കണ്ടെത്തി എഴുതാം.**

   മഴ-വൃഷ്ടി, വർഷം, മാരി. വാഴ-സുഫല, മോച, രംഭ.

3. വേർതിരിച്ചെഴുതാം.

   അരുമക്കിടാങ്ങൾ-അരുമയായ കിടാങ്ങൾ,
   കുളിർക്കാറ്റ് - കുളിരുള്ളകാറ്റ്, ചെറുവാഴ - ചെറിയവാഴ

4. **എന്തുപോലെയാണ് മരതകക്കൂമ്പു പൊടിച്ചുവന്നത് ?**

   മനതാരിലാശകൾപോലെ

7. **വരികൾ കണ്ടെത്താം എഴുതാം. താഴെ കൊടുത്തിരിക്കുന്ന ആശയമുള്ള വരികൾ കവിതയിൽ നിന്ന് കണ്ടെത്തി എഴുതാം.**

   1. മഴ വന്ന നാളൊരു വാഴനട്ടു.
   2. വളരെപ്പണിപ്പാടു വന്നുകൂടി
   3. ഉഴവാൻ രാവിലെപോകും മലയനു-
      മഴകിയും-പോരുമ്പോളന്തിയാവും
   4. അനുദിനമങ്ങനെ ശുശ്രൂഷ ചെയ്കയാ
      ലതു വേഗവേഗം വളർന്നുവന്നു.

10. **താഴെ കൊടുത്തിരിക്കുന്ന ഉത്തരങ്ങൾക്ക് ചോദ്യമെഴുതാമോ ?**

    1. ആരാണ് വാഴ നട്ടത്?
    2. മലയപ്പുലയൻ വാഴനട്ട ദിവസത്തിന്റെ പ്രത്യേകത എന്ത്?
    3. എന്തുപോലെയാണ് മരതകത്തിന്റെ നിറമുള്ള കൂമ്പ് പൊടിച്ചുവന്നത്?
    4. എപ്പോഴാണ് വളരെയധികം ജോലികൾ ചെയ്തു തീർക്കേണ്ടതായി വന്നത്?
    5. തൈവാഴ വേഗം വളർന്നുവരാൻ കാരണമെന്ത്?
    6. മലയപ്പുലയന്റെ ഭാര്യ ആരാണ്?

11. **വാക്യങ്ങൾ ക്രമീകരിച്ചാൽ കവിത ഗദ്യരൂപത്തിലാക്കാം. ശ്രമിച്ചുനോക്കൂ. കവിത ശ്രദ്ധയോടെ വായിച്ചാൽ പ്രവർത്തനം എളുപ്പമാക്കാം.**

    മലയപ്പുലയൻ കുടിലിന്റെ മുറ്റത്തു മഴയുള്ള ഒരു ദിവസം വാഴ നട്ടു.

    മനസ്സിലെ ആഗ്രഹംപോലെ ഓരോ കൂമ്പിലകൾ വന്നു കൊണ്ടിരിന്നു.

    തന്റെ മക്കളിലൊന്നായിക്കരുതി മലയപ്പുലയന്റെ ഭാര്യ അഴകി ആ തൈവാഴയെ സ്നേഹത്തോടെ പരിചരിച്ചു.

മഴക്കാലംപോയി ആകാശം തെളിഞ്ഞപ്പോൾ മലയൻ വളർത്തുന്ന മാടത്ത പാട്ടുപാടി.
മരങ്ങൾ പൂക്കുകയും വാനം തെളിയുകയും ചെയ്തപ്പോൾ മലയന്റെ കുടിലിന്റെ മുകളിലും പൂക്കൾ വന്നുവീണു.
പാടത്ത് നെല്ലുവിതക്കേണ്ട കാലമായപ്പോൾ മലയനും അഴകിക്കും ധാരാളം പണികൾ ചെയ്യാനുണ്ടായി.
മലയനും അഴകിയും നിലം ഉഴുതുമറിക്കുന്നതിന് രാവിലെ പോയാൽ രാത്രിയാകുമ്പോഴെ മടങ്ങിയെത്തൂ.
എങ്കിലും തൈവാഴയ്ക്ക് വെള്ളമൊഴിക്കാൻ അവർ ഒട്ടും മറക്കാറില്ല.
അങ്ങനെ എല്ലാദിവസവും വേണ്ടവിധം പരിചരിച്ചതിനാൽ തൈവാഴ അതിവേഗത്തിൽ വളർന്നു വലുതായി.

12. **വാക്യങ്ങൾ ശരിയായി ക്രമീകരിച്ചില്ലെ ? ഇനി വാക്യങ്ങൾ ഖണ്ഡികയാക്കി എഴുതൂ.**

മലയപ്പുലയൻ കുടിലിന്റെ മുറ്റത്തു മഴയുള്ള ഒരു ദിവസം വാഴ നട്ടു. മനസ്സിലെ ആഗ്രഹങ്ങൾപോലെ ഓരോ കൂമ്പിലകൾ വന്നു കൊണ്ടിരിന്നു. തന്റെ മക്കളിലൊന്നായിക്കരുതി മലയപ്പുലയന്റെ ഭാര്യ അഴകി ആ തൈവാഴയെ സ്നേഹത്തോടെ പരിചരിച്ചു. മഴക്കാലം പോയി ആകാശം തെളിഞ്ഞപ്പോൾ മലയൻ വളർത്തുന്ന മാടത്ത പാട്ടുപാടി. മരങ്ങൾ പൂക്കുകയും വാനം തെളിയുകയും ചെയ്തപ്പോൾ മലയന്റെ കുടിലിന്റെ മുകളിലും പൂക്കൾ വന്നുവീണു. പാടത്തു നെല്ലുവിതക്കേണ്ട കാലമായപ്പോൾ മലയനും അഴകിയും ധാരാളം പണികൾ ചെയ്യാനുണ്ടായി. മലയനും അഴകിയും നിലം ഉഴുതുമറിക്കുന്നതിനു രാവിലെ പോയാൽ ഇരുട്ടുമ്പോഴേ മടങ്ങിയെത്തൂ എങ്കിലും തൈവാഴയ്ക്ക് വെള്ളമൊഴിക്കാൻ അവർ ഒട്ടും മറക്കാറില്ല. അങ്ങനെ എല്ലാ ദിവസവും വേണ്ടവിധം പരിചരിച്ചതിനാൽ തൈവാഴ അതിവേഗത്തിൽ വളർന്നു വലുതായി.

13. **കവിതപൂർണമാക്കാമൊ ?**

അനുദിനമങ്ങനെ ശുശ്രൂഷ ചെയ്കയാ-
ലതുവേഗവേഗം വളർന്നുവന്നു.
മലയനുമഴകിയും മക്കളുമനുദിനം
വാഴയെ നോക്കി കിനാവു കണ്ടു.
കുലവന്ന വാഴയ്ക്കു വെള്ളമൊഴിക്കുവാൻ
പുലയക്കിടാങ്ങൾ മത്സരിച്ചു.
കുലയുടെ ഭാരം സഹിക്കാൻ കഴിയാതെ
വാഴത്തല ചാഞ്ഞുവന്നു
അതുകണ്ട മലയൻ താങ്ങുകൊടുക്കുവാൻ
മുഴുപ്പുള്ള മുളയൊന്നു കണ്ടുവെച്ചു.
കോരിയവെള്ളവും കണ്ടകിനാക്കളും
തട്ടിത്തെറിപ്പിച്ചൊരുനാൾ ജന്മിയെത്തി
അവർ നെയ്ത സ്വപ്നത്തെ മുറിച്ചെടുത്തു
മലയനുമഴകിയും അവരുടെ കിടാങ്ങളും
ആ കാഴ്ചകണ്ടു നടുങ്ങിപ്പോയി.

14. **മലയന്റെ വാഴയ്ക്ക് പിന്നീട് എന്തു സംഭവിച്ചിട്ടുണ്ടാകും ? ഗദ്യരൂപത്തിൽ ഖണ്ഡികയാക്കി എഴുതൂ.**

മലയപ്പുലയൻ നട്ടുവളർത്തിയ വാഴയ്ക്ക് കുലവന്നപ്പോൾ എല്ലാവർക്കും സന്തോഷമായി. അവർ ഓരോ ദിവസവും വാഴച്ചുവട്ടിലെത്തി കുലയിലേക്കു നോക്കി വളർച്ച പരിശോധിക്കും. കായ് പഴുത്തുപാകമാകുമ്പോൾ അത് പങ്കുവയ്ക്കുന്നതിനെച്ചൊല്ലി കിടാങ്ങൾ തർക്കിച്ചു. ഒടുവിൽ കുല പഴുത്തു തുടങ്ങി. മലയനും അഴകിയും മക്കളുമെല്ലാം കായ്കളിൽ മഞ്ഞനിറം പടരുന്നത് കണ്ട് അതിരറ്റു ആഹ്ലാദിച്ചു. എന്നാൽ അടുത്ത ദിവസം ആ സ്ഥലത്തിന്റെ ഉടമ പണിക്കാരനുമായി വന്ന് ആ കുല വെട്ടിയെടുത്ത് കൊണ്ടുപോയി. മലയനും കുടുംബവും ആ കാഴ്ച കണ്ട് ഞെട്ടിപ്പോയി.

## പാഠം – 12

## മെൻലോ പാർക്കിലെ മാന്ത്രികൻ

1. **സമാനപദമെഴുതാം.**

സ്റ്റേഷൻ മാസ്റ്റർ-റെയിൽവെ സ്റ്റേഷനിലെ പ്രധാന ഉദ്യോഗസ്ഥൻ, അമ്പരന്നു-പരിഭ്രമിച്ചു, ധൈര്യസമേതം-ധൈര്യത്തോടുകൂടി, സന്തുഷ്ടൻ-സംതൃപ്തൻ, റാഞ്ചുക-വേഗത്തിൽ വാരിയെടുക്കുക, മോഴ്സ് കോഡ് - ടെലി ഗ്രാം , താല്പര്യം-ഇഷ്ടം, ക്ലേശം-പ്രയാസം, അന്തരിച്ചു -മരിച്ചു, മൗനം-നിശ്ശബ്ദത.

2. **പര്യായ നിഘണ്ടുവിൽനിന്ന് സമാനപദങ്ങൾ കണ്ടെത്താം.**

ദുഃഖം-വ്യഥ, സങ്കടം, കുഞ്ഞ്-പൈതൽ, ശിശു.

3. **ഒറ്റപ്പദമാക്കൂ.**

പത്രത്തിന്റെ വിതരണക്കാരൻ - പത്രവിതരണക്കാരൻ
മനുഷ്യന്റെ ശബ്ദം - മനുഷ്യശബ്ദം

4. **ഒന്നിലധികം പദങ്ങൾ ചേർന്നുണ്ടായ സംയുക്തപദങ്ങൾ കണ്ടെത്തി അവ വികസിപ്പിച്ചെഴുതൂ.**

ദു:ഖമാചരിച്ചു, ഊർജതന്ത്രം, പരീക്ഷണശാല, പത്രമാപ്പീസ്, അച്ചടിശാല

5. **തോമസ് ആൽവാ എഡിസനെപ്പറ്റി കുറച്ചുകാര്യങ്ങൾ നിങ്ങൾ മനസ്സിലാക്കി. അദ്ദേഹത്തെപ്പറ്റി കൂടുതൽ കാര്യങ്ങൾ അറിയുന്നതിനാവശ്യമായ പത്തു ചോദ്യങ്ങൾ എഴുതി തയ്യാറാക്കൂ.**
   1. എഡിസന്റെ മാതാപിതാക്കൾ ആരെല്ലാമായിരുന്നു?
   2. എഡിസന്റെ ജന്മസ്ഥലം?
   3. തീവണ്ടിയിൽ പത്രവില്പനക്കാരനായി ജീവിതമാരംഭിക്കാൻ എഡിസനെ പ്രേരിപ്പിച്ച സാഹചര്യം എന്ത്?
   4. എഡിസന്റെ വിദ്യാഭ്യാസ യോഗ്യത?
   5. മൂന്നുമാസം മാത്രം സ്കൂളിൽ പോയ എഡിസന് മഹാനായ ശാസ്ത്രജ്ഞനായി തീർന്നതെങ്ങനെ?
   6. ദാരിദ്ര്യം തകർത്ത ഒരു ബാല്യത്തിൽ നിന്ന് ലോകം കീഴടക്കാൻ എഡിസനെ സഹായിച്ച ഘടകം?
   7. എഡിസൺ ജനിച്ച വർഷവും തീയതിയും?
   8. എഡിസന്റെ കഠിനാധ്വാനവും നിശ്ചയദാർഢ്യവും വ്യക്തമാക്കുന്ന ഒരു സംഭവം വിവരിക്കുക?
   9. അദ്ദേഹം നടത്തിയ കണ്ടുപിടുത്തങ്ങൾ എത്ര?
   10. അദ്ദേഹം മരിച്ച വർഷവും തീയതിയും?

6. **കണ്ടുപിടുത്തങ്ങളും ശാസ്ത്രജ്ഞന്മാരും.**

   ടയർ - ഡൺലപ്

   ബാൾ പേന - ലാഡി സ്ലാപോ ബീറോ

   സ്റ്റെതസ്കോപ്പ്, ടെലിവിഷൻ - ജോൺ ബിയേർഡ്

   റേഡിയോ - മാർക്കോണി

   കമ്പ്യൂട്ടർ - ചാൾസ് ബാബേജ്

8. **ദാരിദ്ര്യം മൂലം എഡിസണ് കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവന്നു. ദാരിദ്ര്യം മനുഷ്യ ജീവിതത്തിലുണ്ടാക്കുന്ന ക്ലേശങ്ങളെപ്പറ്റി മാതാപിതാക്കളുമായി ചർച്ച ചെയ്ത് ഒരു വിവരണം തയ്യാറാക്കൂ.**

   ദാരിദ്ര്യം മനുഷ്യന്റെ ജീവിതത്തിൽ അസംതൃപ്തിയും നിരാശയും ദു:ഖവും ഉണ്ടാക്കുന്നു. ആഹാരവും പാർപ്പിടവുമില്ലാതെ വിഷമിക്കുന്നവർ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. തൊഴിലില്ലായ്മയാണ് ദാരിദ്ര്യത്തിനുള്ള പ്രധാനകാരണം. അത്യാവശ്യകാര്യങ്ങൾക്കുപോലും പണം കൈവശമില്ലാതെ വരുമ്പോഴാണ് പട്ടിണിയും ആരോഗ്യ പ്രശ്നങ്ങളും രൂക്ഷമാകുന്നത്. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ എല്ലാവർക്കും ഉണ്ടാകണമെങ്കിൽ തൊഴിൽ സാധ്യതകൾ നമ്മുടെ നാട്ടിൽ കൂടുതൽ ഉണ്ടാകണം. പോഷകാഹാരക്കുറവുമൂലം ശിശുക്കൾ മരിക്കുകയും രോഗങ്ങൾക്ക് അടിമകളായിത്തീരുകയും ചെയ്യുന്ന നാടാണ് നമ്മുടേത്. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ നാം ഏതു തൊഴിൽ ചെയ്യാനും തയ്യാറാകണം.

10. **ഞാൻ കണ്ടെത്തിയ ശാസ്ത്രജ്ഞൻ.**

   ഗലീലിയോ ഗലീലി: ഇറ്റലിയിലെ പിസ എന്ന സ്ഥലത്ത്, 1564 ഫെബ്രുവരി 18ാം തീയതി സ്റ്ററാറ്റ് ഫോർഡ് ഏവനിൽ ഗലീലിയോ ഗലീലി ജനിച്ചു. അച്ഛൻ വിൻസെൻസോ ഗലീലി ഗണിത ശാസ്ത്രത്തിൽ നല്ല പാണ്ഡിത്യവും സംഗീതത്തിൽ തികഞ്ഞ അഭിരുചിയും സ്വന്തമാക്കിയ ദരിദ്രനായിത്തീർന്ന ഒരു പ്രഭുവായിരുന്നു. പതിമ്മൂന്നാം വയസ്സിൽ ഗലീലിയോ പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കി. പിന്നീട് പിസ യൂണിവേഴ്സിറ്റിയിൽ ചേർന്നു. അദ്ദേഹത്തിന്റെ ആദ്യത്തെ അറിയപ്പെട്ട കണ്ടുപിടുത്തം പെൻഡുലമായിരുന്നു. സൂര്യൻ ഭൂമിയെ ചുറ്റുകയാണെന്നും, ഭൂമി ഒരിടത്തുതന്നെ നില്ക്കുകയാണെന്നുമുള്ള അക്കാലത്തെ വിശ്വാസത്തെ ഭൂമിയാണ് സൂര്യനെ ചുറ്റുന്നതെന്ന് കോപ്പർ നിക്കസ്സിന്റെ തത്വങ്ങൾക്ക് അദ്ദേഹം സ്ഥിരീകരണം നൽകി. ദൂരദർശിനിയുടെ കണ്ടുപിടുത്തമാണ് അദ്ദേഹത്തിന്റെ മറ്റൊരു പ്രധാന കണ്ടുപിടുത്തം. ഗലീലിയോവിന്റെ കണ്ടുപിടുത്തങ്ങൾ വിശ്വശാസ്ത്രരംഗത്ത് പരിവർത്തനത്തിന്റെ കൊടുങ്കാറ്റ് വിതച്ചു. അദ്ദേഹത്തിന്റെ ഹൈഡ്രോസ്റ്റാറ്റിക് ബാലൻസും, ഗുരുത്വ കേന്ദ്രസിദ്ധാന്തങ്ങളും, അയസ്കാന്ത പരീക്ഷണങ്ങളും ലോകശാസ്ത്രത്തിനു സ്വന്തമാക്കിക്കൊടുത്തത് നവം നവങ്ങളായ ചക്രവാളപ്പരപ്പുകളായിരുന്നു. 1642 ജനുവരി 8-ാം തീയതി എഴുപത്തെട്ടാമത്തെ വയസ്സിൽ അദ്ദേഹം അന്തരിച്ചു.

## പാഠം - 13
## വിനോദത്തിന്റെ വിനോദം

1. **സമാനപദമെഴുതാം.**

   ഉന്മേഷം-ഉണർവ്, വേള-അവസരം, പൊടുന്നനെ-പെട്ടെന്ന്, ബ്ലോട്ടിംഗ് പേപ്പർ-ഈർപ്പം വലിച്ചെടുക്കുന്ന കടലാസ്, പരിചരിക്കുക-ശുശ്രൂഷിക്കുക, അത്യന്താപേക്ഷിതം-അത്യാവശ്യമായത്, പ്രതിപാദിക്കുക-വിവരിക്കുക, മാഹാത്മ്യം-ശ്രേഷ്ഠത, മേന്മ.

2. **ഒറ്റപ്പദമാക്കാം.**

   ജീവിതത്തിന്റെ രീതി - ജീവിതരീതി

   സ്റ്റാമ്പുകളുടെ ശേഖരണം - സ്റ്റാമ്പുശേഖരണം

6. **ചില വിശ്രമകാല വിനോദങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. അവയിൽ നിങ്ങൾക്കിഷ്ടമായത് തെരഞ്ഞെടുത്ത്**

**അവയെപ്പറ്റി കൂടുതലറിയാൻ അഞ്ച് ചോദ്യങ്ങൾ തയ്യാറാക്കൂ.**

1. വായനയ്ക്കുവേണ്ടി പുസ്തകങ്ങൾ കിട്ടുന്നത് എവിടെനിന്നാണ്?
2. ഏതിനം പുസ്തകങ്ങളാണ് വായനക്കായി തിരഞ്ഞെടുക്കേണ്ടത്?
3. വായനകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?
4. വായനശീലമാക്കണമെന്നു പറയുന്നത് എന്തുകൊണ്ട്?
5. കുട്ടികളിൽ വായനാശീലം വളർത്തുന്നതിനുള്ള മാർഗങ്ങൾ എന്തെല്ലാം?

7. **തയ്യാറാക്കിയ ചോദ്യങ്ങൾ ഉൾപ്പെടുത്തി നിങ്ങൾ തെരഞ്ഞെടുത്ത വിനോദത്തെപ്പറ്റി വിവരമുള്ള ഒരാളുമായി നടത്തുന്നസംഭാഷണം എഴുതൂ.**

ചോദ്യം : 1.വായനക്ക് വേണ്ടി പുസ്തകങ്ങൾ കിട്ടുന്നത് എവിടെ നിന്നാണ്?

ഉത്തരം:ബുക്ക് സ്റ്റാളുകളിൽനിന്നും ഗ്രന്ഥശാലകളിൽ നിന്നംവായനയ്ക്ക് പുസ്തകങ്ങൾ കിട്ടും. ബുക്ക് സ്റ്റാളുകളിൽ നിന്നു വിലകൊടുത്ത് വാങ്ങണം. ഗ്രന്ഥശാലകളിൽനിന്ന് പുസ്തകം കിട്ടണമെങ്കിൽ അവിടെ അംഗമായി ചേരണം.

ചോദ്യം : 2.ഏതിനം പുസ്തകങ്ങളാണ് വായനക്കായി തിരഞ്ഞെടുക്കേണ്ടത്?

ഉത്തരം : വായനക്കാരന്റെ താല്പര്യത്തിനനുസരിച്ചാണ് പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നത്. കഥയും കവിതയും നാടകവുംലേഖനവുമെല്ലാംഉൾപ്പെടുന്ന പുസ്തകക്കൂട്ടത്തിൽനിന്ന് ഇഷ്ടമുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കാനുള്ള സൗകര്യം ഇന്ന് പുസ്തകക്കടകളിലും ഗ്രന്ഥശാലകളിലുമുണ്ട്.

ചോദ്യം : 3.വായനകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം?

അറിവിന്റെ വൈവിധ്യമുള്ള മേഖലകളെ പരിചയപ്പെടാനും ഹൃദിസ്ഥമാക്കാനും വായന നമ്മെ സഹായിക്കുന്നു. നമ്മുടെ ഭാഷാപരമായ അറിവ് വർധിക്കുന്നതിനും വായന കാരണമാകുന്നു. ചുരുക്കിപ്പറഞ്ഞാൽ പുസ്തകങ്ങൾ നമ്മുടെ ഗുരുനാഥന്മാരാണ്.

ചോദ്യം : 4.വായനശീലമാക്കണമെന്ന് പറയുന്നത് എന്തുകൊണ്ട്?

നമ്മുടെ അറിവ് വർദ്ധിപ്പിക്കുന്നതിനുള്ള ഒരു നല്ല വഴിയാണ് വായന. അതുകൊണ്ടാണ് വായന ശീലമാക്കണമെന്ന് പറയുന്നത്.

ചോദ്യം 5.കുട്ടികളിൽ വായനാശീലം വളർത്തുന്നതിനുള്ള മാർഗങ്ങൾ എന്തെല്ലാം?

ചിത്രങ്ങളോടുകൂടിയ കഥകളാണ് കുട്ടികൾ കൂടുതലായി ഇഷ്ടപ്പെടുന്നത്. ഇത്തരം പുസ്തകങ്ങൾ കുട്ടികൾക്ക് കൂടുതലായി ലഭ്യമാക്കണം. ക്ലാസ്സുമുറികളിൽത്തന്നെ വായനാമൂലകൾ സജ്ജമാക്കി ബാലമാസികകൾ വായനക്കായി കുട്ടികൾക്ക് നൽകാവുന്നതാണ്. ബാലസാഹിത്യകാരന്മാരുടെ കൃതികൾ വായിച്ച് ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കലും വായനവളർത്തുന്ന ഒരു പ്രവർത്തനമാണ്. ക്ലാസ്സ് മീറ്റിംഗുകളിൽ ഇഷ്ടപ്പെട്ട കഥകൾ, കവിതകൾ എന്നിവയുടെ അവതരണവും ആകാം.

9. **ഒന്നിലധികം പദങ്ങൾ ചേർന്നുള്ള സംയുക്തപദങ്ങൾ കണ്ടെത്തി വികസിപ്പിച്ചെഴുതൂ.**

*മാതൃക:* രസപ്രദമാക്കണമെന്ന് —> രസപ്രദം + ആക്കണം + എന്ന്

തപാലാപ്പീസ് - തപാൽ + ആപ്പീസ്,

വിലയില്ലാതായി - വില + ഇല്ലാതായി

അടർത്തിയെടുക്കാം - അടർത്തി + എടുക്കാം

താളുകൾക്കിടയിൽ - താളുകൾക്ക് + ഇടയിൽ

നിർദ്ദേശിക്കണമെന്നായി - നിർദ്ദേശിക്കാം + എന്നായി

## പാഠം - 14

## മണിക്കുട്ടൻ

1. **സമാനപദമെഴുതാം.**

അങ്കണം-മുറ്റം, ഉതിർന്നു-അടർന്നുവീണു, ബാലമാകന്ദം-തൈമാവ്, ചൊടിച്ചു-കോപിച്ചു,

വദനം-മുഖം, അംബുജം-താമര, കൈതവം-കള്ളം.

2. **പര്യായനിഘണ്ടുവിൽനിന്ന് സമാനപദങ്ങൾ കണ്ടെത്തി എഴുതാം.**

മുഖം - ആനനം, വദനം, ആസ്യം.

താമര - കമലം, അരവിന്ദം, നളിനം.

6. **കവിത പൂർണമാക്കാം. സ്വന്തം വരികൾ കൂട്ടിചേർക്കൂ.**

പൈതലിൻ ഭാവം മാറി;
വദനാംബുജം വാടി:
കൈതവം കാണാക്കണ്ണു
കണ്ണുനീർത്തടാകമായ്
കുഞ്ഞിന്റെ കണ്ണീർ കണ്ടു
അമ്മതൻ ദേഷ്യം മാറി
ചാരത്തു ചെന്നു മെല്ലെതലോടി
കൈത്തലംകൊണ്ട് മിഴിനീരുമൊപ്പി
കവിളത്തു വാത്സല്യയുമ്മ നൽകി

പൈതലിൻ ദു:ഖം മാറ്റി

7. **വാക്യങ്ങൾ ക്രമീകരിച്ചാൽ കവിത ഗദ്യരൂപത്തിലാക്കാം. കവിത ശ്രദ്ധയോടെ വായിച്ച് വാക്യങ്ങൾ ക്രമീകരിക്കൂ.**

മുറ്റത്തു നിൽക്കുന്ന തൈമാവിൽ നിന്ന് ആദ്യത്തെ മാമ്പഴം വീണപ്പോൾ അമ്മയുടെ കണ്ണിൽനിന്ന് ചൂടുള്ള കണ്ണുനീർ അടർന്നുവീണു.

നീണ്ട കാത്തിരിപ്പിനുശേഷം നാലുമാസം മുമ്പ് തൈമാവ് പൂത്ത് ഉണ്ണിമാങ്ങകൾ വിരിഞ്ഞു.

തൈമാവിൽനിന്ന് പൂങ്കുലയും ഒടിച്ചെടുത്ത് പൂത്തിരിയുടെ തെളിച്ചമുള്ള ചിരിയുമായി സന്തോഷിച്ച് മണിക്കുട്ടൻ അമ്മയുടെ അടുത്തെത്തി.

അതു കണ്ടപ്പോൾ അമ്മയ്ക്ക് ദേഷ്യം വന്നു. കുസൃതിക്കാരനായ കുഞ്ഞേ, ഉണ്ണിമാങ്ങകൾ വിരിഞ്ഞപൂവ് നീ ഒടിച്ചുകളഞ്ഞല്ലൊ.

മാമ്പഴം വീഴുന്ന നേരത്ത് ഓടിച്ചെന്ന് എടുക്കേണ്ടവൻ പൂങ്കുല ഒടിച്ചുകളയുന്നത് തല്ലുകൊള്ളാഞ്ഞിട്ടാണ്.

കുട്ടിയുടെ സന്തോഷഭാവം മായുകയും താമരപ്പൂവുപോലെ മനോഹരമായ മുഖം വാടുകയും ചെയ്തു.

കളവുകാണാത്ത ആ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു.

8. **ക്രമീകരിച്ച വാക്യങ്ങൾ ഖണ്ഡികയാക്കി എഴുതൂ.**

മുറ്റത്തു നിൽക്കുന്ന തൈമാവിൽ നിന്ന് ആദ്യത്തെ മാമ്പഴം വീണപ്പോൾ അമ്മയുടെ കണ്ണിൽനിന്ന് ചൂടുള്ള കണ്ണുനീർ അടർന്നുവീണു. നീണ്ട കാത്തിരിപ്പിനുശേഷം നാലുമാസം മുമ്പ് തൈമാവ് പൂത്ത് ഉണ്ണിമാങ്ങകൾ വിരിഞ്ഞു. തൈമാവിൽനിന്ന് പൂങ്കുലയും ഒടിച്ചെടുത്ത് പൂത്തിരിയുടെ തെളിച്ചമുള്ള ചിരിയുമായി സന്തോഷിച്ച് മണിക്കുട്ടൻ അമ്മയുടെ അടുത്തെത്തി. അതു കണ്ടപ്പോൾ അമ്മയ്ക്ക് ദേഷ്യം വന്നു. 'കുസൃതിക്കാരനായ കുഞ്ഞേ, ഉണ്ണിമാങ്ങകൾ വിരിഞ്ഞ പൂവ് നീ ഒടിച്ചുകളഞ്ഞല്ലൊ'.

മാമ്പഴം വീഴുന്ന നേരത്ത് ഓടിച്ചെന്ന് എടുക്കേണ്ടവൻ പൂങ്കുല ഒടിച്ചുകളയുന്നത് തല്ലുകൊള്ളാഞ്ഞിട്ടാണ്.

കുട്ടിയുടെ സന്തോഷഭാവം മായുകയും താമരപോലെ മനോഹരമായ മുഖം വാടുകയും ചെയ്തു.

കളങ്കമില്ലാത്ത ആ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു.

9. **ദുഃഖിതനായ മണിക്കുട്ടൻ അന്ന് തനിക്കുണ്ടായ സങ്കടം ഉറങ്ങാൻ കിടക്കുന്നതിനുമുമ്പ് ഡയറിയിലേക്ക് എഴുതി. മണിക്കുട്ടനായി സങ്കല്പിച്ചുകൊണ്ട് മണിക്കുട്ടന്റെ ഡയറിക്കുറിപ്പു പോലൊന്ന് എഴുതി തയ്യാറാക്കൂ.**

പതിവുപോലെ തൈമാവിന് വെള്ളമൊഴിക്കാനായി ചെന്നപ്പോഴാണ് അതിന്റെ കുഞ്ഞിക്കൊമ്പുകളിൽ പൂക്കുലകൾ കണ്ടത്. അതിലൊന്ന് ഒടിച്ചെടുത്ത് കാണിക്കാനാണ് അമ്മയുടെ അടുത്തെത്തിയത്. പൂങ്കുല ഒടിച്ചതിന് അമ്മ ദേഷ്യപ്പെട്ടപ്പോൾ എനിക്ക് സങ്കടം തോന്നി. അമ്മയുടെ ദേഷ്യമുള്ള മുഖം കാണാൻ ഞാൻ ഇഷ്ടപ്പെടാത്തതു ദു:ഖത്തിനു കാരണമായി. ഇനിയൊരിക്കലും ഇത്തരം അനുഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

10. **പൂത്തിരി കത്തിച്ചപോ**
**ലമ്മലർച്ചെണ്ടൊന്നൊടി-**
**ച്ചാഹ്ലാദിച്ചടുത്തെത്തി.**

വിടർന്ന ചിരിയെയാണ് കത്തിച്ച പൂത്തിരിയായി സങ്കൽപിച്ചിരിക്കുന്നത്.

11. **മണിക്കുട്ടൻ എന്ന കവിത നിങ്ങളുടെ ഭാവനയും ചേർത്ത് പൂർണതയുള്ള കഥയാക്കൂ.**

പുഴവക്കിൽ നീളെ പാടങ്ങളുടെ നടുവിൽ തെങ്ങുകൾ നിരന്നു നിന്നിരുന്നു. പുഴവക്കത്തുള്ള മുളങ്കൂട്ടങ്ങളിലൂടെ ചിലപ്പോഴെത്തുന്ന ഇളംകാറ്റ് മണിക്കുട്ടന്റെ മുറിയിലേക്ക് കുളിരുമായെത്തും. ആ കാറ്റിൽ അവന്റെ മുറിയുടെ ജാലകത്തോട് ചേർന്നുനിൽക്കുന്ന തൈമാവിലകൾ താളം പിടിക്കും. അച്ഛന്റെ ചങ്ങാതി സമ്മാനിച്ചതാണ് ആ തൈമാവ്. നല്ല ഇനം മാവാണത്രെ. ''മണിക്കുട്ടാ തൈമാവിന് വെള്ളമൊഴിച്ചോ?' അച്ഛൻ എന്നും അവനോട് ചോദിക്കും. മണിക്കുട്ടൻ വെള്ളമൊഴിച്ചു കൊടുക്കുക മാത്രമല്ല അതിനു വരുന്ന ഓരോ തളിരിലയും അവന്റെ നിരീക്ഷണ പുസ്തകത്തിൽ രേഖപ്പെടുത്തി വയ്ക്കുന്ന കാര്യം അച്ഛൻ അറിഞ്ഞില്ല. അങ്ങനെ തൈമാവും മണികുട്ടനും അടുത്ത ചങ്ങാതിമാരായി. ചിലപ്പോൾ അവൻ തൈമാവിനോട് സംസാരിക്കുകയും ചെയ്യും. ഒരു ദിവസം പതിവുപോലെ വെള്ളമൊഴിക്കുന്ന സമയത്താണ് മുകളിലെകൊമ്പുകളിൽ പൂക്കുലകൾ അവൻ കണ്ടത്. അതിരറ്റ സന്തോഷത്തോടെ അതിലൊന്ന് ഒടിച്ചെടുത്ത് മാവ് പൂത്തകാര്യം അറിയിക്കുന്നതിന് അമ്മയുടെ അരികിലെത്തി. മണിക്കുട്ടൻ പറയും മുമ്പെ കൈയിലിരിക്കുന്ന പൂങ്കുലകണ്ടപ്പോൾ അമ്മയ്ക്കു ദേഷ്യം വന്നു. മാമ്പഴം വീഴുമ്പോൾ ഓടിച്ചെന്ന് എടുക്കേണ്ടയാൾ പൂവ് നുള്ളികളിക്കുന്നത് തല്ലുകൊള്ളാഞ്ഞിട്ടാണെന്ന് അമ്മ മണിക്കുട്ടനോട് പറഞ്ഞു. അമ്മയുടെ വഴക്കു കേട്ട മണിക്കുട്ടന്റെ കണ്ണുകൾ നിറഞ്ഞു. കാര്യമറിയാതെ അമ്മ വഴക്കു പറഞ്ഞതിൽ അവൻ അതിയായി ദു:ഖിച്ചു. 'മാമ്പഴം

പെറുക്കുവാൻ ഞാൻ വരില്ല' അവൻ അമ്മയോട് കെറുവിച്ചു. കയ്യിലുരുന്ന പൂങ്കുല വാശിയോടെ ദൂരെക്കെറിഞ്ഞു. അവൻ വേഗത്തിൽ മുറിയിൽക്കയറി വാതിലടച്ചു. അവന്റെ നിറഞ്ഞ കണ്ണുകൾ കണ്ടപ്പോൾ അമ്മയ്ക്ക് സങ്കടമായി. വാതിൽ തുറന്ന് കട്ടിലിൽ കിടക്കുന്ന മണിക്കുട്ടന്റെ നെറ്റിയിൽ അവർ തലോടി. പെട്ടെന്ന് അവർ കൈവലിച്ചു. ചുട്ടുപൊള്ളുന്ന പനി. അവർ വല്ലാതെ പരിഭ്രമിച്ചു. നീണ്ടു നീണ്ടുപോയ ചികിത്സകൾക്കൊന്നും മണികുട്ടന്റെ രോഗത്തിനു ശമനമുണ്ടാക്കാൻ കഴിഞ്ഞില്ല. ഇതിനിടയിൽ മാവിൽ ഉണ്ടായ മാങ്ങകൾക്കെല്ലാം സ്വർണനിറമാകാൻ തുടങ്ങി. എങ്ങോനിന്ന് വീശിയ കാറ്റിൽ ചില്ലകൾ കുലുങ്ങി. മാമ്പഴങ്ങൾ വീഴാൻ തുടങ്ങി. ആരും എടുക്കാനില്ലാതെ വീണുകിടക്കുന്ന മാമ്പഴം കണ്ടപ്പോൾ ആ അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി.

## പാഠം - 15
## ഗോപികയ്ക്കൊരു കത്ത്

1. **സമാനപദമെഴുതാം.**

തപാൽ - സന്ദേശങ്ങളും വസ്തുക്കളും പോസ്റ്റോഫീസ് വഴി അയക്കുന്ന സംവിധാനം. ഉരുപ്പടി - മേൽവിലാസക്കാർക്ക് കൊടുക്കുന്നതിനായി തപാൽ ആപ്പീസിൽ എത്തിക്കുന്ന വസ്തുക്കൾ, ദിനം - ദിവസം, രക്ഷിതാവ് -രക്ഷിക്കുന്നവൻ. കൈപ്പറ്റുക - കയ്യിൽ വാങ്ങുക, ആനന്ദം - സന്തോഷം,

2. **പര്യായ നിഘണ്ടുവിൽനിന്ന് സമാനപദങ്ങൾ കണ്ടെത്തി എഴുതാം.**

ദിനം - വാസരം, അഹസ്, ദിവസം
കുട്ടി - പോതം, ശാബകം, ശിശു

3. **വിപരീതപദമെഴുതാം.**

ചെലവ് X വരവ്, വ്യക്തം X അവ്യക്തം,
പൂർണം X അപൂർണം

4. **ഒറ്റപ്പദമാക്കാം.**

കുടുംബത്തിലെ അംഗങ്ങൾ - കുടുംബാംഗങ്ങൾ

5. **നിങ്ങളുടെ ജന്മദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് സുഹൃത്തിനെ ക്ഷണിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കൂ.**

സ്ഥലം
തിയതി

പ്രിയപ്പെട്ട അപ്പുവിന്,

നിനക്ക് സുഖമാണെന്ന് കരുതുന്നു. സ്കൂളിൽ മുടങ്ങാതെ പോകുന്നുണ്ടോ? അച്ഛനും അമ്മയ്ക്കും സുഖമല്ലെ? ജനുവരി 25 ന് എന്റെ ജന്മദിനമാണ്. അന്നു വൈകുന്നേരം 5 ന് വീട്ടിൽവെച്ച് നടക്കുന്ന ചായസൽക്കാരത്തിൽ അപ്പു കുടുംബാംഗങ്ങളോടൊപ്പം പങ്കെടുക്കുവാൻ ക്ഷണിക്കുന്നു. എനിക്കിവിടെ സുഖം തന്നെയാണ്. ബാക്കി കാര്യങ്ങൾ നേരിൽ പറയാം.

സ്നേഹപൂർവം
പേര്.

6. **സമാനപദങ്ങൾ കണ്ടെത്താനുള്ള പദങ്ങളെ അക്ഷരമാലാ ക്രമത്തിലാക്കാം.**

ആനന്ദം, ഉരുപ്പടി, കത്ത്, കൈപ്പറ്റുക, തപാൽ, ദിനം, രക്ഷിതാവ്.

7. **ഒന്നിലധികം പദങ്ങൾ ചേർന്നുണ്ടായ സംയുക്ത പദങ്ങൾ കണ്ടെത്തി വികസിപ്പിച്ചെഴുതൂ.**

തപാലിനെക്കുറിച്ചാണ് - തപാലിനെ + കുറിച്ച് + ആണ്
പെട്ടിയിലിടും - പെട്ടിയിൽ + ഇടും
എനിക്കറിയാം - എനിക്ക് + അറിയാം
തപാലുരുപ്പടികൾ - തപാൽ + ഉരുപ്പടികൾ
കത്തയക്കുമ്പോൾ - കത്ത് + അയക്കുമ്പോൾ
സുഖമാണെന്ന് - സുഖം + ആണെന്ന്

8. **ഒക്ടോബർ 9 - ലോകതപാൽ ദിനം.**

**ഇതുപോലെ പല ദിനങ്ങളും നാം ആഘോഷിക്കാറുണ്ട്. അതിന്റെ തീയതിയും ദിനാചരണത്തിന്റെ പേരും എഴുതി പട്ടിക തയ്യാറാക്കൂ.**

| | | |
|---|---|---|
| ജൂൺ 5 | - | ലോക പരിസ്ഥിതി ദിനം |
| ആഗസ്റ്റ് 15 | - | സ്വാതന്ത്ര്യദിനം |
| ഒക്ടോബർ 2 | - | ഗാന്ധിജയന്തി |
| നവംബർ 14 | - | ശിശുദിനം |
| ജനുവരി 26 | - | റിപ്പബ്ലിക്കദിനം |
| ജനുവരി 30 | - | രക്തസാക്ഷി ദിനം |
| മാർച്ച് 22 | - | ലോക ജലദിനം |

9. **നിങ്ങൾ എഴുതിയ ദിനാചരണങ്ങളിൽ ഏതെങ്കിലും ഒന്നി നെപ്പറ്റി ഒരു വിവരണം തയ്യാറാക്കൂ.**

സ്വാതന്ത്ര്യദിനം: ബ്രിട്ടീഷ് ആധിപത്യത്തിൽനിന്ന് ഭാരതം മോചിതയായത് 1947 ആഗസ്റ്റ് 15 നാണ്. നിരവധി വർഷങ്ങളിലായി നടത്തിയ ത്യാഗപൂർണമായ സമരത്തിനൊടുവിലാണ് സ്വാതന്ത്ര്യദിനം വന്നെത്തിയത്. ആ സുദിനത്തിനു വേണ്ടി ജീവിതം സമർപ്പിച്ചവർ അനവധിയാണ്. ഭാരതത്തിലെ ജനകോടികളെ ഒരു കൊടിക്കീഴിൽ അണിനിരത്തിക്കൊണ്ട് സ്വാതന്ത്ര്യത്തിലേക്ക് നയിച്ച നേതാക്കളിൽ പ്രമുഖനാണ് മഹാത്മാഗാന്ധി. ഇന്നും നാം

അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ വില അറിയണമെങ്കിൽ ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രം മനസ്സിലാക്കണം.

10. **തപാലാപ്പീസിന്റെ പ്രവർത്തനത്തെപ്പറ്റി കൂടുതലറിയാൻ പോസ്റ്റ്മാസ്റ്ററോട് 10 ചോദ്യങ്ങൾ ചോദിക്കൂ. അവ എഴുതി തയ്യാറാക്കൂ.**
    1. പോസ്റ്റോഫീസ് സ്ഥാപിക്കുന്നത് ആരാണ്?
    2. പോസ്റ്റോഫീസിലെ പ്രധാന ചുമതലക്കാരൻ ആരാണ്?
    3. ഒരു പോസ്റ്റോഫീസിൽ എത്ര ജീവനക്കാർ ഉണ്ട്?
    4. ജീവനക്കാർ ഏതെല്ലാം പേരിലാണ് അറിയപ്പെടുന്നത്?
    5. കത്തെഴുതാൻ പോസ്റ്റോഫീസിൽനിന്നു ലഭിക്കുന്ന സാമഗ്രികൾ ഏതൊക്കെയാണ്?
    6. എഴുത്തുപെട്ടിയിൽ ഇടുന്ന കത്തുകൾ എങ്ങനെയാണ് മേൽവിലാസക്കാരന് കിട്ടുന്നത്?
    7. മണി ഓർഡർ അയക്കുന്നത് എങ്ങനെ?
    8. ഒരു വസ്തു ദൂരെയുള്ള ഒരാൾക്ക് അയച്ചുകൊടുക്കണമെങ്കിൽ ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?
    9. പോസ്റ്റുമാൻ കൃത്യമായി കത്തുകളും മറ്റും മേൽവിലാസക്കാരന് എത്തിക്കുന്നതിൽ വീഴ്ചവരുത്തിയാൽ എന്തു ചെയ്യണം?
    10. പോസ്റ്റോഫീസിന്റെ പ്രവർത്തന സമയം എത്രമണിമുതൽ എത്ര മണിവരെയാണ്?

11. **പോസ്റ്റ് മാസ്റ്റർ നിങ്ങളുടെ ചോദ്യങ്ങൾക്ക് നൽകിയ മറുപടി ഉൾപ്പെടുത്തിക്കൊണ്ട് തപാലാപ്പീസിനെപ്പറ്റി ഒരു വിവരണം തയ്യാറാക്കൂ.**

പോസ്റ്റോഫീസിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് തപാൽവകുപ്പ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഒരിടത്ത് തപാൽഓഫീസ് തുടങ്ങുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിനാണ്. ഒരു പ്രദേശത്തെ ജനങ്ങളുടെ എണ്ണത്തെ ആശ്രയിച്ചാണ് ഓരോ പ്രദേശത്തേയും ഓഫീസുകളുടെ പ്രർത്തനസൗകര്യങ്ങൾ ക്രമീകരിക്കുന്നത്. പോസ്റ്റുമാസ്റ്ററാണ് തപാലാഫീസിലെ പ്രധാന ചുമതലക്കാരൻ. സൂപ്രണ്ട്, ക്ലാർക്കുമാർ, പോസ്റ്റൽ ശിപായിമാർ എന്നിങ്ങനെ പല പദവികളിലുള്ള ജീവനക്കാർ പോസ്റ്റോഫീസിൽ പണിയെടുക്കുന്നു. കവർ, ഇൻലന്റ്, കാർഡ്, എന്നിവയാണ് കത്തയക്കാനുള്ള സാമഗ്രികൾ. പോസ്റ്റോഫീസിന്റെ കീഴിലുള്ള പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള എഴുത്തുപെട്ടികളിൽനിന്ന് എല്ലാ പ്രവൃത്തി ദിവസങ്ങളിലും കത്തുകൾ ശേഖരിച്ച് ഓഫീസിൽ കൊണ്ടുവന്ന് സീലടിച്ച് തരംതിരിക്കുന്നു. തുടർന്ന് മറ്റ് പോസ്റ്റോഫീസ് പ്രദേശങ്ങളിലേക്കുള്ള കത്തുകൾ പ്രധാന തപാൽ കേന്ദ്രത്തിൽ എത്തിക്കുകയും അവിടെനിന്ന് അവ നിശ്ചിത കേന്ദ്രങ്ങളിലേക്കെത്തിക്കുകയും ചെയ്യുന്നു. അകലെയുള്ള ഒരാൾക്ക് രൂപ അയച്ചുകൊടുക്കണമെങ്കിൽ നിശ്ചിത ഫാറം പൂരിപ്പിച്ചതും പണവും ക്ലാർക്കിനെ ഏൽപ്പിക്കുമ്പോൾ ഒരു രശീത് അയക്കുന്ന ആൾക്ക് ലഭിക്കുന്നു. മേൽവിലാസക്കാരന് പണം കിട്ടാൻ വൈകുകയോ കിട്ടാതിരിക്കുയൊ ചെയ്താൽ ഈ രശീതിനോടൊപ്പം പരാതി നൽകേണ്ടതാണ്. ഒരു വസ്തു അയക്കുമ്പോൾ അത് ഭദ്രമായി പൊതിഞ്ഞ് കിട്ടേണ്ടയാളുടെ മേൽവിലാസം വ്യക്തമായി എഴുതണം. വസ്തുവിന്റെ തൂക്കത്തിനനുസരിച്ചുള്ള സ്റ്റാമ്പ് ഒട്ടിച്ച് പോസ്റ്റോഫീസിൽ ഏൽപ്പിക്കണം. അപ്പോൾ ലഭിക്കുന്ന രശിത് സൂക്ഷിക്കേണ്ടതാണ്. കൃത്യനിഷ്ടയില്ലാത്ത പോസ്റ്റുമാനെപ്പറ്റിയുള്ള പരാതി വ്യക്തമായ തെളിവു സഹിതം പോസ്റ്റുമാസ്റ്റർക്കാണ് നൽകേണ്ടത്. പോസ്റ്റോഫീസിന്റെ പ്രവർത്തനം രാവിലെ 9 മുതൽ വൈകുന്നേരം 5 മണിവരെയാണ്.

14. **താഴെ കൊടുത്തിരിക്കുന്ന കവറിൽനിന്ന് നിങ്ങൾക്ക് കിട്ടിയ വിവരം എന്താണെന്ന് വ്യക്തമാക്കുന്ന ഒരു കുറിപ്പ് തയ്യാറാക്കൂ.**

എറണാകുളം ജില്ലയിലുള്ളവരാണ് രണ്ടുപേരും. രവിശങ്കർ, ഗോപികയ്ക്കാണ് കത്തയച്ചിരിക്കുന്നത്. ഒരേ പോസ്റ്റോഫീസിന്റെ അതിർത്തിക്കുള്ളിൽ അല്ല രണ്ടുപേരും താമസിക്കുന്നത്.

## പാഠം – 16

## എല്ലാവരും മിത്രങ്ങൾ

1. **സമാനപദമെഴുതാം.**

മിത്രം – ചങ്ങാതി, യവനിക – തിരശ്ശീല, സൂക്കേട് – രോഗം, അശ്രീകരം – വൃത്തികേട്, വിദേശം – അന്യരാജ്യം, പെരുകുക – വർദ്ധിക്കുക

2. **പര്യായനിഘണ്ടുവിൽനിന്ന് സമാനപദങ്ങൾ കണ്ടെത്തി എഴുതാം.**

തവള – ഭേകം, മണ്ഡൂകം, പ്ലവം,
പാമ്പ് – സർപ്പം, ഭുജഗം, വിഷധരം

3. **വിപരീതപദമെഴുതാം.**

ഉപകാരം X ഉപദ്രവം, മിത്രം X ശത്രു, രക്ഷ X ശിക്ഷ

4. **ഒന്നിലധികം പദങ്ങൾ ചേർന്നുണ്ടായ സംയുക്തപദങ്ങൾ കണ്ടെത്തി വികസിപ്പിച്ചെഴുതു.**

നിനക്കൊന്നും – നിനക്ക് + ഒന്നും

അഴുക്കില്ലല്ലോ – അഴുക്ക് + ഇല്ലല്ലോ
അവരെന്നെ – അവർ + എന്നെ
ചാക്കിലാക്കി – ചാക്കിൽ + ആക്കി
തലയില്ലാതെങ്ങനയാ – തല + ഇല്ലാതെ + എങ്ങനെയാ
നിങ്ങൾക്കെന്തുപദ്രവമാണ് – നിങ്ങൾക്ക് + എന്തു + ഉപദ്രവം + ആണ്, അവർക്കെന്റെ– അവർക്ക് + എന്റെ

5. **തവള, പാമ്പ്, കൊതുക്, ഈച്ച എന്നീ ജീവികളെ നിങ്ങൾ കണ്ടിരിക്കുമല്ലൊ. ഓരോ ജീവിയെപ്പറ്റിയും നിങ്ങൾക്കറിയാവുന്നതും അന്വേഷിച്ചറിഞ്ഞതുമായ കാര്യങ്ങൾ ഉൾപ്പെടുത്തി വിവരണം തയ്യാറാക്കു.**

തവള: കരയിലും വെള്ളത്തിലും ജീവിക്കാൻ കഴിയുന്ന ജീവിയാണ് തവള. തലയ്ക്ക് ത്രികോണാകൃതിയാണ്. തൊലിയിലെ ഗ്രന്ഥികളിൽനിന്ന് ഊറിവരുന്ന ദ്രാവകങ്ങൾ കാരണം തവളയുടെ ശരീരം വഴുവഴുപ്പുള്ളതാണ്. തൊലിക്ക് എപ്പോഴും ഈർപ്പമുണ്ടായിരിക്കും. ഷഡ്പദങ്ങൾ, ലാർവകൾ, ചെറിയതരം ഒച്ചുകൾ എന്നിവയാണ് തവളയുടെ മുഖ്യാഹാരം. ഇരപിടിക്കുന്നത് നാക്കുകൊണ്ടാണ്. നാക്ക് നീണ്ടതും പരന്നതും പശയുള്ളതുമാണ്. രണ്ടുതരത്തിലുള്ള ശ്വസനം തവളയിൽ നടക്കുന്നുണ്ട്. കരയിലായിരിക്കുമ്പോൾ ശ്വസനരന്ധ്രങ്ങളിൽകൂടി വായു വലിച്ചെടുത്തുള്ള ശ്വസനവും ജലത്തിലായിരിക്കുമ്പോൾ ശ്വാസകോശത്തിൽകൂടിയുള്ള ശ്വസനവും.

കൊതുക്: ഒരിനം ഷഡ്പദമാണ് കൊതുക്. കടലിലും,ധ്രുവപ്രദേശത്തും മരുഭൂമിയിലും ഒഴികെ എല്ലായിടത്തും കണ്ടുവരുന്നു. കനംകുറഞ്ഞ നീണ്ട ശരീരഘടനയുള്ള ഇതിനു മൂന്നു ജോഡി കാലും ഒരു ജോഡി ചിറകും ഉണ്ട്. പെൺ കൊതുകിന്റെ ആഹാരം രക്തമാണ്. ആൺകൊതുകിന്റേതു ചെടികളുടെ നീരും. പെൺകൊതുകുകൾ വെള്ളത്തിലാണ് മുട്ടയിടുന്നത്. മന്ത്, മലമ്പനി, ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ പരത്തുന്നത് കൊതുകാണ്. കെട്ടികിടക്കുന്ന വെള്ളത്തിൽ മണ്ണെണ്ണയോ കീടനാശിനുയോ തളിച്ചാൽ മുട്ട വിരിഞ്ഞുണ്ടാകുന്ന കൂത്താടികളെ നശിപ്പിക്കാം.

പാമ്പ്: നീണ്ട് ഉരുണ്ട ദേഹം. മുന്നറ്റത്തു തല. മലദ്വാരത്തിനു പുറകിൽ വണ്ണം ക്രമേണ കുറയുന്ന വാല്. ദേഹമാസകലം ചെതുമ്പൽ കൊണ്ട് മൂടിയിട്ടുണ്ട്. പാമ്പുകൾ ഇടയ്ക്കിടക്കു 'പടം' പൊഴിക്കും. ഏറ്റവും വലിയ പാമ്പുകൾ മലമ്പാമ്പുകളാണ്. പാമ്പുകളിൽ ബഹുഭൂരിപക്ഷവും വിഷമില്ലാത്തവയാണ്. മൂർഖൻ, കടൽ മണ്ഡലി, ചേനത്തണ്ടൻ, ചുരുട്ട മണ്ഡലി, മരയണലി തുടങ്ങിയവ വിഷമുള്ളവയാണ്. വിഷപ്പാമ്പുകൾക്ക് വിഷപ്പല്ലും വിഷ സഞ്ചിയും ഉണ്ട്. പാമ്പ് കടിക്കുമ്പോൾ പല്ലിലുള്ള നേരിയ ചാലിൽകൂടി കടിയേൽക്കുന്ന ജീവിയുടെ രക്തത്തിൽ വിഷം കലരുന്നു. അതോടെ ആ ജീവി തളർന്നു പോകുന്നു.

ഈച്ച: പലജാതി ഈച്ചകളുണ്ട് മറ്റ് ഷഡ്പദങ്ങളെപ്പോലെ തല, വക്ഷസ്സ്, ഉദരം എന്നീ മൂന്നു വ്യത്യസ്ത ഭാഗങ്ങളാണ് ഈച്ചയ്ക്കുള്ളത്. ഈച്ചയ്ക്ക് വേഗത്തിൽ കയറാനും ഇറങ്ങാനും ഏറ്റവും മിനുസമുള്ള സ്ഥലത്തുപോലും സഞ്ചരിക്കാനും സാധിക്കും. മനുഷ്യരുടെയും മറ്റു ജന്തുക്കളുടെയും വിസർജ്യങ്ങൾ ചീഞ്ഞളിയുന്ന സസ്യങ്ങളുടെയും ജീവികളുടെയും അവശിഷ്ടങ്ങൾ, വളങ്ങൾ, ചപ്പും ചവറും മറ്റും അഴുകി കൂടിയ കൂമ്പാരങ്ങൾ എന്നിവയിലെല്ലാം ഈച്ചയുണ്ട്. ഉഷ്ണകാലത്ത് അവ വർധിക്കുകയും അതി ശൈത്യക്കാലത്തു നശിക്കുകയും ചെയ്യും. ടൈഫോയിഡ്, കോളറ, ക്ഷയം, അതിസാരം, ആന്ത്രാക്സ് തുടങ്ങിയ രോഗങ്ങൾ പരത്തുന്നത് ഈച്ചയാണ്.

7. **നമുക്ക് ഉപകാരം ചെയ്യുന്ന ധാരാളം ജീവികളുണ്ട്. നാടകത്തിൽ തവളയ്ക്കു പകരം പാമ്പിനെ കഥാപാത്രമാക്കിയാലോ ? മുത്തശ്ശിയും പാമ്പും രാമുവും തമ്മിലുള്ള സംഭാഷണം തയ്യാറാക്കു.**

രാമു : മുത്തശ്ശീ, മുത്തശ്ശീ, ഒരു പാമ്പ്!
മുത്തശ്ശീ : പാമ്പോ? എവിടെ, എവിടെ?
പാമ്പ് : രക്ഷിക്കണേ, രക്ഷിക്കണേ!
മുത്തശ്ശീ : അശ്രീകരം, സന്ധ്യാനേരത്ത്....
പാമ്പ് : രക്ഷിക്കണേ രക്ഷിക്കണേ! ഒരു പട്ടി എന്നെക്കൊല്ലാൻ വരുന്നു.
മുത്തശ്ശീ : നന്നായി, നീ ആളുകളെ കൊല്ലാൻ വിഷവുമായി നടക്കുന്നവനല്ലേ?
പാമ്പ് : അല്ല, ഞാൻ ചേരയാണ്. നിങ്ങളുടെ കൃഷിയും ധാന്യങ്ങളും കിഴങ്ങുകളുമൊക്കെ സംരക്ഷിക്കുന്നത് ഞങ്ങളാണ്.
രാമു : എങ്ങനെ?
പാമ്പ് : ഇവയൊക്കെ തിന്നുതീർക്കുന്ന എലികളെ ഞങ്ങളാണ് തിന്നുതീർക്കുന്നത്. ഇതുകാരണം മനുഷ്യർക്ക് എലിപ്പനിയേയും പേടിക്കേണ്ട.
മുത്തശ്ശീ : അതു ശരിയാ. ചേരപ്പാമ്പുകൾക്ക് വിഷമില്ലെന്നു കേട്ടിട്ടുണ്ട്.

രാമു : പട്ടിയൊക്കെ പോയി. ഇനി പേടിക്കേണ്ട. നിനക്കു പോകാം.

## പാഠം - 17
## എലിക്കുഞ്ഞ്

1. ആരാന്റെ - ആരുടെയൊ, തമ്പുരാൻ - യജമാനൻ, മുക്ക് - മൂല, മുകുടം - മൂന്നുകുടം, കുന്തി - കൂമ്പാരം, പാടം - വയൽ, പരമ്പ് - പനമ്പ്
2. **പര്യായ നിഘണ്ടുവിൽനിന്ന് സമാനപദങ്ങൾ കണ്ടെത്തി എഴുതാം.**
കാള - വൃഷം, ഋഷഭം, ഉക്ഷം.
3. **ഒറ്റപ്പദമാക്കാം.**
പഴുത്ത ചക്ക - പഴച്ചക്ക, കൈതയുടെ പൂവ് - കൈതപ്പൂവ്
4. **നാടൻപാട്ട് വായിച്ച് കഥയാക്കി എഴുതൂ.**
ആഹാരം തേടിയിറങ്ങിയ എലി നെല്ല് അന്വേഷിച്ച് ഒരു വയലിലെത്തി. കറ്റകൾ കൂട്ടിയിട്ടിരിക്കുന്നത് കണ്ട് അവൻ വളരെയധികം സന്തോഷിച്ചു. ആർത്തിയോടെ കതിരിൽനിന്ന് നെല്ല് കരണ്ടുതിന്നുവാൻ തുടങ്ങി. പെട്ടെന്നാണ് അവൻ അനക്കം കേട്ടത്. കൈയിലൊരു വടിയുമായി വയലിന്റെ ഉടമസ്ഥൻ തൊട്ടടുത്ത് നിൽക്കുന്നത് കണ്ട് അവൻ ഭയന്നു വിറച്ചു പോയി. പ്രാണഭയത്തോടെ അവിടെ നിന്നും ഓടി ഒരിടത്തുപോയി ഒളിച്ചു. അവിടെ ഒരു കൈതച്ചെടി മുളച്ചു. ആ തൈച്ചെടിക്ക് മൂന്നുകുടം വെള്ളമൊഴിച്ചപ്പോൾ അതൊരു പൂവ് നൽകി. ആ കൈതപ്പൂവ് ഒരു തട്ടാത്തിപ്പെണ്ണിനു കൊടുത്തപ്പോൾ എലിക്ക് ഒരു ചെറിയ താലി കൊടുത്തു. ആ താലി ചെറുമിക്കു കൊടുത്തപ്പോൾ അതിനു പകരമായി ഒരു പഴുത്ത ചക്ക കൊടുത്തു. പഴുത്ത ചക്ക കൊണ്ടുപോയി അമ്മാവനു കൊടുത്തപ്പോൾ അതിന്റെ മടല് തിരികെ തന്നു. മടല് കാളയ്ക്കു കൊടുത്തപ്പോൾ അത് ചാണകമാണ് തന്നത്. ആ ചാണകം പാടത്ത് വളമായി ചേർത്തപ്പോൾ ഒരു മണി നെല്ലാണ് വയൽ നൽകിയത്. ആ നെൻ മണി കലത്തിലിട്ടു വേവിച്ചു. വേവിച്ച നെല്ല് പനമ്പിൽ ഇട്ട് ഉണക്കി. അങ്ങനെ ഉണങ്ങിയ നെല്ല് ഉരലിലിട്ട് കുത്തി അരിയാക്കി മാറ്റി. ആ അരിമണി കലത്തിലിട്ടു വേവിച്ചപ്പോൾ അത് ചോറായി മാറുകയും ചെയ്തു.
6. **വാർത്തയാക്കാം.**
കോത്താഴം : ഒരു എലിക്കുട്ടി പാടത്ത് നെല്ല് തിന്നു കൊണ്ടിരിക്കുമ്പോൾ ഉടമസ്ഥൻ കാണുകയും എലി ഓടിയൊളിച്ച സ്ഥലത്ത് പെട്ടെന്ന് ഒരു കൈതച്ചെടി മുളക്കുകയും ചെയ്തു. എലിക്കുട്ടി അതിനു വെള്ളമൊഴിച്ചപ്പോൾ ഒരു കൈതപ്പൂവ് അതിനു നൽകി. കൈതപ്പൂവ് തട്ടാത്തിപ്പെണ്ണിനു കൊടുത്തപ്പോൾ അവൾ ഒരു ചെറിയ താലി എലിക്കുട്ടിക്ക് നൽകി. ചെറുതാലി കിട്ടിയ ചെറുമി എലികുട്ടിക്ക് ഒരു പഴച്ചക്ക കൊടുക്കുകയും അത് എലിക്കുട്ടി അമ്മാവനു നൽകി. അമ്മാവൻ അതിന്റെ മടൽ എലിക്ക് നൽകി. മടൽ തിന്ന കാള ചാണകമാണ് കൊടുത്തത്. ചാണകം പാടത്ത് കൊണ്ടുപോയി വളമിട്ടപ്പോൾ നെൽമണിയുണ്ടായി. എലികുഞ്ഞ് നെൽമണി കലത്തിലിട്ടു വേവിച്ചു. പനമ്പിലിട്ടു ഉണക്കുകയും ഉരലിലിട്ടു കുത്തി അരിയാക്കുകയും ചെയ്തു. ആ അരി കലത്തിലിട്ടു. വേവിച്ചു ചോറാക്കി മാറ്റി.
7. **മാറ്റിയെഴുതാം.**
പൂച്ചക്കുട്ടീ പൂച്ചക്കുട്ടീ എങ്ങോട്ടു പോയി
ആരാന്റെ അടുക്കളയിൽ മീനിനു പോയി
മീനിന്റെ ഉടയോത്തി കണ്ടുപിടിച്ചു
ചട്ടുകമുഖത്താലൊരടിയും കിട്ടി.
അടിയുടെ ചൂടിൽ പിടയും നേരം
ആർത്തുചിരിച്ചൊരു മഴ വന്നെത്തി
മഴയോടൊപ്പം ചെറു മീനുകളും
മണ്ണിൽ വീണുപിടയ്ക്കും നേരം
ഓടിച്ചെന്നു വായ തുറന്നപ്പോൾ
ചെറുമീനുകൾ വൻമീനുകളായ്
എന്നെ വിഴുങ്ങാൻ അടുത്തെത്തി.
8. **എലിക്കുഞ്ഞിന്റെ യാത്രയിൽ കണ്ട കാഴ്ചകൾ വിവരണമാക്കി എഴുതൂ.**
ആഹാരം തേടിയിറങ്ങിയ എലിക്കുട്ടി ഒരു വയലിലെത്തി. അവിടെ കറ്റകളുടെ കൂന കണ്ടു. നെല്ലിന്റെ ഉടമസ്ഥൻ വടിയുമായി വരുന്നത് എലിക്കുട്ടി കാണുകയും അടുത്തു കണ്ട മൂലയിൽപോയി ഒളിക്കുകയും ചെയ്തു. അപ്പോൾ അവിടെ ഒരു കൈതച്ചെടി മുളച്ചത് അവൻ കണ്ടു. കൈതച്ചെടികൊടുത്ത പൂവുമായി പോകുമ്പോൾ ഒരു തട്ടാത്തിപ്പെണ്ണിനെ കാണുകയും പൂവ് അവൾക്ക് നൽകുകയും ചെയ്തു. അവൾ കൊടുത്ത ചെറിയ താലിയുമായി പോകുമ്പോൾ ഒരു ചെറുമിയെ കാണുകയും താലി അവൾക്കു കൊടുക്കുകയും ചെയ്തു. അവൾ കൊടുത്ത പഴുത്ത ചക്കയുമായി പോകുമ്പോൾ അമ്മാവനെ കാണുകയും അത് അമ്മാവനു നൽകുകയും ചെയ്തു. അമ്മാവൻ കൊടുത്ത മടലുമായി മടങ്ങിയ എലി വഴിയിൽ ഒരു കാളയെ കണ്ടു. മടലു കിട്ടിയ കാള നൽകിയ

ചാണകവുമായി പോകുമ്പോൾ എലി ഒരു വയൽ കാണുകയും ചാണകം വളമായി ഇടുകയും ചെയ്തു. അപ്പോൾ വയലിൽ നെൻമണി ഉണ്ടായി. അതുമായി പോകുമ്പോൾ കലം കാണുകയും അതിലിട്ട് നെല്ല് വേവിക്കുകയും ചെയ്തു. വേവിച്ച നെല്ലുമായി പോകുമ്പോൾ ഒരു പനമ്പു കാണുകയും പനമ്പിലിട്ട് നെല്ല് ഉണക്കുകയും ചെയ്തു. ഉണങ്ങിയ നെല്ലുമായി പോകുമ്പോൾ ഉരൽ കാണുകയും അതിലിട്ട് നെല്ല് കുത്തി അരിയാക്കുകയും ചെയ്തു. അരിയുമായി പോകുമ്പോൾ ഒരു കലം കാണുകയും അതിലിട്ട അരി വേവിക്കുകയും ചെയ്തു.

**പാഠം – 18**

**പാവപ്പെട്ടവന്റെ ആപ്പിൾ**

1. **സമാനപദമെഴുതാം.**
ഫലം – കായ്, അനായാസം – പ്രയാസമില്ലാതെ, സാദൃശ്യം – സാമ്യം, ഓഷധി – ലതാവൃക്ഷാദികളുടെ ഒരു ജാതി, ഹസ്താകാരം – കൈപ്പത്തിയുടം രൂപം,
ദീപനരസം – ദഹന രസം, പോഷകം – പോഷിപ്പിക്കുന്നത്.
2. **പര്യായ നിഘണ്ടുവിൽ നിന്ന് സമാനപദങ്ങൾ കണ്ടെത്തി എഴുതാം.**
മണ്ണ് – മൃത്ത്, മൃത്തിക, വെണ്ണ – നവനീതം, ദധിസാരം, നവോധൃതം.
3. **ഒറ്റപ്പദമാക്കാം.**
ഹസ്തത്തിന്റെ ആകാരം – ഹസ്താകാരം
പോഷകം കൊണ്ട് സമൃദ്ധം – പോഷക സമൃദ്ധം
വംശത്തിന്റെ വർദ്ധന – വംശവർദ്ധന
4. **സംയുക്ത പദങ്ങൾ കണ്ടെത്തി വികസിപ്പിച്ചെഴുതൂ.**
ഒറ്റത്തടി – ഒറ്റ + തടി,
ഹസ്താകാരത്തിൽ – ഹസ്തം + ആകാരത്തിൽ
പോലുള്ളതാണ് – പോലെ + ഉള്ളത് + ആണ്
6. **പകരം പദമെഴുതൂ.**
സേതു അനായാസം ആ കുന്നിൻമുകളിൽ എത്തിച്ചേർന്നു. പലതരത്തിലുള്ള ഓഷധികൾ അവിടെ ഇടതിങ്ങി വളർന്നുനിൽക്കുന്നത് അവൻ കണ്ടു. പോഷകസമൃദ്ധമായ ഫലങ്ങൾ കായ്ക്കുന്ന പല മരങ്ങളും അവിടെ നിഴൽ പരത്തി നിന്നിരുന്നു. മരത്തണലിൽ ഇരുന്നു സേതു ഓരോ ചെടിയും നിരീക്ഷിച്ചു. വൃക്ഷ സദൃശമായ പല ഓഷധികളും അവന് അവിടെ കാണാൻ കഴിഞ്ഞു.
7. **നേരെയാക്കൂ ക്രമപ്പെടുത്തൂ.**
**ചായ ഉണ്ടാക്കുന്ന വിധം ഒരു പാചകക്കുറിപ്പ് ആക്കാൻ താഴെകൊടുത്ത വരികൾ ക്രമപ്പെടുത്തൂ.**
ചായപ്പാത്രം നന്നായി കഴുകണം. ആറ് കപ്പ് ചായയ്ക്ക് മൂന്ന് കപ്പ് വെള്ളവും മൂന്നു കപ്പ് പാലും ചേർത്ത മിശ്രിതം തിളപ്പിക്കണം. വെള്ളവും പാലും ചേർന്ന മിശ്രിതം തിളച്ചു കഴിയുമ്പോൾ മൂന്നു ടീസ്പൂൺ ചായപ്പൊടി ചേർക്കണം. ചായപ്പൊടി ചേർത്തുകഴിഞ്ഞാൽ ചായപ്പാത്രം ഒരു മിനിറ്റ് അടച്ചുവയ്ക്കണം. അടച്ചുവച്ച ചായ അരിപ്പ ഉപയോഗിച്ച് അരിക്കണം. പഞ്ചസാര ചേർക്കണം. നന്നായി കഴുകിയെടുത്ത കപ്പുകളിൽ ചായ ഒഴിക്കണം.

**പാഠം – 19**

**അത്ഭുത യന്ത്രം**

1. **സമാനപദങ്ങളെഴുതാം.**
ശ്രേഷ്ഠൻ – ഉത്തമൻ, സങ്കീർണം – കൂടിക്കലർന്ന
കാര്യക്ഷമം – പ്രവർത്തനമേന്മ, വ്യതിയാനം – മാറ്റം
ഉചിതം – യോജിച്ചത്, പ്രതികരിക്കുക – പകരം ചെയ്യുക
ചുറുചുറുക്ക് – ഉന്മേഷം, വ്യായാമം – ശരീര അഭ്യാസം
ദാരിദ്ര്യം – ക്ഷാമം, അജ്ഞത – അറിവില്ലായ്മ
നിരസിക്കുക – തള്ളിക്കളയുക.
2. **പര്യായനിഘണ്ടുവിൽനിന്ന് സമാനപദങ്ങൾ കണ്ടെത്താം.**
മനുഷ്യൻ – മർത്ത്യൻ, മനുജ്യൻ, നരൻ
ശരീരം – ഗാത്രം, മേനി, കായം
3. **വിപരീതപദമെഴുതാം.**
സുഖം X അസുഖം
4. **ഒറ്റപ്പദമാക്കാം.**
മനുഷ്യശരീരം, ജീവിതശൈലി
5. **സംയുക്തപദങ്ങൾ പാഠത്തിൽനിന്ന് കണ്ടെത്തി വികസിപ്പിച്ചെഴുതൂ.**
ജീവജാലം – ജീവികളുടെ ജാലം
6. **നിങ്ങളുടെ ശരീരത്തിനുവേണ്ടി ഒരുദിവസം ചെയ്യുന്ന കാര്യങ്ങൾ ക്രമമായി എഴുതി നോക്കൂ.**
ഉറക്കമുണർന്നാൽ പല്ലുതേക്കുന്നു. പ്രാഥമിക കൃത്യങ്ങൾ ചെയ്യുന്നു. വൃത്തിയുള്ള വസ്ത്രം ധരിക്കുന്നു. ഭക്ഷണം കഴിക്കുന്നു. വിനോദങ്ങളിൽ ഏർപ്പെടുന്നു. ഉറങ്ങുന്നു.
7. **രോഗം വരാത്ത മനുഷ്യരില്ല. നിങ്ങൾക്കും അങ്ങനെയൊന്ന് ഉണ്ടായിക്കാണും. രോഗമേത് ? അതിന്റെ ലക്ഷണമെന്ത് ? രോഗം ബാധിച്ചപ്പോൾ നിങ്ങൾക്ക് അനുഭവപ്പെട്ട അസ്വസ്ഥത, രോഗം മാറാൻ കഴിച്ച മരുന്നുകൾ ഇവയൊക്കെ ഓർമിച്ചെഴുതൂ.**

ടൈഫോയ്ഡ്: രോഗാണുക്കൾകൊണ്ടു മലിനമായ വെള്ളത്തിലൂടെയും ആഹാരത്തിലൂടെയുമാണ് ഈ രോഗം പകരുന്നത് ക്ഷീണം, മലബന്ധം, തലവേദന, വിശപ്പില്ലായ്മ, ക്രമേണ വർദ്ധിച്ചുവരുന്ന പനി, മൂക്കിൽനിന്നുള്ള രക്തസ്രാവം തുടങ്ങിയവയാണ് ലക്ഷണങ്ങൾ. രക്തം, മലം, മൂത്രം എന്നിവ പരിശോധിച്ചാണ് രോഗം നിർണയിക്കുന്നത്. പലതരത്തിലുള്ള ഗുളികകളും കുത്തിവയ്പുകളുമാണ് പ്രധാന മരുന്നുകൾ. രോഗം വരാതിരിക്കുന്നതിനു ടൈഫോയ്ഡ് വാക്സിൻ കുത്തിവയ്ക്കാറുണ്ട്.

8. **മദ്യപാനവും പുകവലിയും എങ്ങനെയാണ് ആരോഗ്യത്തെ ബാധിക്കുന്നത്? നിങ്ങളുടെ ഡോക്ടറുമായി അഭിമുഖം നടത്തുന്നതിനാവശ്യമായ ചോദ്യങ്ങൾ (കുറഞ്ഞത് പത്തെണ്ണമെങ്കിലും) എഴുതി തയ്യാറാക്കൂ.**
   1. പുകവലികൊണ്ട് ഏതെല്ലാം അവയവങ്ങൾക്കാണ് ദോഷം ഉണ്ടാകുന്നത്?
   2. പുകവലിമൂലം ഉണ്ടാകുന്ന രോഗങ്ങൾ ഏതെല്ലാം?
   3. പുകവലിശീലം ഒഴിവാക്കുന്നതിനു പ്രത്യേക ചികിത്സയുണ്ടോ?
   4. മദ്യപാനം ശരീരത്തിന്റെ ഏത് അവയവത്തെയാണ് ദോഷകരമായി ബാധിക്കുന്നത്?
   5. മദ്യപാനംമൂലമുണ്ടാകുന്ന രോഗങ്ങൾ ഏതെല്ലാം?
   6. മദ്യപാനശീലം ഒഴിവാക്കുന്നതിനു പ്രത്യേക ചികിത്സയുണ്ടോ?
   7. ഒരാൾ മദ്യത്തിനും സിഗററ്റിനും അടിമയായിത്തീരുന്നത് എങ്ങനെയാണ്?
   8. മദ്യപാനവും പുകവലിയുംമൂലം രോഗിയായിത്തീർന്ന ഒരാളെ ചികിത്സയിലൂടെ രക്ഷിക്കാൻ കഴിയുമൊ?
   9. ഇളംതലമുറയെ ഈ ദുശ്ശീലങ്ങളിൽനിന്ന് എങ്ങനെ രക്ഷിക്കാൻ കഴിയും?
   10. പുകവലിയും മദ്യപാനവും നിയമംമൂലം നിരോധിക്കാൻ കഴിയുമൊ?

9. **പരിസരശുചീകരണം ആരോഗ്യപരിപാലനത്തിന് അത്യാവശ്യമാണ്. നിങ്ങളുടെ വീടും പരിസരവും എങ്ങനെ വൃത്തിയായി സൂക്ഷിക്കുമെന്ന് എഴുതൂ.**

മാലിന്യങ്ങളും മലിനജലവും കെട്ടികിടക്കാതെ പരിസരം സംരക്ഷിക്കും. മാലിന്യങ്ങൾ കമ്പോസ്റ്റ് വളമാക്കി മാറ്റും. വീട്ടുപരിസരത്തു വെള്ളം കെട്ടികിടക്കാനിടയുള്ള ടയർ, ചിരട്ട, ഒഴിഞ്ഞ ടിന്നുകൾ തുടങ്ങിയവയെല്ലാം നീക്കം ചെയ്ത് കൊതുക് വളരാനുള്ള സാഹചര്യം ഇല്ലാതാക്കും. എല്ലാദിവസവും വീട് തൂത്തുവാരുകയും രോഗാണുനാശിനികൾ ഉപയോഗിച്ച് തുടയ്ക്കുകയും ചെയ്യും. വീടിനകത്ത് പാദരക്ഷകൾ ഉപയോഗിക്കുകയില്ല. മുറികളിൽ അനാവശ്യമായി വസ്തുക്കൾ വാരിവലിച്ചിടുകയില്ല.

10. **ദാരിദ്ര്യവും അജ്ഞതയും എങ്ങനെയാണ് നമ്മുടെ ആരോഗ്യത്തെ ബാധിക്കുന്നത് ? എഴുതൂ.**

പോഷകാഹാരത്തിന്റെ കുറവുമൂലം രോഗികളായിമാറുന്ന ധാരാളം പേർ നമ്മുടെ ഇടയിൽ ജീവിക്കുന്നുണ്ട്. അനുയോജ്യമായ ആഹാരം വാങ്ങി കഴിക്കുവാൻ പണമില്ലാത്തതാണ് കാരണം. കാറ്റും വെളിച്ചവും കടക്കുന്ന വീടുകൾ നിർമ്മിക്കാനും ഈ വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് കഴിയുന്നില്ല. കുറഞ്ഞചെലവിൽ എങ്ങനെ മെച്ചപ്പെട്ട ആഹാരം തയ്യാറാക്കാൻ കഴിയുമെന്നുപോലും അവർക്കറിയില്ല. ശരിയായ ആരോഗ്യശീലങ്ങളൊആഹാരശീലങ്ങളൊ പാലിക്കാത്തതിനാൽ ഇവർ രോഗങ്ങൾക്കടിമകളായിത്തീരുന്നു.

12. **പകർച്ചവ്യാധികളെത്തുന്ന വഴി കണ്ടെത്താം. രോഗങ്ങളും അവ പകരുന്ന വഴികളും കണ്ടെത്തി എഴുതൂ.**

അന്തരീക്ഷ മലിനീകരണവും പരിസര മലിനീകരണവും മൂലം ഒട്ടനവധി രോഗങ്ങൾ പകരുന്നു. മാലിന്യങ്ങളിൽ കൊതുകും ഈച്ചയും മുട്ടയിട്ട് പെരുകുകയും മലമ്പനി, മന്ത്, കോളറ, ടൈഫോയ്ഡ് തുടങ്ങിയ പകർച്ചവ്യാധികൾ വ്യാപിക്കാൻ കാരണമായിത്തീരുകയും ചെയ്യുന്നു. മലിനമായ കുടിവെള്ളത്തിലൂടെയും ആഹാരസാധനങ്ങളിലൂടെയും രോഗങ്ങൾ മനുഷ്യനെ ബാധിക്കുന്നു. ചില പകർച്ചവ്യാധികൾ പകരുന്നത് അശ്രദ്ധയും അജ്ഞതയും മൂലമാണ്. ഉപയോഗിച്ച ബ്ലേഡ്, സിറിഞ്ച് എന്നിവയിലൂടെയും മാരകരോഗങ്ങൾ പടരാനുള്ള സാധ്യതയുണ്ട്.

## പാഠം - 20

## കുഞ്ഞേട്ത്തി

1. **സമാനപദമെഴുതാം.**

ഏറെ - കൂടുതൽ, തുമ്പ് - അറ്റം, ആഹ്ലാദം - സന്തോഷം
കാവ് - വൃക്ഷലതാദികൾ വളർന്നു നില്ക്കുന്ന സ്ഥലം
ഈറൻ - നനവ്, കത്തിരിക്ക - കത്തിരിയുടെ കായ്

2. **പര്യായനിഘണ്ടുവിൽ നിന്ന് സമാനപദങ്ങൾ കണ്ടെത്തി എഴുതാം.**

ആന - ഗജം, ദന്തി, കരി. മയിൽ - കേകി, മയൂരം, ബർഹി.
തലമുടി - കചം. കേശം, കുന്തളം.

നെറ്റി - ലലാടം, ഫാലം, അളികം.

3. **ഒറ്റപ്പദമാക്കാം.**

മഞ്ഞൾക്കൊണ്ടുള്ള വരക്കുറി - മഞ്ഞൾ വരക്കുറി,
ഈറനായ മുടി - ഈറൻ മുടി, കുപ്പിയുടെ വള - കുപ്പി വള,
എള്ളെണ്ണയുടെ മണം - എള്ളെണ്ണ മണം.

4. **നിങ്ങളെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന ഒരാൾ ഉണ്ടാകുമല്ലോ. അയാളെപ്പറ്റി ഒരു കവിത എഴുതൂ.**

ഇരുട്ടിനെ മാറ്റുന്ന വെളിച്ചമാണമ്മ
ദു:ഖത്തെയൊപ്പുന്ന തൂവാലയാണമ്മ
സ്നേഹം ചുരത്തുന്ന ദേവിയാണമ്മ
കുളിരുമായൊഴുകുന്ന അരുവിയാണമ്മ
താരാട്ടുപ്പാട്ടിന്റെ ഈണമാമമ്മ
മലരിൽ നിറയുന്ന പൂന്തേനാണമ്മ
മാനത്തുകാണുന്ന അമ്പിളിയാണമ്മ
തണൽ പരത്തുന്ന പൂമരമാണമ്മ.

6. **കവിത വായിച്ച് ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തി എഴുതൂ.**

1. ഉണ്ണിക്കെന്തിനുമേതിന്നും
   കുഞ്ഞേട്ത്തിയെ കൂട്ടുള്ളു
2. ആനേടെ, മയിലിന്റെ, ഒട്ടകത്തിന്റെയും
   ആരും കേൾക്കാത്ത കഥ പറയും!
3. പൊന്നേപ്പോലത്തെ നെറ്റിയിലുണ്ടല്ലോ
   മഞ്ഞൾ വരക്കുറി ചാന്തുപൊട്ടും
4. കുഞ്ഞേട്ത്തിയെത്തന്നെയല്ലോ
   ഉണ്ണിക്കെന്നെന്നുമേറെയിഷ്ടം!
5. ഈറൻമുടിയിലെള്ളെണ്ണ മണം; ചില-
   നേരമാത്തുമ്പത്തൊരു പൂവും!
6. കുഞ്ഞേട്ത്തി പറഞ്ഞുകൊടുക്കുമ്പോൾ
   ഉണ്ണിക്കത്ഭുതമാഹ്ലാദം!
7. മടിയിലിരുത്തീട്ട് മാറോട് ചേർത്തിട്ട്
   മണിമണിപോലെ കഥപറയും
8. കൈയിലൊരറ്റക്കുപ്പിവള; മുഖം
   കണ്ടാൽ കാവിലെ ദേവി തന്നെ!

7. **പ്രവർത്തനം 6ൽ കൊടുത്തിരിക്കുന്ന ആശയങ്ങൾ ക്രമീകരിച്ച് പദ്യം ഗദ്യരൂപത്തിലാക്കൂ.**

ഉണ്ണിക്ക് എപ്പോഴും കുഞ്ഞേട്ത്തിയെ തന്നെയാണ് ഏറ്റവും കൂടുതൽ ഇഷ്ടം. പൊന്നുപോലുള്ള നെറ്റിയിൽ മഞ്ഞൾ വരക്കുറിയും ചാന്തുപൊട്ടുമുണ്ട്. എള്ളെണ്ണ മണമുള്ള നനഞ്ഞമുടിയുടെ അറ്റത്ത് ചിലപ്പോൾ ഒരു പൂവുമുണ്ടാകും. കയ്യിൽ ഒരു കുപ്പിവളമാത്രമുള്ള കുഞ്ഞേട്ത്തിയുടെ മുഖം കാവിലെ ദേവിയുടേതുപോലെയാണ്. മടിയിലിരുത്തി മാറോട് ചേർത്തിട്ട് കുഞ്ഞേട്ത്തി വ്യക്തമായി കഥപറയും. ആനയുടെയും മയിലിന്റെയും ഒട്ടകത്തിന്റെയും ആരും കേൾക്കാത്ത കഥകളാണ് കുഞ്ഞേട്ത്തി പറയുന്നത്. ഉണ്ണിക്ക് കുഞ്ഞേട്ത്തി മാത്രമേ കൂട്ടുള്ളു കുഞ്ഞേട്ത്തി എല്ലാം പറഞ്ഞു. കൊടുക്കുമ്പോൾ ഉണ്ണിക്ക് അത്ഭുതവും സന്തോഷവുമുണ്ടാകും.

9. **ഉണ്ണിക്ക് എല്ലാം പറഞ്ഞുകൊടുക്കുന്നത് കുഞ്ഞേടത്തിയാണ്. ഉണ്ണി ചോദിക്കുന്ന ചോദ്യങ്ങൾക്ക് കുഞ്ഞേടത്തി കൊടുക്കുന്ന മറുപടിയും സംഭാഷണരൂപത്തിൽ സങ്കല്പിച്ചെഴുതൂ.**

ഉണ്ണി : എന്തിനാണ് തുമ്പികൾ പറക്കുന്നത്?
കുഞ്ഞേട്ത്തി : ഉണ്ണിയെ കൊതിപ്പിക്കാൻ വേണ്ടിയാണ്.
ഉണ്ണി : എന്തിനാണ് പൂക്കൾ വിടരുന്നത്?
കുഞ്ഞേട്ത്തി : ഉണ്ണിയെ കാണാൻ വേണ്ടിയാണ്.
ഉണ്ണി : മഴ പെയ്യുന്നത് എങ്ങനെയാണ്?
കുഞ്ഞേട്ത്തി : പുഴയിലെയും കടലിലെയും വെള്ളം വെയിലിന്റെ ചൂടുകൊണ്ട് ആവിയായിത്തീരുകയും അത് തണുക്കുകയും ചെയ്യുമ്പോഴാണ് മഴ പെയ്യുന്നത്.
ഉണ്ണി : വെയിലുണ്ടാകുന്നത് എങ്ങനെയാണ്?
കുഞ്ഞേട്ത്തി : സൂര്യനുദിക്കുമ്പോഴാണ് വെയിലുണ്ടാകുന്നത്.
ഉണ്ണി : ഈ കാണുന്ന മരങ്ങളും ചെടികളുമൊക്കെ എങ്ങനെയാണ് ഉണ്ടായത്?
കുഞ്ഞേട്ത്തി : മഴയും മണ്ണും വായുവും സൂര്യനുമൊക്കെ ചേർന്നാണ് ഇവയെല്ലാം ഉണ്ടാക്കിയത്.
ഉണ്ണി : കുഞ്ഞേട്ത്തിക്ക് ഇതെല്ലാം പറഞ്ഞു തന്നത് ആരാണ്?
കുഞ്ഞേട്ത്തി : പുസ്തകങ്ങൾ വായിച്ചപ്പോഴാണ് ഇതെല്ലാം മനസ്സിലായത്.

## പാഠം - 21

## മലയാളത്തിന്റെ അച്ഛൻ

1. **സമാനപദമെഴുതാം.**

ദക്ഷിണേന്ത്യ - തെക്കേയിന്ത്യ, പള്ളിക്കൂടം - വിദ്യാലയം
കാവ്യം - കവിത, രചിക്കുക - നിർമിക്കുക
ഹൃദ്യം - മനോഹരം, ദൗർബ്ബല്യം - ബലഹീനത
ചിത്രീകരിക്കുക - ചിത്രത്തിലാക്കുക,
സംഗ്രഹിക്കുക - ചുരുക്കുക, ശുഷ്കം - ചുരുങ്ങിയത്
പരിഭാഷ - ഒരു ഭാഷയിൽനിന്നു മറ്റൊരു ഭാഷയിലേക്കുള്ള മൊഴിമാറ്റം.

2. **പര്യായ നിഘണ്ടുവിൽനിന്ന് സമാനപദങ്ങൾ കണ്ടെത്താം.**
അച്ഛൻ - പിതാവ്, താതൻ, ജനകൻ
പുഴ - സരിത്ത്, വാഹിനി, ആറ്,
കിളി - ഖഗം, വിഹഗം, പതംഗം,
പള്ളിക്കൂടം - വിദ്യാലയം, പാഠശാല.
3. **വേർതിരിച്ചെഴുതാം.**
എഴുത്തിന്റെ അച്ഛൻ - എഴുത്തച്ഛൻ
ശിവന്റെ ക്ഷേത്രം - ശിവക്ഷേത്രം
കിളിയുടെ പാട്ട് - കിളിപ്പാട്ട്, കാവ്യത്തിന്റെ രചന - കാവ്യരചന
4. **വിപരീതപദമെഴുതാം.**
ഉപേക്ഷിക്കുക x സ്വീകരിക്കുക.
5. **പാഠം വായിച്ച് പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം ഉൾപ്പെടുത്തി എഴുത്തച്ഛനെപ്പറ്റി ഒരു ചെറുവിവരണം തയ്യാറാക്കൂ.**
മലബാറിൽ തിരൂരിലെ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു സമീപമുള്ള തുഞ്ചൻ പറമ്പിലാണ് അദ്ദേഹം ജനിച്ചത്. സഞ്ചാര പ്രിയനായിരുന്ന അദ്ദേഹം ശോകനാശിനി പുഴയുടെ തീരത്തിന്റെ പ്രകൃതിസൗന്ദര്യവും ശാന്തതയും കണ്ട് അവിടെ ഒരു ആശ്രമം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ പ്രധാന കൃതികൾ അധ്യാത്മരാമായണവും ശ്രീമഹാഭാരതവുമാണ്. മലയാളത്തിൽ കിളിപ്പാട്ടുരീതി ഏറ്റവും ഹൃദ്യമായും ശക്തമായും ഉപയോഗിച്ചത് എഴുത്തച്ഛനാണ്. സംഗ്രഹിക്കേണ്ടിടത്ത് സംഗ്രഹിക്കുക; വിശദീകരിക്കേണ്ടിടത്ത് വിപുലീകരിക്കുക; ശുഷ്ക്ക ഭാഗങ്ങൾ ഉപേക്ഷിക്കുക; ഉചിതമെന്നു തോന്നുന്ന സന്ദർഭങ്ങളിൽ സ്വതന്ത്രഭാവന ഉപയോഗിക്കുക ഇതാണ് എഴുത്തച്ഛൻ പൊതുവേ സ്വീകരിച്ചിട്ടുള്ള പരിഭാഷാരീതി.
6. **അഭ്യാസം 1ലെ പദങ്ങൾ അക്ഷരമാലാക്രമത്തിലാക്കാം.**
കാവ്യം, ചിത്രീകരിക്കുക, ദക്ഷിണേന്ത്യ, ദൗർബല്യം, പള്ളിക്കൂടം, പരിഭാഷ, രചിക്കുക, ശുഷ്ക്കം, സംഗ്രഹിക്കുക, ഹൃദ്യം.
7. **ഒന്നിലധികം പദങ്ങൾ ചേർന്നുണ്ടായ സംയുക്തപദങ്ങൾ കണ്ടെത്തി വികസിപ്പിച്ചെഴുതുക.**
സന്ദർശിക്കാനിടയായി - സന്ദർശിക്കാൻ + ഇടയായി
കിളിപ്പാട്ട് - കിളി + പാട്ട്,
ദൗർബല്യങ്ങളുള്ള - ദൗർബല്യങ്ങൾ + ഉള്ള
8. **നിങ്ങളുടെ അച്ഛനേയും അമ്മയേയും കുറിച്ച് ഓരോ വിവരണം തയ്യാറാക്കണം. അതിനാവശ്യമായ വിവരം ലഭിക്കുന്നതിനുതകുന്ന പത്തു ചോദ്യങ്ങൾ വീതം എഴുതി തയ്യാറാക്കൂ.**
1. അച്ഛന്റെ ജന്മസ്ഥലം എവിടെയാണ്?
2. ജനിച്ച വർഷവും തീയതിയും ഏതാണ്?
3. മാതാപിതാക്കൾ ആരെല്ലാം?
4. കുട്ടിക്കാലത്തെക്കുറിച്ച് വിശദീകരിക്കാമോ?
5. സ്കൂൾ വിദ്യാഭ്യാസം എവിടെയായിരുന്നു?
6. വിശ്രമസമയം എങ്ങനെയാണ് ചിലവഴിച്ചത്?
7. ഇന്നത്തെ പദവിയിൽ എത്തിച്ചേരാൻ ആരാണ് പ്രേരണ നൽകിയത്?
8. ഇതുവരെയുള്ള ജീവിതത്തിൽ തൃപ്തനാണൊ?
9. ഏതെങ്കിലും വിധത്തിൽ സമൂഹവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ടൊ?
10. സമൂഹത്തിനു നൽകിയ സംഭാവന എന്താണ്?

10. **വാല്മീകി രാമായണത്തിൽനിന്ന് രാമനെപ്പറ്റിയുള്ള ഒരു കഥ കണ്ടെത്തി എഴുതൂ. ആ കഥയിൽ നിങ്ങൾക്കിഷ്ടമായ കഥാപാത്രമേത് ? ആ കഥാപാത്രത്തെ ഇഷ്ടപ്പെടാനുണ്ടായ കാരണവും എഴുതൂ.**
വിശ്വമിത്ര മഹർഷി ജനക്ഷേമത്തിനു വേണ്ടി ഒരു യാഗം നടത്താൻ തീരുമാനിച്ചു. ഒരുക്കങ്ങളെല്ലാം പൂർത്തിയായി. അപ്പോഴാണ് രാക്ഷസന്മാരിൽനിന്ന് യാഗം മുടക്കുമെന്ന് ഭീഷണി ഉണ്ടായത്. താടകയുടെ പുത്രന്മാർ യാഗസ്ഥലത്ത് വന്ന് യാഗം മുടക്കുവാൻ ശ്രമം തുടങ്ങി. ഇവരുടെ ഭീഷണിക്ക് അറുതിവരുത്തുന്നതിന് വിശ്വമിത്രമഹർഷി, യുവാവായ രാമന്റെ സഹായം തേടി. വിശ്വമിത്ര മഹർഷിയുടെ അഭ്യർത്ഥന പ്രകാരം രാമനും ലക്ഷമണനും വനത്തിലെത്തി. അവിടെ നടന്ന രാക്ഷസൻമാരുമായുള്ള ഏറ്റുമുട്ടലിൽ താടക കൊല്ലപ്പെട്ടു. അങ്ങനെ രാക്ഷസന്മാരുടെ ഉപദ്രവം ഇല്ലാതാക്കി.

ഇഷ്ടപ്പെട്ട കഥാപാത്രം രാമൻ. രാമൻ നന്മയുടെ പ്രതീകമാണ്.